Sri Krishna Vilasom Reading Room —
Malayinkeel,
19/7/101

# ഭാഷാപോഷിണി

| പുസ്തകം 30 | ൧൧൦൧ ധനു | ലക്കം 5. |
| --- | --- | --- |

## ഈശ്വരപ്രാൎത്ഥന

(ഇരണിയൽ ആർ. വി. നായർ)

വേദത്തിന്നുരുവായി, മന്ത്രമണികൾക്കാഗാരമായ്, സാരമാം-
ബോധത്തിന്നു നിവാസമായ്, നിയമികൾക്കാനന്ദ സന്താനമായ്
സാധുക്കൾക്കൊരു സാധുവായ് വിലസിടും തൽപാദ കല്പദ്രുമം
നാഥാ, മാമക ചിന്തവല്ലി പടരാൻ തക്കോൎന്നമാക്കേണമേ!

## ഉണ്ണുനീലീസന്ദേശവും വെൺമലനാടും (തുടൎച്ച)

(കെ. ജി. കുമാരനുണ്ണിത്താൻ)

മിസ്റ്റർ പിഷാരോടി മേൽപ്രകാരം അഭിപ്രായം ഉദ്ധരിച്ചപ്പോൾ സാരമായ ഒരുസംഗതി അദ്ദേഹം വിസ്മരിച്ചു പോയി. തിരുവിതാംകൂർരാജവംശം മരുമക്കവഴിയാണെന്നുള്ള വസ്തുത അദ്ദേഹം ചിന്തിച്ചിട്ടില്ല. മരുമക്കവഴിയായ കൊല്ലം രാജ്ഞിയിൽ ജയസിംഹനുണ്ടായ സന്താനങ്ങൾക്ക് അദ്ദേഹത്തിന്റെ സ്വത്തിനോ തറവാട്ടിനോ അവകാശമില്ല. അതുപോലെ ജയസിംഹനു തന്റെ മക്കളുടെ സ്വത്തിനും അവകാശമില്ല. മക്കൾവഴിക്കാരല്ലാതെ സവൎണ്ണ്യദാനവിവാഹം പാടില്ല. അതിലും വിശേഷിച്ചു വിവാഹംകൊണ്ടു രാജസ്ഥാനം കിട്ടുകയുമില്ല. കൊല്ലംരാജ്ഞി മരുമക്കവഴിക്കാരിയായിരുന്നു. അല്ലെങ്കിൽ അവരുടെ മക്കളുടെ വംശംമരുമക്കൾവഴിയാവാൻ ന്യായമില്ല. രാജ്ഞി മക്കൾവഴിക്കാരിയായിരുന്നു എന്ന യാതൊരു ലക്ഷ്യവും കാണിക്കുന്നില്ല. കൊല്ലംരാജാവിന്റെ മകളെ പാണ്ഡ്യരാജാവിനു വിവാഹംചെയ്തു കൊടുത്തതായി പറയുന്ന സംഭവം കൊണ്ടു കൊല്ലംരാജാവു മക്കൾവഴിക്കാരനാകണമെന്നില്ല. തിരുവിതാംകൂർരാജാവിന്റെ മകളേയും അപ്രകാരം പൂൎവകാലത്തു വിവാഹം ചെയ്തിട്ടുള്ളതായി ചരിത്രലക്ഷ്യമുണ്ട്. ജയസിംഹൻതന്നെ മരുമക്കൾവഴിക്കാരനായിരുന്നു. ആ സ്ഥിതിക്കു ചിറവായ്സ്വരൂപം സ്ഥാപകനായ ആദിത്യവൎമ്മരാജാവിന്റെ പൂൎവ തറവാടാകാൻ ന്യായമില്ല. അഛന്റെ തറവാടെന്നായാൽ യുക്തിഭംഗവുമില്ല.

ഇനി ആലോചിപ്പാനുള്ളതു, ജയസിംഹന്റെ പൂൎവികന്മാർ യദുവംശക്കാരും പാണ്ഡ്യരാജാവിനാൽ തോല്പിക്കപ്പെട്ടു വിഴിഞ്ഞത്തുനിന്നും പോന്നു പമ്പാതീരത്തിൽ സ്ഥാനമുറപ്പിച്ച വെള്ളാളരോ സാമന്തരോ രാജാക്കന്മാരാണോ എന്നാണ്. യദുവംശം വിഴിഞ്ഞത്തുനിന്നു പമ്പാതീരത്തു വന്നു സ്ഥാനമുറപ്പിച്ചു എന്നു ഊഹിക്കുന്നതിനുപോലും

യാതൊരു ചരിത്രസാക്ഷ്യവും കാണുന്നില്ല. ഉണ്ണുനീലി സന്ദേശത്തിലെ മേൽ ഉദ്ധരിച്ച ശ്ലോകങ്ങളെ മാത്രം ആശ്രയിച്ച് ഇപ്രകാരം ഊഹിച്ചിട്ടുള്ളതാണെന്നു വിചാരിക്കേണ്ടതായിരിക്കുന്നു. ആ ശ്ലോകങ്ങൾകൊണ്ടു ഇപ്രകാരം ഊഹിക്കുന്നതിനു കാരണമില്ലെന്നു വഴിയെ വിവരിക്കുന്നതാണ്. തെക്കൻതിരുവിതാംകൂറിൽ പ്രാചീനകാലം മുതൽ സ്ഥാനമുറപ്പിച്ചിരിക്കുന്ന യദുവംശരാജാക്കന്മാർ വിഴിഞ്ഞം എന്ന കടൽതീരത്തുള്ള ഒരു പട്ടണത്തിൽവച്ചു, തിരുവിതാംകൂറിൽ സ്ഥിരമായി താമസിച്ച് അടക്കിഭരിച്ചിട്ടില്ലാത്തവരും വല്ലകാലത്തും മാത്രം വന്ന് ആക്രമണം നടത്തിയവരും പരദേശിയന്മാരുമായ പാണ്ഡ്യരാജാക്കന്മാരിൽ ഒരാളുമായുണ്ടായ യുദ്ധത്തിൽ തോൽവി പററുകയാൽ അവർ അവിടെനിന്നും പമ്പാതീരത്തേക്ക് ഒരു ചാട്ടം ചാടി "എന്നു പ്രകടിപ്പിക്കുന്ന അഭിപ്രായം സ്വീകരിക്കുന്നതിനു ബലമായ ഇതരതെളിവു വേണ്ടിയിരിക്കുന്നു". രായിര ക്ഷോണിപാലം . . . ചിറവാവീരനെ കണ്ടുപോക എന്ന വാക്യത്തിനു രായിരൻ എന്നയാളുടെ വംശത്തിലുള്ള രാജാവായ ചിറവാസ്വരൂപത്തിലെ രാജാവിനെ കണ്ടുപോക എന്നർത്ഥമുണ്ടാക്കിയതു് എങ്ങിനെ എന്നു മനസ്സിലാകുന്നില്ല. രായിരൻ എന്നു നാമധേയനായ ആ ചിറവാസ്വരൂപത്തിലെ വലിയരാജാവിനെ കാണണമെന്നല്ലാതെ ആ വാക്യത്തിനർത്ഥമുണ്ടെന്നു തോന്നുന്നില്ല. യദുവംശത്തിൽ രായിരൻ എന്നൊരു രാജാവുണ്ടായിരുന്നതായോ, ചിറവാവംശസ്ഥാപകനദ്ദേഹമായിരുന്നെന്നോ പറയുന്നതിനു യാതൊരടിസ്ഥാനവും കാണുന്നില്ല. പാണ്ഡ്യരാജാവിനോടു തോററു പമ്പാതീരത്തിൽ സ്ഥാനമുറപ്പിച്ചതായി പറയുന്ന രാജാവിന്റെ പേർ, രായിര,നെന്നായിരുന്നാൽമാത്രമേ രായിര,ക്ഷോണിപാലന്റെ വംശമാണു ചിറവായ് എന്നു പറവാൻ തരമുള്ളു. ആ സംഗതിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. വിഴിഞ്ഞത്തെ യുദ്ധ ശേഷം യദുവംശ രാജ്യമുപേക്ഷിച്ചു പൊയ്ക്കളഞ്ഞു എങ്കിൽ ജയസിംഹന്റെ കാലത്തിനു മുമ്പു തിരുവനന്തപുരം മുതൽ തെക്കോട്ടുള്ള രാജ്യം പിന്നീടു ഭരിച്ചിരുന്ന രാജവംശം ഏതെന്നു പറയുന്നില്ലാത്തടത്തോളം ജയസിംഹന്റെ കാലം വരെ അവിടം ഭരിച്ചിരുന്നതു യദുവംശരാജാക്കന്മാർ തന്നേ ആയിരുന്നു എന്നനുമാനിക്കുന്നതാണ് യോജിപ്പെന്നു തോന്നുന്നു.

കന്യാകുമാരിക്ഷേത്രത്തിലെ ഒരു ശിലാരേഖയിൽനിന്നു ക്രിസ്തു 12- 10 ശതകത്തിൽ ജീവിച്ചിരുന്ന പരാന്തക പാണ്ഡ്യരാജാവു വിഴിഞ്ഞത്തുവച്ചു യദുവംശരാജാവിനെ തോല്പിച്ചതായും ആ പാണ്ഡ്യരാജാവ് (ക്രൂപക) കൊല്ലം രാജാവിന്റെ മകളെ വിവാഹം ചെയ്തതായും തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിൽ 10 സ്വർണ്ണവിളക്കുകൾ നടയ്ക്കു വെച്ചതായും കാണുന്നു.. (Trav: Arch. series Vol 1 part 111 page 24) ഈ ശിലാരേഖ കൊണ്ടു തോൽപ്പിക്കപ്പെട്ട യദുവംശരാജാവിന്റെ പേരറിവാൻ മാർഗ്ഗമില്ല എന്നുതന്നെയുമല്ല ആ വംശത്തെ ആ ദിക്കിൽ നിന്നും ഓടിച്ചു കളഞ്ഞതായും പറയുന്നില്ല. ക്രിസ്തു 8-ാം ശതകത്തിൽ ഒരു പാണ്ഡ്യരാജാവു തിരുവിതാംകൂറിനെ ആക്രമിച്ചു. അന്നത്തെ യദുവംശരാജാവിനെ യുദ്ധത്തിൽ നിഗ്രഹിച്ചു (I bdl parts X11 and X111 P 1898-ാം ശതകത്തിൽ പാണ്ഡ്യരാജാവു യദുവംശ രാജാവിനെ നിഗ്രഹിച്ചിട്ടും ആ രാജവംശം 12-ാം ശതകംവരെ തിരുവിതാംകൂറിൽതന്നെ വാസമുറപ്പിച്ചു ഭരിച്ചിരുന്നു എങ്കിൽ ആ രാജവംശം പാണ്ഡ്യരാജാക്കന്മാരെ ഭയന്നു നാടു വിട്ടോടുന്ന ഭീരുക്കളല്ലെന്നും ഭയന്നോടുന്നതിനേക്കാൾ യുദ്ധത്തിൽ ഉണ്ടാകാവുന്ന മരണത്തെ മാത്രമേ അവർ സ്വീകരിക്കയുള്ളു എന്നും ആ സ്ഥിതിക്കു 12-ാംശതകത്തിൽ സമുദ്രതീരത്തുള്ള ഒരു പട്ടണത്തിൽ വച്ചുണ്ടായ ഒരു തോൽവികൊണ്ടു് വിസ്തൃതമായ അവരുടെ രാജ്യമൊട്ടുക്ക് ഉപേക്ഷിച്ചു—വിശേഷിച്ചും തിരുവിതാംകൂറിൽ സ്ഥിരതാമസമുറപ്പിക്കാതേയും അതിനു സൌകര്യമില്ലാതേയും ഇരുന്ന പരദേശീയരായ ശത്രുക്കളുടെ നിലയ്ക്ക്—യദുവംശം ഓടിപ്പൊയ്ക്കളഞ്ഞതായി വിശ്വസിക്കാനെളുപ്പമില്ല എന്നു മാത്രമല്ല ആ കാലസ്ഥിതിയ്ക്കു പ്രബലന്മാരായ പല രാജാക്കന്മാരുടെ രാജ്യങ്ങളേ കടന്നു പമ്പാതീരത്തിൽ വന്നെത്തുന്നതിനോ പമ്പാതീരത്തിനധിപതിയായിരുന്ന രാജാവ് ഇവരെ അവിടെ സമാധാനമായി പാർക്കാനനുവദിക്കുന്നതിനോ ന്യായമില്ല. പ്രത്യേകിച്ചും അന്നത്തെ കൊല്ലംരാജാവു പാണ്ഡ്യരാജാവിന്റെ ബന്ധുവും ഭാര്യയുടെ അച്ഛനും കൂടിയായിരുന്ന സ്ഥിതിക്കു് ആ രാജ്യത്തുക്കൂടി ഇവരെ കടത്തി വിട്ടിരിക്കയുമില്ല.

ഇനി ആലോചിപ്പാനുള്ളതു പമ്പാതീരത്തിൽ ഉണ്ടായിരുന്ന ജയസിംഹന്റെ വംശം ചിറവായ്സ്വരൂപക്കാർ ആരെന്നും ഇപ്പോൾ ആ വംശക്കാർ അവിടെ പാർക്കുന്നുണ്ടോ എന്നും

ആണ്. പമ്പാനദിക്കു വടക്കേക്കരയെപ്പററി കവിയുടെ ഉണ്ണുനകളെ നമുക്കാരാഞ്ഞുനോക്കാം. 116-ാം ശ്ലോകത്തിൽ

"എപ്പോഴും നിന്നുടമ കരുതും രായിരക്ഷോണിപാലം
കെൽപ്പാന്നീട്ടും മംറിത ചിറവെംവീരനെക്കണ്ടുപോക"

എന്ന പ്രഃയാഗത്തിനർത്ഥം—"അങ്ങയുടെ ബന്ധുത്വം (ഉടമ്പെടീൽ=സഖ്യം) എന്നു അഗ്രഹിച്ചുകൊണ്ടിരിക്കുന്ന "ചിറവായ്" സ്വരൂപത്തിലെ "രായിര"നാമാവായ രാജാവിനെ കണ്ടിട്ടു പോകണമെന്നേയുള്ളു. 117-ാം ശ്ലോകത്തിൽ ആദ്യവരിയിൽ "കൈതക്കാട്ടെ" എന്നച്ചടിച്ചു കാണുന്ന പാഠം തെററാണ്. "കാരക്കാട്ടെ"എന്നാണ് ശരിയായ പാഠം. ഇന്നും അദിക്കിൽ "കാരക്കാട്ടെ"ന്നു പേരായി ഒരു പുരാതന നായർകുടുംബമുണ്ട്. ടി ശ്ലോകത്തിൽ 3-ാം വരിയിൽ "ചിറവാഴ്ഞ്ഞില്ലമാന്തെൻ തുരുത്തി" എന്നതും ശരിയായ പാഠമല്ല. "ചിറവാഴ്ഞില്ലമാലെൻതുരുത്തി എന്നാണുവേണ്ടതു്. "ചിറവാഴ്ഞില്ലമാം തെൻതുരുത്ത" എന്നതിനർത്ഥമില്ല. ഇല്ല(ഭവനം)മാകുന്ന തുരുത്തെന്നു് അർത്ഥം വരുന്നു. ഇല്ലം തുരുത്താവാൻ പാടില്ലല്ലോ. "ചിറവാഴ്ഞില്ലമാലെൻതുരുത്തി"=ആലന്തുരുത്തിലുള്ള ചിറവാഴ്ഞില്ലം എന്നതിനർത്ഥവുമുണ്ട്. ആ കരയ്ക്കു് ഇന്നും "ആലന്തുരുത്തു്" എന്നാണു പേരു്. ചിറവാഴ്ഞില്ലം കൂട ഇല്ലത്തോട്ട് അടുക്കുമ്പോൾ (അടുക്കുമ്പോൾ)കൂടക്കഴിക=അതോടുകൂടിക്കഴിക. പഴവാറ്=പഴയതറവാടെന്നർത്ഥമില്ല ഉണ്ടെങ്കിലും അക്ഷരന്റെ തറവാടാവാൻ വിരോധവുമില്ല.

പരിമലതുരുത്തിനു വടക്കും പടിഞ്ഞാറും കൂടി പോകുന്ന പുഴയിൽ നിന്നും ഒരു കൈവഴി പരുമലയ്ക്കു വടക്കുപടിഞ്ഞാറുവച്ചു തിരിഞ്ഞു വടക്കുപടിഞ്ഞാറായി ഒഴുകിച്ചെന്നു പുളിക്കീൽ കടവിനു പടിഞ്ഞാറുവെച്ചു പമ്പയുടെ വടക്കേ കൈവഴിയിൽ ചേരുന്നു. ഈ തിരിഞ്ഞുപോകുന്ന കൈവഴിക്കും തെക്കു പന്നായികടവുവഴി പോരുന്ന കൈവഴിക്കും ഇടയ്ക്കുള്ള ഭൂമിയാണ് ആലന്തുരുത്തു്. പടിഞ്ഞാറു നിരണം ഉൾപടെ ആലന്തുരുത്തിനു പടിഞ്ഞാറുഭാഗത്തു കായൽപോലെ വിസ്താരത്തിൽ കിടക്കുന്ന പുഞ്ചപ്പാടമാണ്. ഈ സ്ഥിതിക്കു് ആലന്തുരുത്തു് ഒരു തുരുത്തു് (ദ്വീപ്) ആയിത്തന്നെ ഇരിക്കുന്നു. ആലന്തുരുത്തും നിരണവും തിരുവല്ലാത്താലൂക്കിൽ പഴയ കടപ്ര പ്രവൃത്തിയിൽ ഉൾപ്പെട്ടവയാണ്. പന്നായിക്കടവു കടന്നു വടക്കേക്കര കയറിയാലുടനെ ആലന്തുരുത്തായി കവി വിവരിക്കുന്ന ചിറവായ് സ്വരൂപം ഈ ആലന്തുരുത്തിലാണ്. പന്നായിക്കടവു കടന്നു വടക്കേക്കര കയറിയാലുടനെ ആലന്തുരുത്തിൽ ക്ഷത്രിയരുടെ വകയായി നാലു കോയിക്കലുകൾ ഇന്നും കാണുന്നുണ്ട്. കടവുകഴിഞ്ഞു വടക്കോട്ടു് ഒരു നാലു ഫർലാംഗു പോകുമ്പോൾ വഴിക്കു കിഴക്കുവശം (1) തുളിശാലകോയിക്കൽ കാണാം. വഴിക്കു പടിഞ്ഞാറുവശം (2)വാക്കയിൽ കോയിക്കൽ. അവിടെ നിന്നും രണ്ടു ഫർലാംഗു വടക്കോട്ടു പോകുമ്പോൾ (3)മടിപ്പുറമ്പിൽ കോയിക്കൽ. അവിടെനിന്നും ഒരു ഫർലാംഗു് വടക്കു കിഴക്കു് (4) ഇലഞ്ഞിമന്ത്രക്കോയിക്കൽ. ഈ നാലു കോയിക്കലുകളുടേയും പൊതു സ്ഥാനപ്പേർ ചിറായിക്കൂർ (ചിറവായ്ക്കൂർ) എന്നാണ്. നാലുകുടുംബങ്ങളിലേക്കും മൂപ്പായി വരുന്ന ആളിനു് ശ്രായി (ചിറവായ്)മൂപ്പെന്നാണു് സ്ഥാനപ്പേർ. ആ മൂപ്പുവകയ്ക്കു പൊതുസ്വത്തും ക്ഷേത്രവുമുണ്ടു്. ഈ നാലു കോയിക്കലുകളും പൂർവകാലത്തു ഒരു രാജകുടുംബത്തിൽനിന്നും പിരിഞ്ഞ ശാഖകളാണെന്നുള്ളതിനു തർക്കമില്ല. ഇവയിൽ "തുളിശാല" കോയിക്കൽ അന്യംനിൽക്കയാൽ ചേർത്തല തിരുമുല്ലാടിന്റെ കുടുംബക്കാർക്കു സർക്കാരിൽനിന്നും വസ്തുക്കൾ എടുത്തു കൊടുത്തും മടിപ്പുറമ്പിൽകോയിക്കൽ അന്യംനിൽക്കയാൽ പന്തളംരാജകുടുംബത്തേക്കു ദത്തുമൂലം അവകാശപ്പെടുത്തി കൊടുത്തും. വാക്കയും ഇലഞ്ഞിമന്ത്രയും തമ്മിൽ ഇന്നും പുലവാലായ്മയുണ്ടു്. ഈ രണ്ടു കോയിക്കലുകളിലും ഉള്ള അംഗങ്ങൾ ആദിചിറവായ്സ്വരൂപവഴിക്കുള്ളവരാണ്. ഈ രണ്ടു കോയിക്കലുകളിലെ രാജാക്കന്മാർ ഇന്നത്തെ തിരുവിതാംകൂർ രാജവംശമായ മാവേലിക്കര, എണ്ണക്കാട്ടു് ആദിയായ കൊട്ടാരങ്ങളിൽ പള്ളികെട്ടു കഴിക്കാറുണ്ട്. സന്ദേശത്തിൽ വിവരിച്ചുകാണുന്ന സ്ഥലത്തു (ആലന്തുരുത്തിൽ) തന്നെ ചിറവായ്സ്വരൂപത്തിലെ വംശക്കാർ ഇന്നും ഉള്ളതായി മേൽ വിവരിച്ച സംഗതികൾകൊണ്ടു് സ്പഷ്ടമാകുന്ന സ്ഥിതിക്കു് എലഞ്ഞിമന്ത്ര, വാക്ക ഉൾപ്പെട്ട കോയിക്കലുകളിലെ പൂർവ്വീകനും രായിരനാമാവുമായിരുന്ന "ചിറവായ്" മൂത്തരാജാവിനെ ആണ് കവി 116-ം 117-ം ശ്ലോകങ്ങളിൽ

ഉദ്ദേശിച്ചിട്ടുള്ളതെന്നു വെളിവാകുന്നു. 117-ാം ശ്ലോകത്തിൽ ഉദ്ദേശിച്ചിട്ടുള്ള "കാരക്കാട്ടു" വീട് എലഞ്ഞിമന്ത്രകോയിക്കലിനു് അടുത്തു പടിഞ്ഞാറുവശമാണ്. ഈ വീട്ടുകാർ ഈ കോയിക്കലുളിലെ രാജാക്കന്മാരുടെ മക്കൾവഴിയാൽ പരമ്പരയായി ഉള്ളവരുമാണ്. 118-ാം ശ്ലോകം:-

"വീട്ടുണ്ടല്ലോ തദനുഭവതാ മുമ്പിലായാണി പാർമേൽ
മാടമ്പീ നാമവിടെ വസതാം ധന്യമാകും നിവാസം
മാടം ചെൻറങ്ങുഡുപതികലാം ചൂടി മാതേവരാവാൻ
തേടിൻേറടം പുനരവിടെയും ചെൽക പോരുംദശായാം."

(ഭൂമിക്കലങ്കാരമായും ആകാശമണ്ഡലം വരെ ഉയന്നു ചന്ദ്രനെ സ്പർശിച്ചു (ചൂടി) ശിവനാവാൻ (ചന്ദ്രചൂഡൻ) പോകുന്നുവോ എന്നു തോന്നുന്നവിധം ഉയന്ന സൌധപങ്ക്തികളോട്ടുകൂടിയും ഇരിക്കുന്ന "മാടമ്പി"മാരുടെ ഗൃഹങ്ങൾ മുമ്പിൽ ഉണ്ടു്. സന്ദേശമറിയിച്ചു മടങ്ങിവരുമ്പോൾ (പോകുമ്പോഴായാൽ താമസത്തിനിടയാകുമെന്ന ധ്വനി) ആ വീട്ടുകൾ സന്ദശിച്ചാലും)

ഈ മാടമ്പികളുടെ ഈ വീട്ടുകൾ ഇപ്പോൾ നശിച്ചുപോയി എങ്കിലും "നിരണംവെട്ടിക്കൈയ്മ്മൽ" മുതലായ മാടമ്പികളുടെ വീട്ടുകളും വംശവും ഇന്നും ഈ ലിക്കിലുണ്ടു്. "കണ്ടിയൂർ" മുതൽ "ആലന്തുരുത്തു"വരെ സന്ദേശത്തിൽ വിവരിക്കുന്ന സ്ഥലവർണ്ണനകളെപ്പററി മുകളിൽ വിമശനം ചെയ്തതിൻെറ ഉദ്ദേശം ആ സ്ഥലങ്ങൾ ഇന്നു കാണുന്ന സ്ഥലങ്ങൾ തന്നെയാണെന്നും ആ സ്ഥലങ്ങളെയും വഴികളെയും തുടന്നുകാണുന്ന സ്ഥലമാണു് "ആലന്തുരുത്തി"ൻെറ സ്ഥാനമെന്നും കവി വിവരിക്കുന്ന ചിറവായ് രാജഗൃഹം ആലന്തുരുത്തിൽ ഇന്നുള്ള "എലഞ്ഞിമന്ത്ര" മുതലായ കോയിക്കലുകളുടെ പൂവ്വതറവാടാണെന്നും തെളിയിക്കുന്നതിനായിട്ടാണു്.

മേൽ ഉദ്ധരിച്ച നിരൂപണംകൊണ്ട് എലഞ്ഞിമന്ത്രയുൾപ്പെട്ട കോയിക്കലുകളായ ചിറവാസ്വരൂപത്തിലെ പൂവ്വികനായ കേരളവമ്മാവാണു കൊല്ലംരാജ്ഞിയായ ഉമാദേവിയെ വിവാഹം ചെയ്തതെന്നും അദ്ദേഹം ആ രാജ്ഞിയുടെ പ്രതിപുരുഷനായും തൻെറ മക്കളായ രവിവമ്മചക്രവത്തിയുടെയും ആദിത്യവമ്മസവാംഗനാഥൻെറയും ബാല്യകാലത്തു റീജൻറായും കൊല്ലംരാജ്യം ഭരിക്കയും രാജ്യങ്ങൾ പിടിച്ചടക്കുകയും "ജയസിംഹ"നെന്ന ബിരുദു സ്വീകരിക്കുകയും കൊല്ലംരാജ്യത്തിനു് ആ "ബിരുദു" നാമമായിത്തീരുകയും യദുവംശരാജാക്കന്മാരിൽനിന്നു ചിറയിങ്കീഴിനു തെക്കുള്ള തിരുവിതാംകൂർരാജ്യം പിടിച്ചു ചേക്കുകയും ചെയ്തു എന്നു സ്ഥാപിക്കുന്നതിൽ യുക്തിഭംഗം വരുമെന്നു തോന്നുന്നില്ല. ഇപ്പോൾ ലക്ഷ്മീപുരം, കിളിമാനൂർകൊട്ടാരങ്ങളിലെ കോയിത്തമ്പുരാക്കന്മാരുടെ നിലയിൽ ജയസിംഹൻ ഉമാദേവിയെ വിവാഹംചെയ്തു എന്നേയുള്ളൂ. ആലന്തുരുത്തിലുള്ള ഇന്നത്തെ "ചിറവായ" സ്വരൂപം മരുമക്കവഴിയും ക്ഷത്രിയവംശവുമാണ്. ആ സ്ഥിതിക്കു ജയസിംഹനും ക്ഷത്രിയനും മരുമക്കവഴിക്കാരനുംതന്നെ ആയിരുന്നു എന്നനുമാനിക്കാം. ഉമാദേവിയും മരുമക്കവഴിക്കാരിയായിരുന്നല്ലോ. കൊല്ലം 9-ാംശതകത്തിൽ നമ്മുടെ രാജവംശത്തിലെ "ഉമാറാണി"യുടെ ആൾപ്പേരായി കേരളവമ്മരാജാവു രാജ്യം ഭരിച്ചിരുന്ന വസ്തുതയും സ്മരണീയമാണ്. എന്നാൽ ഇദ്ദേഹം റാണിയുടെ വംശത്തിൽതന്നെ ഉൾപ്പെട്ട കോലത്തിരിശാഖയിലെ അംഗമായിരുന്നു എന്നൊരു വ്യത്യാസമേയുള്ളൂ. ഇത്യാദി ന്യായങ്ങളാൽ യദുവംശം വിഴിഞ്ഞത്തുനിന്നും പമ്പാതീരത്തുവന്നു സ്ഥാനമുറപ്പിച്ചില്ലെന്നും ജയസിംഹൻ യദുവംശത്തിൽപെട്ട സാമന്തനോ വെള്ളാളനോ അല്ലെന്നും യദുവംശം സാമുദായികനിലയിലും ജാതിയിലും രാജസ്ഥാനത്തിലും ജയസിംഹനേക്കാൾ വളരെ താഴ്ന്നപടിയിലായിരുന്നു എന്നും നമ്മുടെ ആധുനികരാജവംശം യദുവംശമല്ലെന്നും കൊല്ലംരാജ്ഞിയുടെ വംശപാരമ്പരയമാണെന്നും യദുവംശം തിരുവിതാങ്കോട്ടേ പ്രാചീന രാജവംശമായിരുന്നു എന്നും അവരേ കീഴടക്കി ആധുനികതിരുവിതാംകൂർരാജവംശം രാജ്യം അടക്കിയശേഷം യദുക്കളുടെ രാജ്യത്തിൻ് അധിപതിയായതുകൊണ്ടു "യദുപതി" എന്നു വിളിക്കപ്പെടാൻ കാരണമായതാണെന്നും യദുവംശം മക്കവഴിക്കാരായിരുന്നു എന്നും അവരുടെ വരവു പാണ്ടിദേശത്തുനിന്നായിരുന്നു എന്നും സ്ഥാപിക്കാവുന്നതാണ്.

ഇനി ആലോചിപ്പാനുള്ളതു കൊല്ലംരാജ്ഞിയായ ഉമാദേവി ഏതു വംശത്തിൽപെട്ടവരായിരുന്നു എന്നാണ്. ക്രിസ്തു: 12-ാം ശതകത്തിന്റെ ആദിമഘട്ടത്തിൽ ജീവിച്ചിരുന്നതായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന "തെൻമധുരാപുരി" (ഇതിൽനിന്നും "വടമധുര" യമുനാതീരത്തെ മധുരയാണെന്നു സ്പഷ്ടമാകുന്നു) യിൽ ജനിച്ച "പരാന്തക" പാണ്ഡ്യരാജാവിനാൽ രേഖപ്പെടുത്തിയിരിക്കുന്ന "കന്യാകുമാരി" ക്ഷേത്രപ്രാകാരത്തിലേ ശിലാരേഖയിൽ ആ രാജാവിന്റെ വിജയങ്ങളെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു:—"ക്രുപകർ കോൻമകൾ കൊട്ടുപ്പുക്കുല വിഴിഞ്ഞതക്കൈക്കൊണ്ടു" (ക്രൂപകരാജാവു മകളെ തനിക്കു (പാണ്ഡ്യരാജാവിനു്) വിവാഹംചെയ്തുകൊടുക്കുകയും പുരാതന വിഴിഞ്ഞംപട്ടണം പിടിച്ചടക്കുകയും ചെയ്തു.) (Tr: Arch: vol: 1 Part ii P. 1) എന്നാൽ ക്രൂപകരാജാവു "തെക്കൻതിരുവിതാംകൂർ" ഭരിച്ചിരുന്ന ഒരു രാജവംശത്തിൽപെട്ട രാജാവാണെന്നു ടി സഞ്ചികയിൽ നോട്ടു ചെയ്തുകാണുന്നു. ഈ അഭിപ്രായം അബദ്ധമാണ്. ക്രൂപകരാജവംശം അന്നത്തെ കൊല്ലംരാജവംശമാണ്. അന്നു തെക്കൻതിരുവിതാംകൂർ ഭരിച്ചിരുന്നതു ആയ് (യദു) വംശരാജാക്കന്മാരാണ്. "വിഴിഞ്ഞം" അവരുടെ കൈവശത്തിലായിരുന്നു എന്നും ആ പട്ടണത്തിൽവെച്ചാണ് അവരും പാണ്ഡ്യരാജാക്കന്മാരുമായി യുദ്ധങ്ങൾ ഉണ്ടായിട്ടുള്ളതെന്നും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. "പരാന്തക" പാണ്ഡ്യനുമുമ്പു "ചാരൻചടയൻ" എന്ന പാണ്ഡ്യരാജാവും "കുലോത്തുംഗ" ചോളരാജാവും ഈ പട്ടണം യുദ്ധത്തിൽ പിടിച്ചടക്കിയിട്ടുണ്ട്. (1bid)

തിരുവിതാംകൂർ സ്റ്റേററ്മാനുവൽ 1-ാം വാല്യം 216-ാം പുറത്തു പറയുന്നതാവിതു്:— "കേരളോല്പത്തി" പ്രകാരം പരശുരാമക്ഷേത്രം (രാജ്യം) പ്രാചീനകാലത്തു നാലു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

1. തുളുഖണ്ഡം—ഗോകർണ്ണംമുതൽ പെരുമ്പുഴ വരെയുള്ള സ്ഥലം.
2. ക്രൂപഖണ്ഡം—പെരുമ്പുഴമുതൽ കോട്ടാനദി വരെയുള്ള സ്ഥലം.
3. കേരളഖണ്ഡം—പുതുപട്ടണംമുതൽ "കണ്ണേററി" (കരുനാഗപ്പള്ളിതാലൂക്കിൽ) വരെയുള്ള സ്ഥലം.
4. മൂഷികഖണ്ഡം—കണ്ണേററിമുതൽ കന്യാകുമാരിവരെയുള്ള സ്ഥലം.

ഈ വിഭാഗംകൊണ്ടു കൊല്ലവും അതിനു തെക്കുള്ള ദേശങ്ങളും മൂഷികഖണ്ഡമായിരിക്കുന്ന സ്ഥിതിക്കു കൊല്ലം ക്രൂപകരാജ്യമാവാൻ തരമില്ലല്ലൊ. പിന്നെ കൊല്ലംരാജ്ഞിക്കു് ആ പേരു സിദ്ധിക്കാൻ കാരണമെന്തെന്നാലോചിക്കാം. ക്രൂപകഖണ്ഡത്തിൽ കോലത്തുനാടടങ്ങിയ വടക്കേമലയാളം ഉൾപ്പെട്ടുവരുന്നു. അന്നത്തേ കോലത്തിരിയുടെ രാജ്യം ഇപ്പോഴുള്ള കോലത്തുനാടു കഴിഞ്ഞു വടക്കോട്ടും തെക്കോട്ടും വ്യാപിച്ചിരുന്നു. അന്നത്തെ കൊല്ലംരാജവംശം കോലത്തിരിയുടെ വംശത്തിലെ ഒരു ശാഖയായിരിപ്പാൻ ന്യായമുണ്ടു്. ആധുനികതിരുവിതാംകൂർരാജവംശം കോലത്തിരിയുടെ വംശമായിരിക്കുന്ന സ്ഥിതിക്കു കൊല്ലംരാജ്ഞിയും കോലത്തിരിവംശജയായിരിക്കണം. ആ രാജ്ഞിയുടെയും കോലത്തുനാട്ടിലെ ദത്തുകളിലും ഉണ്ടായ സന്താനപരമ്പരയാണു തിരുവിതാംകൂർ രാജവംശം. കോലത്തിരിവംശജയാകയാലാണു കൊല്ലംരാജ്ഞിക്കു "ക്രൂപക" രാജ്ഞിയെന്നു പേരു വന്നതു്. കോലത്തിരിവംശം തെക്കോട്ടു വ്യാപിച്ചു കൊല്ലം വരെ പല ശാഖകളും സ്വരൂപങ്ങളുമായി അന്നു പല രാജ്യങ്ങളും ഭരിച്ചിരിക്കണം. മാവേലിക്കര, കായംകുളം മുതലായ സ്വരൂപങ്ങളും കൊല്ലം, കൊട്ടാരക്കര, തിരുവിതാംകൂർരാജകുടുംബങ്ങളും (രവിവർമ്മചക്രവർത്തിയുടെയും ആദിത്യവർമ്മയുടെയും കാലശേഷം തിരുവിതാംകൂർരാജവംശം കൊല്ലം (ദേശിങ്ങനാടു) തിരുവിതാംകൂർ ഇങ്ങനെ രണ്ടു സ്വരൂപങ്ങളായി പിരിഞ്ഞു സ്വതന്ത്രരായി രാജ്യഭാരം നടത്തിയിരുന്നു. ആ നിലയിൽ ഭരിച്ചുവന്ന കൊല്ലംരാജാവിനെയാണു മാർത്താണ്ഡവർമ്മരാജാവു് തോല്പിച്ചു കൊല്ലം പിടിച്ചു തിരുവിതാംകോട്ടേക്കടക്കിയതു്. തമ്മിൽ പല ദത്തുകളും ഉണ്ടായിട്ടുണ്ടെന്നു ചരിത്രപ്രസിദ്ധമാണ്. തിരുവിതാംകൂറും കൊല്ലവും കോലത്തിരിയും രാജവംശങ്ങൾ ഒരേ രാജകുടുംബമല്ലായിരുന്നു എങ്കിൽ തിരുവിതാംകൂറും കോലത്തുനാടും തമ്മിൽ ഒരു കുടുംബമായി കഴിയുന്നതിനോ ദത്തുകൾ നടക്കുന്നതിനോ കാരണം ഉണ്ടാകയില്ല. കൊല്ലവർഷം 480-ൽ കോലത്തുനാട്ടുരാജകുടുംബത്തിൽനിന്നും തിരുവിതാംകൂർ ആദിത്യവർമ്മരാജാവു് (ജയസിംഹന്റെ മകനും രവിവർമ്മചക്രവർത്തിയുടെ അനുജനും സന്ദേശഹരനുമായ

സവ്വാംഗനാഥ ആദിത്യവമ്മരാജാവു തന്നെ) രണ്ടു രാജ്ഞിമാരെ ദത്തെടുക്കുകയും ആററുങ്ങൽകൊട്ടാരം പണിയിച്ചു് അവരേ ആററുങ്ങൽമൂത്തതമ്പുരാൻ, ഇളയതമ്പുരാൻ എന്ന സ്ഥാനപ്പേരുകളിൽ പാപ്പിക്കയും ആററുങ്ങൽ ഇടക്കോട്ടുദേശങ്ങൾ അവക്കു സ്വന്തമായി അവരുടെ ചെലവിലേക്കു വിട്ടുകൊടുക്കുകയും ചെയ്തു. (ആ ശാഖയ്ക്കു ചിറവായ്സ്വരൂപമെന്ന സ്ഥാനപ്പേർ ഉപയോഗിച്ചുഎങ്കിൽ അതു അഛൻ ജയസിംഹൻെറ വംശത്തോടുള്ള ഭക്തിബഹുമാനങ്ങളാൽ അദ്ദേഹത്തിൻെറ തറവാട്ടുപേരു സ്വീകരിച്ചതായിരിക്കണം.) (Ibid P 260) കൊല്ലമാണു ക്രൂപകരാജാക്കന്മാരുടെ വാസസ്ഥാനമെന്നു് ഉണ്ണുനീലിസന്ദേശം പൂവ്വഭാഗം 68-ാം ശ്ലോകത്തിൽ കൊല്ലത്തെപ്പററി പറയുന്ന ഘട്ടംകൊണ്ടു തെളിയുന്നു:—

"വേഗേനത്വം വടിവിൽ നടകൊണ്ടങ്ങു മുൽപ്പാട്ടു മേവും
കാളീം ദേവീം തൊഴുതു പുഴയും പിന്നെ നീ പിന്നിലാക്കി
കോളംബാഖ്യാം നിജ കുലപുരീം ക്രൂപകാധീശ്വരാണാം
നാളൊൻറുക്കേ സമുദയവതീം കാൺക സവ്വാംഗനാഥ"

(തുടരും)

# ബാലാങ്കണം.

## സ്വാശ്രയം.

(എം. എൻ.)

'സ്വാശ്രയശീലവരെ ദൈവം സഹായിക്കും' എന്ന വാക്യശകലത്തിൽ 'കുടുകിൽ കടലെന്നപോലെ' മനുഷ്യസമുദായത്തിൻെറ അതിദീർഘകാലത്തെ അനുഭവം അന്തർഭവിച്ചിരിക്കുന്നു. വ്യക്തിയുടെ യഥാത്ഥമായ ഉയച്ചയ്ക്കു സവ്വപ്രധാനമായ നിദാനം സ്വാശ്രയബുദ്ധിയാണു്. സ്വയംസഹായമാണു് സവ്വാഭീഷ്ടസംദായകമായ കല്പവൃക്ഷമെന്നു വിശ്വസിച്ചു് തൽസരണിയിലൂടെ സഞ്ചരിക്കുന്നവക്കു ലോകോത്തരമായ ഔന്നത്യം ഹസ്തഗതമാകുമെന്നുള്ളതിനു മഹാന്മാരുടെ പവിത്രചരിത്രങ്ങൾ സാക്ഷ്യംവഹിക്കുന്നു. രാജ്യത്തിൻെറയോ, സമുദായത്തിൻെറയോ അഭിവൃദ്ധിയുടെ അടിസ്ഥാനവും മറെറാന്നുമല്ല. അന്യരിൽനിന്നും സിദ്ധിക്കുന്ന സഹായം ഒരുത്തൻെറ സ്വാശ്രയശക്തിയെ പാടേ വിഘാതനം ചെയ്യുന്നതിനാണു് പ്രയോജകീഭവിക്കുന്നതു്. രാഷ്ട്രീയമോ, സാമുദായികമോ ആയ അഭ്യുന്നതിക്കുവേണ്ടി ചെയ്യുന്ന ശ്രമം വാസ്തവത്തിൽ വ്യക്തിപരമായ സ്വാശ്രയശീലത്തെ ശിഥിലീകൃതമാക്കിച്ചെയ്യുന്നു. ഒരു കുട്ടിയുടെ സകല ആവശ്യങ്ങളും അന്യന്മാർ നിവ്വഹിച്ചുകൊടുക്കുന്നപക്ഷം ആ കുട്ടി ഭാവിയിൽ സ്വശക്തിയില്ലാത്തവനായിത്തീരുന്നതിൽ അതിശയിപ്പാനുണ്ടോ? ധനവാന്മാരുടെയും പ്രസിദ്ധന്മാരുടെയും സന്താനങ്ങൾ പ്രായേണ മന്ദബുദ്ധികളോ കൃത്യനിവ്വഹണത്തിൽ അശക്തന്മാരോ ആണെന്നു് ആലോചിച്ചാൽ അറിയാവുന്നതാണു്.

ഏററവുംനല്ല രീതിയിൽ നടത്തുന്ന സ്ഥാപനങ്ങൾപോലും വ്യക്തിപരമായ ഉയച്ചയ്ക്കു വിഘാതമാണെന്നു വിചിന്തകന്മാർ സംവദിക്കുന്നതാണു്. ഓരോരുത്തനെയും സ്വയം വളരുന്നതിനു് അനുവദിക്കുകയാണു് അത്യുത്തമം. നാം സംഘടനകളുടെ ശക്തിയിൽ അധികം വിശ്വസിക്കുകയും, മനുഷ്യൻെറ വ്യക്തിപരമായ വളച്ചയെക്കുറിച്ചു വേണ്ടപോലെ വിചാരിക്കാതിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ അഭിവൃദ്ധിയും ഐശ്വര്യവും സ്വന്തം പ്രയത്നത്തെയല്ല, സ്ഥാപനങ്ങളുടെ പ്രവത്തനത്തിലാണു് സ്ഥിതിചെയ്യുന്നതെന്നു മനുഷ്യർ പൊതുവേ തെററിദ്ധരിച്ചുവരുന്നുണ്ടു്. തൽഫലമായി, നിയമത്തിനു മനുഷ്യസമുദായത്തിൻെറ അഭിവൃദ്ധിയിൽ അപ്രതിഹതമായ ഒരു സ്ഥാനമുണ്ടെന്നു വന്നുകൂടിയിരിക്കുന്നു. മൂന്നുവർഷത്തിലൊരിക്കൽ ജനസംഖ്യയിൽ ഇരുപതോ ഇരുപത്തഞ്ചോ ശതമാനം ആളുകൾക്കൂടി നിയമസഭാസാമാജികനായി ഒരാളെ തിരഞ്ഞെടുത്തയച്ചാൽ നമ്മുടെ കത്തവ്യകമ്മം അവസാനിച്ചു എന്നും, നിയമസമിതി നിമ്മിക്കുന്ന ചട്ടങ്ങൾ നമ്മുടെ ജീവിതഗതിയെ നിർബാധമായ മാഗ്ഗത്തിൽക്കൂടെ നിയന്ത്രിച്ചുകൊള്ളുമെന്നും വിശ്വസിക്കുന്നതു വിഡ്ഢിത്തമല്ലെങ്കിൽ മറെറന്താണു്? എന്നുമാത്രമല്ല, സക്കാരിൻെറ കൃത്യനിവ്വഹണസൌകര്യം പ

രിമിതവും അപൂൎണ്ണവുമാണെന്നു ക്രമേണ നാം അറിയുകയുംചെയ്യുന്നു. ഇതിനുള്ള കാരണം സൎക്കാരിന്റെ പ്രമതല ജീവൻ, സ്വാതന്ത്ര്യം, വസ്തുവകകൾ മുതലായവയുടെ സംരക്ഷണം മാത്രമായതാണ്. ബുദ്ധിപൂൎവ്വം നിൎമ്മിച്ചിട്ടുള്ള നിയമങ്ങൾ, മനുഷ്യന്റെ പ്രയത്നഫലങ്ങൾ പരന്മാരിൽനിന്നുമുള്ള ഉപദ്രവംകൂടാതെ അനുഭവിക്കുവാൻ നമ്മെ ഏറെക്കുറെ ശക്തന്മാരാക്കുന്നുണ്ടെന്നു സമ്മതിക്കാം. എന്നാൽ എത്ര ഉൽകൃഷ്ടമായ നിയമത്തിനും അലസനേ, വ്യവസായിയോ, അമിതവ്യയാസക്തനോ, മിതവ്യയതല്പരനോ, ദുൎവൃത്തനോ, സദ്വൃത്തനോ ആക്കിത്തീൎക്കുന്നതിന് ഒരിക്കലും സാധിക്കുന്നതല്ല. ഇത്തരം ദുരാചാരങ്ങൾ ദൂരീകരിക്കുന്നതിനു വ്യക്തിപരമായ സ്വഭാവവൈശിഷ്ട്യവും ഉൽകൃഷ്ടാദൎശവുമല്ലാതെ മഹത്തായ രാഷ്ട്രീയാവകാശങ്ങളോ, സാമുദായികാധികാരങ്ങളോ പ്രയോജകീഭവിക്കുന്നതല്ലെന്നു സൎവ്വദാ സ്മരിക്കേണ്ടതാണ്.

സൎക്കാർ എന്നതു രാഷ്ട്രത്തിലെ വ്യക്തികളുടെ സ്വഭാവം പ്രകടമായി പ്രതിഫലിക്കുന്ന ഒരു സ്ഥാപനമാണ്. സൎക്കാരിന്റെ നില ജനങ്ങളുടെ മനഃസ്ഥിതിയേക്കാൾ ഉയൎന്നതാണെങ്കിൽ അതിന് അധഃപതനമുണ്ടാകുമെന്നുള്ളതു് അവിതൎക്കിതമാകുന്നു. ജനങ്ങളുടെ മനഃസ്ഥിതിയേക്കാൾ സൎക്കാരിന്റെ നില താഴ്ന്നപടിയിലാണെങ്കിൽ അതിനു ക്രമേണ ഉയൎച്ച ഉണ്ടാകുമെന്നുള്ളതും വിവാദരഹിതമാണ്. വെള്ളം എപ്പോഴും താഴ്ന്നപ്രദേശത്തു സ്ഥിതിചെയ്യുമെന്നതു പ്രകൃതിയുടെ നിയമമാകുന്നു. അതുപോലെതന്നെ, ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ സാമാന്യസ്വഭാവം അവരുടെ ഭരണവ്യവസ്ഥയിലും നിയമഘടനയിലും പൂൎണ്ണമായി പ്രത്യക്ഷപ്പെടുന്നതാണ്. ഒരു രാജ്യത്തിന്റെ പ്രസിദ്ധിയും പ്രാബല്യവും ഭരണവ്യവസ്ഥയേയല്ല, പ്രസ്തുത വ്യക്തികളുടെ സ്വഭാവത്തേയാണ് പ്രഥമമായും പ്രധാനമായും ആശ്രയിച്ചിരിക്കുന്നതു്. ഒരു രാഷ്ട്രം എന്നു പറയുന്നതു വ്യക്തികളുടെ സമൂഹത്തെയാണല്ലോ. പരിഷ്കാരം അഥവാ അഭിവൃദ്ധി എന്നതോ, സമുദായത്തിലെ ആബാലവൃദ്ധംജനങ്ങളുടെ വ്യക്തിപരമായ ഉയൎച്ചയും ഉണൎച്ചയുമാകുന്നു.

രാഷ്ട്രത്തിന്റെ അഭിവൃദ്ധി വ്യക്തിയുടെ നിസ്തന്ദ്രത, ആൎജ്ജവം, സ്വാശ്രയം ഇവയുടെ ഏകോപിച്ചുള്ള ഫലമായിരിക്കുന്നതുപോലെതന്നെ അതിന്റെ അധഃപതനകാരണം വ്യക്തിയുടെ അലസത, സ്വാൎത്ഥതല്പരത, ദുരാചാരാസക്തി മുതലായവയാകുന്നു. സാമൂഹികദുരാചാരമായി നാം പരിഗണിച്ചുവരുന്ന മിക്കതും വ്യക്തികളുടെ നിത്യജീവിതത്തിന്റെ പ്രതിഫലനമാണല്ലൊ. ഇവയെ നിയമംകൊണ്ടു നീക്കുവാൻ സാധിക്കുന്നതല്ല. സ്വഭാവവും നടത്തയും നന്നാകുന്നതുവരെ ഇത്തരം ദുരാചാരങ്ങൾ സമുദായമദ്ധ്യത്തിൽനിന്നും ദൂരീകരിക്കുക അശക്യമാകുന്നു. ഈ അഭിപ്രായം അൎത്ഥവത്താണെന്നു സംവദിക്കുന്നപക്ഷം, ഉന്നതമായ സ്വദേശാഭിമാനവിലാസം, പരോപകാരതല്പരത മുതലായവ ഉണ്ടാകുന്നതു നിയമത്തെ പരിഷ്കരിക്കയോ, ബഹിഷ്കരിക്കയോ ചെയ്യുന്നതുകൊണ്ടല്ലെന്നും, നേരേമറിച്ചു മനുഷ്യരെ വ്യക്തിപരമായ സംസ്കരണത്തിനു സന്നദ്ധമാക്കുന്നതുകൊണ്ടാണെന്നും സിദ്ധിക്കുന്നു.

ബാഹ്യമായ ഭരണം ഒരു മനുഷ്യനെസംബന്ധിച്ചിടത്തോളം താരതമ്യേന ത്യാജ്യകോടിയിൽ ഗണിക്കേണ്ടതാണെന്നും, സൎവ്വപ്രധാനമായതു് ആഭ്യന്തരഭരണമാണെന്നും ഇപ്പോൾ സ്പഷ്ടമായിരിക്കുമെന്നു തോന്നുന്നു. ഏററവും നികൃഷ്ടമായ അടിമത്തം ഒരു സ്വേച്ഛാപ്രഭുവിന്റെ ഭരണസീമയിൽ ജീവിക്കുന്നതുകൊണ്ടല്ല ഉണ്ടാകുന്നതു്. പിന്നെയോ, അസാന്മാൎഗ്ഗികപരവും, സ്വാൎത്ഥസമ്പൂൎണ്ണവും, ദുരാചാരബഹുലവുമായ ഒരു ജീവിതരീതി കൈക്കൊള്ളുന്നതിൽനിന്നാണ് ഉത്ഭവിക്കുന്നതു്. ദാസ്യജീവിതം ശീലിച്ചിട്ടുള്ള രാഷ്ട്രങ്ങളെ ഉയൎത്തുന്നതിനു ഭരണാധികാരികളെ മാററിനിശ്ചയിക്കുകയോ, ഭരണവ്യവസ്ഥകളെ പരിഷ്കരിക്കുകയോ ചെയ്യുന്നതുകൊണ്ടുമാത്രം മതിയാകുന്നതല്ല. സ്വാതന്ത്ര്യത്തിന്റെയും സ്വാഭിമാനത്തിന്റെയും അടിസ്ഥാനം വ്യക്തിപരമായ സ്വഭാവത്തിൽ സംസ്ഥാപിച്ചിരിക്കുന്നു.

"ആത്മൈവഹ്യാത്മനോ ബന്ധു-
രാത്മൈവ രിപുരാത്മനഃ" എന്നാണല്ലോ ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ ഉപദേശിച്ചിട്ടുള്ളതും.

ലോകോൽകൎഷത്തിന് ഇന്നു മനുഷ്യർ ചെയ്യുന്ന യത്നം മിക്കവാറും ഫലശൂന്യമായിത്തീരുന്നു. രാജ്യഭരണവ്യവസ്ഥ തൃപ്തികരമായാൽ എല്ലാം ആശാസ്യമാകുമെന്നാണ് പൊ

ത്തുജനാഭിപ്രായം. ഇതിൻെറ അത്ഥം, എല്ലാജനങ്ങൾക്കുവേണ്ടി അവരാൽ കത്തവ്യമായി ഒന്നുമില്ല എന്നാണ്. സമുദായത്തിൻെറ സ്വാതന്ത്ര്യമായ വളച്ച്യെ പ്രതിരോധിക്കുന്ന ഇത്തരം അഭിപ്രായം സ്വേഛാപ്രഭുത്വപഥത്തിലേക്കു മനുഷ്യരെ ആനയിക്കുന്നു. സക്കാർ നമുക്കുവേണ്ടി സവ്വവും ചെയ്തുകൊള്ളും എന്നു വിശ്വസിക്കാതെ, സ്വയംസഹായമാണ് ഏററവും വലിയ ബന്ധു എന്നു ദൃഢമായും സ്ഥിരമായും തീക്ഷ്ണമായും വിചാരിക്കയും വിശ്വസിക്കയും ചെയ്യുന്നവക്കു സ്വേഛാപ്രഭുത്വഭരണംകൊണ്ടുള്ള ആപത്തു് അനുഭവഗോചരമാകുന്നതല്ല.

ഈ ലോകം ഇന്നു നാം കാണുന്നവിധം പരിഷ്കൃതാവസ്ഥയിലെത്തിയതു കഴിഞ്ഞ അനേകംതലമുറകളിൽ ജീവിച്ചിരുന്നവരുടെ വിചാരം, പ്രവൃത്തി ഇവയുടെ ഫലമായിട്ടാണ്. മനുഷ്യസമുദായത്തിൻെറ വളച്ച്യ്ക്കും നിലനില്പിനും, ധനത്തിലോ, ധിഷണാവൈഭവത്തിലോ അദ്വിതീയസ്ഥാനം അർഹിക്കുന്നവർമാത്രം മതിയാകുന്നതല്ല. നിലം ഉഴുതു തയ്യാർചെയ്യുന്നവരും വയലിൽ പണിയെടുക്കുന്നവരും പെരുവഴിയിൽ ചരൽ അടിച്ചുപൊടിക്കുന്നവരും കവികളും ഗായകന്മാരും തത്വചിന്താവിശാരദന്മാരും രാജ്യഭരണപ്രവീണന്മാരും ഒരുപോലെ മനുഷ്യസമുദായത്തിൻെറ ക്രമപ്രവൃദ്ധമായ ഉന്നതിക്കു് ഓരോ പ്രകാരത്തിൽ അപരിത്യാജ്യരാകുന്നു. ഈ ലോകം പൂവ്വപിതാക്കന്മാരിൽനിന്നും നമുക്കു സിദ്ധിച്ചിട്ടുള്ള പിതൃസ്വത്താണ്. ഇതിനെ ഒരുവിധത്തിലും അന്യാധീനപ്പെടുത്തുവാൻ നമുക്കു് അവകാശമില്ലതന്നെ. അത്രമാത്രവുമല്ല ഈ ലോകത്തെ പൂവ്വാധികം പുഷ്ടിപ്പെടുത്തി ഭാവിസന്താനപരമ്പരകൾക്കു നൽകാൻകൂടി നാം കടപ്പെട്ടവരാണ്.

നമ്മുടെനാട്ടിൽ സ്വാശ്രയശീലംമൂലം ഉന്നതാവസ്ഥയിലെത്തിയിട്ടുള്ളവരുടെ സംഖ്യ പരിമിതമാണെന്നോ അഥവാ പൂജ്യമാണെന്നോ പലരും വിശ്വസിക്കുന്നതുപോലെ തോന്നാറുണ്ട്. കേവലം നിർദ്ധനരും നിസ്സഹായരുമായ നിരവധിആളുകൾ നിസ്തന്ദ്രതകൊണ്ടും സ്വാശ്രയബുദ്ധിമൂലവും അത്യുന്നതസ്ഥാനം സമ്പാദിച്ചിട്ടുണ്ടെന്നു പ്രതിഷേധഭയം കൂടാതെതന്നെ പ്രസ്താവിക്കാവുന്നതാണ്. ഈ ഏതാനും വ്യക്തികൾ തന്നാട്ടുകാരുടെ–വിശിഷ്യ യുവജനങ്ങളുടെ–അത്ഭുതത്തിനും അഭിനന്ദനത്തിനും ആദർശത്തിനും അഭിമാനത്തിനും അർഹരായി സാധാരണജനങ്ങളിൽനിന്നും ഉപരിയായ ഒരു സ്ഥാനത്തു സവ്വജനാരാദ്ധ്യരായി സ്ഥിതിചെയ്യുന്നു. എന്നാൽ ചരിത്രപ്രസിദ്ധിയില്ലാത്ത അസംഖ്യംപേർ നമ്മുടെ പൊതുവായ അഭിവൃദ്ധിക്കു ഹേതുഭൂതരാണെന്നുള്ള സംഗതി അവിസ്മരണീയമാണ്. വലിയ യുദ്ധങ്ങളിൽ ഏപ്പെട്ടിരുന്ന സേനാനായകന്മാരേ മാത്രമേ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ യുദ്ധത്തിൽ വിജയമുണ്ടാകുന്നതിനു കാരണം ഓരോ ഭടൻെറയും വീയ്യശൌയ്യപരാക്രമങ്ങളാണെന്നു സ്മരിക്കേണ്ടതാകുന്നു. ഓരോ മനുഷ്യനും ജീവിതായോധനത്തിൽ ഏപ്പെടാൻ നിർബന്ധിതനാണ്. അതിൽ അതുല്യമായ സാമത്ഥ്യവിശേഷം പ്രദർശിപ്പിക്കുന്നവനു മാത്രമേ ലോകചരിത്രത്തിൽ സ്ഥാനം സിദ്ധിക്കുന്നുള്ളൂ. അനേകകോടി ആളുകൾ പരിഷ്കാരോൽക്കഷത്തിനും ലോകാഭ്യുന്നതിക്കും പരോക്ഷമായി പരിശ്രമിച്ചിട്ടുള്ളവരാണെങ്കിലും അവരുടെ നാമം ക്രമേണ അജ്ഞാനാന്ധകാരത്തിൽ തിരോധാനം ചെയ്യുന്നു. ഒരുത്തൻ എത്രതന്നെ താഴ്ന്ന നിലയിലുള്ളവനാണെങ്കിലും സ്വാശ്രയബുദ്ധി, ഉത്സാഹം, ഉൽക്കർഷേഛ, സത്യസന്ധത, വിനയം മുതലായ ഗുണങ്ങളോടുകൂടിയവനാണെങ്കിൽ അവനു ലോകോൽക്കഷത്തിനു ശ്രമിച്ചവരുടെ കൂട്ടത്തിൽ ഒരു സ്ഥാനമുണ്ട്. എന്തുകൊണ്ടെന്നാൽ, പരിതസ്ഥിതികൾ എത്രതന്നെ പരിമിതമായിരുന്നാലും അവൻെറ ജീവിതംകൊണ്ടു് അന്യന്മാരിൽ അവിചാരിതമായ ഒരു പ്രേരണാശക്തി ഉണ്ടാകുന്നതിനും, അവർ ഒരു മാതൃകാജീവിതത്തിനു ശ്രമിക്കുന്നതിനും ഇടയായി എന്നു വരാമല്ലൊ.

മനുഷ്യൻെറ മാനസികശക്തികളെ ഉദ്ദീപിപ്പിക്കുന്നതിനു മഹാന്മാരുടെ ജീവിതത്തിന് അചിന്ത്യവും അവണ്ണനീയവുമായ അത്ഭുതശക്തിയുണ്ടെന്നു സകലരും സമ്മതിച്ചിട്ടുണ്ട്. നന്മ മൂത്തീകരിച്ചിട്ടുള്ള ഒരു വ്യക്തി ലോകത്തിലെ മഹാപാഠശാലയാകുന്നു. ഇതുമായി തുലനംചെയ്യുമ്പോൾ നാം സാധാരണ കാണുന്ന വിദ്യാലയങ്ങളെല്ലാം സംസ്കാരശക്തിയെ സംബന്ധിച്ചിടത്തോളം ഏററവും തുഛമായ കണികകൾ മാത്രമേ ആകുന്നുള്ളൂ. ഗൃഹം, തെരുവീഥി, യന്ത്രശാല, ഗ്രാമം, വയൽ മുതലായ സ്ഥലങ്ങളിൽനിന്നും ലഭ്യമാകുന്ന പ്രാ

യോഗികമായ വിജ്ഞാനമാണ് യഥാർത്ഥത്തിൽ നമ്മുടെ അന്തഃകരണസംസ്കാരത്തിനു കൂടുതൽ പ്രയോജനപ്പെടുന്നതു്. യഥാർത്ഥവിദ്യാഭ്യാസം പുസ്തകപാരായണംകൊണ്ടോ, സാഹിത്യപരമായ പരിശീലനംമൂലമോ സമ്പാദിക്കാവുന്നതല്ല.

മഹത്തുക്കളുടെ വിശിഷ്യ സദ്വൃത്തരുടെ പവിത്രചരിതം, അമൂല്യോപദേശങ്ങൾ, ഉൽകൃഷ്ടവിചാരം ഇവയെപ്പററി അറിയുമ്പോൾ ഉണ്ടാകുന്ന ആനന്ദാനുഭൂതി അനുഭവൈകവേദ്യമാണ്. മഹാന്മാരെപ്പററി അറിയുമ്പോൾ അവരെ അനുകരിക്കുന്നതിനു് അറിയാതെതന്നെ ഒരു ആസക്തി അങ്കുരിക്കുന്നതു സ്വാഭാവികമാകുന്നു. ഉത്തമമായി നയിച്ച ഒരു ജീവിതം ലോകരുടെ അമോഘസമ്പത്താണ്. അതു് അദ്ദേഹത്തിൻെറ പുത്രന്മാർക്കു മാത്രമുള്ളതല്ല. എന്തെന്നാൽ, പ്രകൃതമായ ജീവിതം സദ്വൃത്തിയുടെ മാഹാത്മ്യത്തെ നാവുകൂടാതെ പ്രഖ്യാപനം ചെയ്യുന്നു. ഒരുത്തൻെറ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് അദ്ദേഹം ഏററവും ഉൽകൃഷ്ടമായ കാര്യങ്ങളെക്കുറിച്ചു വിചാരിക്കുന്നതുകൊണ്ടല്ല, മഹൽകൃത്യങ്ങൾ ഉത്സാഹപൂർവ്വം നിർവ്വഹിക്കുന്നതുകൊണ്ടാണ്. "ഉദ്യമേനഹി സിദ്ധ്യന്തി കാര്യാണിന മനോരഥൈഃ" എന്നാണല്ലോ അഭിയുക്തവചനം.

നിഷ്കളങ്കസ്വഭാവമുള്ളവർ ഏററവും എളിയ നിലയിൽ ജീവിച്ചാലും അവർ സഹപ്രവർത്തകന്മാരെ സദ്പഥത്തിൽക്കൂടി ചരിപ്പിക്കുന്നതിനു പ്രസംഗംകൂടാതെതന്നെ പ്രാപ്തന്മാരാകുന്നു. വിശിഷ്യ, സ്വഭാവരൂപീകരണം മാതൃകയെ സർവ്വപ്രധാനമായി അവലംബിച്ചിരിക്കുന്നു. മനുഷ്യൻ പരിതസ്ഥിതികളുടെ ദാസനാണ്. നല്ലനിയമങ്ങൾ സ്വീകാര്യങ്ങൾതന്നെ. എന്നാൽ ഉത്തമമാതൃകകൾ സർവ്വോപരി ശ്രേഷ്ഠവും സ്വീകാര്യവുമാകുന്നു. ഇതിനുള്ള കാരണം മാതൃക പ്രായോഗികമാണെന്നു പ്രസ്പഷ്ടമായതാണ്. കുട്ടികൾ അനുകരണത്തിൽ അധിതീയന്മാരാകുന്നു. അതിനാൽ നല്ല മാതൃക കാണിച്ചുകൊടുക്കേണ്ടതു് അവരുടെ ഭാവിയൈശ്വര്യത്തിനു് അപരിത്യാജ്യമാണ്. കുട്ടികൾ എപ്പോഴും ഉൽകൃഷ്ടാദർശങ്ങളോടുകൂടിയവരായിരിക്കണം. ഈ ഉദ്ദിഷ്ടപ്രാപ്തിക്കു യഥാർത്ഥമഹാന്മാരുടെ ജീവചരിത്രത്തെക്കാൾ പ്രയോജനകരമായി മററൊന്നുമില്ല. മഹാത്മാക്കളുടെ ചരിത്രം പാരായണം ചെയ്യുന്നതു് ഒരിക്കലും നിഷ്പ്രയോജനമായി ഭവിക്കുകയില്ല. നിരവധി സുഗന്ധകുസുമങ്ങളാൽ നിബിഡമായ പുഷ്പവാടിയിൽക്കൂടി സഞ്ചരിക്കുന്നവരുടെ വസ്ത്രവും ശരീരവും പരിമളധോരണികൊണ്ടു പരിലസിക്കുന്നതുപോലെ, മഹാത്മാക്കളുടെ ജീവചരിത്രം വായിക്കുന്നവർക്കും മഹത്വത്തിൻെറ കണികകളെങ്കിലും ലഭിക്കുന്നതാണ്. ഭീരുക്കൾക്കു ധൈര്യശാലികളെക്കുറിച്ചുള്ള കഥകളോ, അവരുടെ സാന്നിദ്ധ്യമോ ധീരതയ്ക്കു കാരണമായി ഭവിക്കാറുണ്ടല്ലോ.

നമ്മുടെ പൂർവ്വപിതാക്കന്മാരായ മഹാന്മാർ അനേകവർഷം മുമ്പു പരലോകഗതരായിഎങ്കിലും ഇന്നും അവരുടെ മാതൃകായോഗ്യമായ പ്രവൃത്തികൾ നമ്മുടെ നിത്യജീവിതത്തിൽ കാണാറുണ്ടു. അവരെ നാം ഇന്നും അനുകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അവരോടുള്ള സമ്പർക്കസൌഖ്യം നാം ഇന്നും അനുഭവിക്കുന്നുണ്ട്. മഹത്വത്തോടുകൂടി ജീവിച്ചിരുന്നവരെല്ലാം ഭാവിസന്താനപരമ്പരകൾക്കു് അമൂല്യമായ സമ്പാദ്യംഉണ്ടാക്കി വച്ചിരിക്കുന്നു. അതു നാശമില്ലാത്തതും മാതൃകായോഗ്യവുമാണ്. ഒരു മഹാൻെറ ജീവചരിത്രം അനേകം ബീജങ്ങളുടങ്ങിയിട്ടുള്ള ഒരു ഫലംപോലെ ആകുന്നു. അതിനു് ഒരിക്കലും നാശമുണ്ടാകുന്നതല്ല. അതിൽനിന്നും പുറപ്പെടുന്ന ശബ്ദം ജീവമായിത്തന്നെ സ്ഥിതിചെയ്യുന്നു. മനഃസംസ്കരണത്തിനു മഹാന്മാരുടെ ജീവചരിത്രം പോലെ മഹനീയമായി മററൊന്നുമില്ലതന്നെ.

മഹാന്മാർ ഇന്നകാലത്തോ, ഇന്നദേശത്തോ ഇന്നസമുദായത്തിലോ മാത്രമേ ജനിക്കൂ എന്നില്ല. മഹത്തുക്കൾ സാധാരണയായി കൊട്ടാരങ്ങളിലല്ല, കുടിലുകളിലാണ് ജനിക്കുന്നതെന്നു വാസ്തവവും വക്തവ്യമാണ്. കേവലം നിർദ്ധനന്മാരും നിസ്സഹായന്മാരുമായി ജീവിതമാരംഭിച്ച എത്രപേരാണ് സ്വാശ്രയശീലമാകുന്ന പടിയിൽക്കൂടി ഉന്നതസ്ഥാനത്തെത്തിയിട്ടുള്ളതു് സ്വാശ്രയബുദ്ധികളുടെ മാററു് ഉരച്ചുനോക്കാനുള്ള കല്ലു പ്രതിബന്ധങ്ങളും പ്രയാസങ്ങളുമാണ്. നിസ്സഹായന്മാരുടെ ഉന്നതിക്കു മദ്ധ്യേമാർഗ്ഗം വിഘാതമായിത്തീർന്ന ഓരോ ബുദ്ധിമുട്ടുമാണ് വാസ്തവത്തിൽ അവരുടെ ഹൃദയാന്തർഭാഗത്തു് ചൈതന്യരഹിതമായി കിടന്നിരുന്ന നൈസർഗ്ഗികമായ ശക്തിവിശേഷങ്ങളെ തട്ടിയുണർത്തി കർമ്മകുശലന്മാരാക്കിചെയ്തതു്. അനന്താകാലത്തു് ഉന്നതസ്ഥാനത്തെത്തിയ മഹാന്മാരെ ജീവിതാരംഭത്തിൽ പ്രതിരോധിച്ച പ്രി

തിബന്ധങ്ങളുടെ സംഖ്യാബലവും ശക്തിയും ആലോചിച്ചുനോക്കുമ്പോൾ മനഃശക്തിയുടെ മാഹാത്മ്യം മനുഷ്യനു മനസ്സിലാകുന്നതാണ്. എന്തും സാധിക്കാമെന്നുള്ള ഒരു ആത്മവിശ്വാസം ജീവചരിത്രപാരായണംകൊണ്ടു സിദ്ധിക്കുന്നു.

മഹാന്മാരുടെ ഉത്ഭവത്തിനു നിദാനം പ്രതികൂലശക്തികളുടെ പ്രവൎത്തനമാണെന്നു പറഞ്ഞുവല്ലോ. ഉൽക്കർഷത്തിനുള്ള സോപാനം നിരന്തരമായ പരാജയത്തിലാണ് അടിയുറപ്പിച്ചിരിക്കുന്നതു്, വിജയത്തിലല്ല. പ്രയത്നവും പ്രതിബന്ധവുംകൂടാതെ ധനികനോ ബുദ്ധിശാലിക്കോ പോലും വിജയം സിദ്ധിച്ചിട്ടില്ല. പരാജയമാണ് നമ്മുടെ ഉത്തമാദ്ധ്യാപകൻ. ഉദ്ദിഷ്ടകാര്യം പരാജയംകൂടാതെ നിരന്തരം സാധിച്ചിട്ടുള്ളവരുടെ ജീവിതത്തെക്കാൾ ലോകത്തിന് എത്രയും വിജ്ഞാനപ്രദമായിട്ടുള്ളതു് അനേകം തോൽവികളും, സങ്കടങ്ങളും ഉണ്ടായിട്ടുള്ള ആളുകളുടെ ജീവിതമാണ്. പ്രഥമോദ്യമത്തിൽതന്നെ വിജയലക്ഷ്മിയുടെ പരിലാളനയ്ക്കു് അർഹനായിത്തീൎന്ന ഒരുവനെക്കാൾ കർമ്മകുശലതയും, ധൈര്യവും അനേകം പരാജയങ്ങൾക്കു് പാത്രീഭവിച്ച ആളിനു് ഉണ്ടായിരിക്കുമെന്നുള്ളതു തീർച്ചയാണല്ലോ. ഒരിക്കലും തെറ്റു ചെയ്യാത്തവനു് ഒരു പുതിയസംഗതി നടത്താൻ സാധിക്കുന്നതാണോ. എന്താണ് കർത്തവ്യമായിട്ടുള്ളതെന്നുകൂടി അറിയേണ്ടതു് ആവശ്യമാണല്ലോ. ശാസ്ത്രലോകത്തിൽ ഇന്നു കാണുന്ന അത്ഭുതാവഹമായ അഭിവൃദ്ധിയുടെ അടിസ്ഥാനം അനേകം ക്ഷമാശീലരുടെ പരാജയമാണെന്നു പറയുന്നതിൽ അതിശയോക്തിസ്പർശം മനുഷ്യനിൽ അശേഷമില്ലതന്നെ. പ്രതിബന്ധങ്ങളുടെയും പ്രയാസങ്ങളുടേയും ഫലം മധുരതരമാകുന്നു. എന്തെന്നാൽ അവയാണു മനുഷ്യരിൽ അന്തർലീനമായി സ്ഥിതിചെയ്യുന്ന അത്ഭുതശക്തികളെ ഉൽബോധിപ്പിച്ചു പ്രവൎത്തനത്തിനു പ്രേരിപ്പിക്കുന്നതു്. ചില പഴങ്ങളിൽനിന്നും മാധുര്യമുള്ള ദ്രാവകം കിട്ടുന്നതിനു് അവയെ നല്ലപോലെ മർദ്ദിക്കണം. അതുപോലെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആകുന്ന മർദ്ദനമേൽക്കുമ്പോഴാണ് മഹത്വമുള്ള മനുഷ്യന്റെ ഉത്തമശക്തികൾ പ്രത്യക്ഷമാകുന്നതു്. ദാരിദ്ര്യംകൊണ്ടും, ബുദ്ധിമുട്ടുകൾകൊണ്ടും മനസ്സിനു സംസ്കാരം സിദ്ധിച്ചിട്ടുള്ളവർ മാത്രമേ ധനികന്മാരാകുമ്പോൾ തന്മൂലമുണ്ടാകാവുന്ന ദുഷ്പ്രേരണകളിൽനിന്നും വിമുക്തരായിരിക്കാൻ സാധിക്കുകയുള്ളൂ. ദുർബലമായ മനസ്സു കടലിലെ കല്ലോലപരമ്പരകൾപോലെയാണ്. നിഷ്പ്രയാസേന ലഭിച്ച നിരവധി സ്വത്തു വേണ്ടപോലെ കൈകാര്യം ചെയ്യുവാൻ അതിന്റെ അധിപതി പ്രായേണ പ്രാപ്തനായി ഇരിക്കുകയില്ല.

ബുദ്ധിമുട്ടും സങ്കടവുംകൂടാതെയുള്ള ജീവിതം പ്രശാന്തരമ്യമാണെന്നു സമ്മതിക്കാം. എന്നാൽ അത്തരം ജീവിതത്തിനുള്ള മാഹാത്മ്യം കേവലം പരിമിതമാണ്. പ്രതിബന്ധം സ്വഭാവത്തെ സംസ്കരിക്കയും സ്വാശ്രയബുദ്ധിയെ ഉൽപ്പാദിപ്പിക്കുകയും ജീവിതത്തെ ആകസ്മികമായിത്തന്നെ ക്രമീകരിക്കയും ചെയ്യുന്നു. ഭയങ്കരസമരംകൂടാതെ സിദ്ധിക്കുന്ന വിജയം ഭടന്മാൎക്കു് അഭിമാനാസ്പദമല്ലല്ലോ. ഈ തത്വം ജീവിതരണാങ്കണത്തിൽ പ്രവേശിക്കുന്നവരും സ്മരിക്കേണ്ടതാണ്. പരാജയമില്ലെങ്കിൽ വിജയവുമില്ല. പ്രതിബന്ധത്തെ പ്രതിരോധിക്കേണ്ടതില്ലെങ്കിൽ വിജയമെന്നതു ജീവിതത്തിൽ ഉണ്ടാകുമോ? പ്രതിബന്ധം ദുർബലനെ നിരാശാവശഗനാക്കിയേക്കാം; എന്നാൽ പൌരുഷശാലിയെ പൂർവ്വാധികം ഉത്സാഹിയും സമർത്ഥനുമാക്കി ചെയ്കയേയുള്ളൂ. സദ്വൃത്തി, ഹൃദയപൂർവ്വമായ ഉത്സാഹം, കർമ്മധീരത, പ്രയാസങ്ങളെ രോധിക്കാനുള്ള സന്നദ്ധത, ദുർയ്യോഗത്തെ പൌരുഷത്തോടുകൂടി അവഗണിക്കാനുള്ള ശക്തി എന്നിവമൂലം ഏതു പ്രയാസവും ബുദ്ധിമുട്ടും ജയിക്കാൻ കഴിയുന്നതാണെന്നു ലോകചരിത്രം നമ്മേ പഠിപ്പിക്കുന്നു.

ആംഗ്ലേയകവികുലകൂടസ്ഥനായ ഷേക്സ്പീയർ ഒരു കശാപ്പുകാരന്റെ പുത്രനായിരുന്നു. മഹാകവി ബാല്യകാലത്തു് ഒരു പാഠശാലയിലെ ശിപായിയായിരുന്നു എന്നു ചിലരും അതല്ല ആടുകളുടെ രോമം വെട്ടുന്ന ജോലിയിലാണ് ഏർപ്പെട്ടിരുന്നതെന്നു മറ്റു ചിലരും പറയുന്നുണ്ട്. ഏതായാലും ഷേക്സ്പീയരുടെ ജീവിതത്തിന്റെ പ്രാരംഭഘട്ടം പ്രശസ്തമായിരുന്നില്ലെന്നുള്ളതു നിസ്സംശയമാണ്. എൻജിനീയർ ബ്രിൻഡ്ലി, പ്രസിദ്ധ കപ്പലോട്ടക്കാരനായിരുന്ന കുക്ക്, കവിവര്യനായ ബൺസ് ഇവരെല്ലാം ആരംഭത്തിൽ കേവലം കൂലിവേലക്കാരായിരുന്നു. ഇൻജിഗോജോൺസ് എന്ന ശില്പശാസ്ത്രവിദഗ്ദ്ധനും ഹാരിസൺ എന്ന ക്രോണോമീറ്റർ നിർമ്മാതാവും, റോംനി, ഒപ്പി എന്നീ ചിത്രകാരന്മാരും പ്രൊഫസർ ലി എന്ന പണ്ഡിതനും, ആശാരിമാരായിരുന്നുവത്രേ! നെയ്ത്തു തൊഴിലാക്കിയിരുന്നവരിൽനിന്നാണ് കണക്കുശാ

സ്സുജ്ഞനായ സിസൺ, ദേശസഞ്ചാരിയായ ഡാക്ടർ ലിവിംഗ്സ്റ്റൻ, കവിയായ റെജ്ഞാഫിൽ ഇവർ ഉയൎന്നുവന്നിട്ടുള്ളതു്. ചെരുപ്പുകുത്തികൾക്കും മഹാന്മാരായിത്തീരാമെന്നുള്ളതിനു പ്രസിദ്ധപത്രാധിപരായിരുന്ന ഗിഫോർഡ്, കവിവൎയ്യനായിരുന്ന മോറിസൺ, പ്രബന്ധകത്താവായ സാമുവൽഡ്രൂ ഇവർ മതിയായ തെളിവുകളാണ്. തോമ്മസ് എഡ്വർഡ്സ് എന്നൊരു ചെമ്മാൻ ബാൻഫ് എന്ന സ്ഥലത്തു താമസിച്ചിരുന്നു. അദ്ദേഹം വിശ്രമാവസരം വിനിയോഗിച്ചിരുന്നതു പ്രകൃതിശാസ്ത്രതത്വങ്ങൾ പഠിക്കുന്നതിനായിരുന്നു. പ്രസ്തുത ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അനേകം നൂതന അറിവുകൾ കണ്ടുപിടിച്ച ഇദ്ദേഹത്തിന്റെ നാമം പ്രകൃതിശാസ്ത്രലോകം ഒരിക്കലും വിസ്മരിക്കുന്നതല്ല.

ചരിത്രകാരനായ ജോൺസ്റ്റോ കുറേക്കാലം ഒരു തയ്യൽക്കാരനായിരുന്നു. ചിത്രകാരനായ ജാക്ക്സൺ യൌവനാരംഭംവരെ ഉടുപ്പുതെച്ചാണു കാലയാപനം ചെയ്തിരുന്നതു്. ആയോധനപടുക്കളായിരുന്ന ജോൺഹാക്ക്സ്വുഡ്, അഡ്മിറൽ ഹോബ്സൺ ഇവർ യുദ്ധത്തിനു പുറപ്പെട്ടുന്ന ദിവസംവരെ തയ്യൽക്കാരായിരുന്നു. അമേരിക്കയിലെ ഐക്യസംസ്ഥാനത്തിലെ പ്രസിഡണ്ടായിരുന്ന ആൻഡ്രൂജോൺസൺ ജീവിതരംഗത്തിൽ പ്രവേശിച്ചതു തയ്യൽക്കാരനായിട്ടാണ്. ജോൺസൺ പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടയുടനേ കൂടിയ ഒരു മഹായോഗത്തിൽവെച്ചു് അദ്ദേഹം തന്റെ രാഷ്ട്രീയ ജീവിതത്തെക്കുറിച്ചു വിവരിക്കുവാൻ തുടങ്ങി. ഉടനേ സദസ്യരിലൊരാൾ 'തയ്യൽക്കാരനായി ജീവിതമാരംഭിച്ചു' എന്നു വിളിച്ചു പറഞ്ഞു. ഇതിനു മറുപടിയായി ജോൺസൺ സാഭിമാനം മറുപടിപറഞ്ഞതിങ്ങനെയാണ്. "ഞാൻ തയ്യൽക്കാരനായിരുന്നുവെന്നു് ഏതോ മാന്യൻ പറയുന്നു. അതു് എനിക്കു ലേശവും തിരുത്സാഹജനകമല്ല. എന്തെന്നാൽ തയ്യൽക്കാരനായിരുന്ന കാലത്തു് അതിൽ സമൎത്ഥനെന്ന പേർ എനിക്കുണ്ടായിരുന്നു. ഞാൻ അന്നും വാഗ്ദത്തം കൃത്യമായി പാലിക്കയും, ജോലി തൃപ്തികരമായി നിൎവ്വഹിക്കുകയും ചെയ്തു."

മൈക്കേൽഫാറഡേ എന്ന തത്വജ്ഞാനി ഒരു കൊല്ലന്റെ മകനും പുസ്തകംബയണ്ടു ചെയ്യുന്നവനും ആയിരുന്നു.

ഇത്തരം എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉന്നയിക്കാവുന്നതാണ്. പരിശ്രമത്തിന്റെ മാഹാത്മ്യമാണ് ഇവരുടെ ചരിത്രം വ്യക്തമാക്കുന്നതു്. മഹത്വം അലസനു് അധീനമല്ല. പ്രവൃത്തിചെയ്യാൻ തന്റേടമുള്ള കൈയും ശിരസ്സുമാണ് ആവശ്യം. മടിയനു സ്വന്തമെന്നഭിമാനിക്കുവാൻ ഒന്നും ഉണ്ടായിരിക്കുകയില്ല. പിത്രാൎജ്ജിതമായ സമ്പത്തു പുത്രനു സിദ്ധിക്കാം. എന്നാൽ വിജ്ഞാനം പിതാവിൽനിന്നും സന്താനങ്ങൾക്കു് അലഭ്യമാണെന്നു് ഓൎമ്മിക്കേണ്ടതാണ്. ധനികനു വേലക്കു പ്രതിഫലം കൊടുക്കുന്നതിനു സാധിക്കും. എന്നാൽ അവൻ ആലോചിക്കേണ്ടതു് അന്യന്മാർ ആലോചിച്ചാൽ മതിയാകുകയില്ല. സംസ്കരണം വാണിജ്യശാലയിൽ നിന്നും കിട്ടുകയില്ല.

നമ്മുടെ നാട്ടിലുണ്ടായിട്ടുള്ള മഹാന്മാരേക്കുറിച്ചു് അടുത്ത ലക്കത്തിൽ പ്രതിപാദിച്ചുകൊള്ളാം.

## വില്ലിപുത്തൂരർ

(തുടച്ച്)

(ചെന്നിത്തല കെ. കൃഷ്ണയ്യർ)

വില്ലിപുത്തൂരർ ഭാരതം രചിക്കാനുണ്ടായ കാരണത്തെ സംബന്ധിച്ചു മേല്പറഞ്ഞതിൽനിന്നും അല്പം ഭിന്നമായ വേറൊരു കഥയുണ്ടു്. ഈ മഹാകവി തന്റെ സഹോദരനേക്കാൾ സൎവ്വഥാ സമൎത്ഥനായിരുന്നതുകൊണ്ടു പൂൎവ്വസ്വത്തിൽ അല്പംപോലും അയാൾക്കു കൊടുക്കാതെ മുഴുവനും താൻതന്നെ യഥേഷ്ടം അനുഭവിച്ചുവന്നു. അതുകൊണ്ടു സഹോദരൻ വരപതി ആൾകൊണ്ടാന്റെ അടുക്കൽ സങ്കടം പറകയും തനിക്കു ന്യായമായി ലഭിക്കേണ്ട ഭാഗം വാങ്ങിച്ചുതരണമെന്നു് അദ്ദേഹത്തോടു് അപേക്ഷിക്കയും ചെയ്തു. രാജാവാകട്ടെ ഇയാളുടെ അഭ്യൎത്ഥ

ന്നയെ മനസ്സിൽ ഗോപനംചെയ്തിട്ടു വില്ലിപുത്തൂരരെ വരുത്തി ഭാരതം തമിഴിൽ രചിക്കുന്നതിനു് ആജ്ഞാപിച്ചു. രാജാജ്ഞയനുസരിച്ചു് അദ്ദേഹം ഭാരതം എഴുതിത്തീർത്തശേഷം അരങ്ങേററം കഴിക്കുന്നതിനായി അതിനെ രാജസദസ്സിൽ കൊണ്ടുചെന്നു. ഇതിനിടയ്ക്കു വില്ലിപുത്തൂരരുടെ സഹോദരൻ തൻെറ സങ്കടം ഒന്നുകൂടി രാജസന്നിധിയിൽ അറിയിച്ചു. വില്ലിപുത്തൂരർ തൻെറ കൃതി സദസ്യരെ വായിച്ചു കേൾപ്പിച്ചുകൊണ്ടിരിക്കെ ദുര്യോധനൻ പാണ്ഡവന്മാരുടെ രാജ്യത്തെ ന്യായരഹിതമായി കരസ്ഥമാക്കിയതിനേയും തന്മൂലം ദുര്യോധനാദികൾക്കു നേരിടാൻ പോകുന്ന ഭയങ്കരവിപത്തുകളേയും വിവരിക്കുന്ന ഘട്ടം വന്നുചേർന്നു. അപ്പോൾ രാജാവു വില്ലിപുത്തൂരരോടു് "അല്ലയോ മഹാകവേ; ഭവാൻെറ സ്വന്തസംഗതിയിൽ ഭാരതകഥയുടെ ഈ ഭാഗത്തിനു നല്ല യോജിപ്പുകാണുന്നു: ഇല്ലേ" എന്നുചോദിച്ചു. മർമ്മഭേദകവും ലജ്ജാകരവുമായ ഈ പ്രശ്നം കേട്ടു വില്ലിപുത്തൂരർ വസ്തുക്കളെല്ലാം തൻെറ സഹോദരനു വിട്ടുകൊടുത്തു

ഇനി ഈരണ്ടു കഥകളുടേയും യാഥാർത്ഥ്യത്തെപ്പററി ചിന്തിക്കാം. വില്ലിപുത്തൂരരുടെ പുത്രനായ വരംതരുവാർ ഭാരതത്തിൽ ചേർത്തിട്ടുള്ള തൻെറ ചിറപ്പുപ്പായിരത്തിൽ തൻെറ പിതാവു ഭാരതംരചിച്ചതിനുള്ള കാരണത്തെ സൂചിപ്പിക്കുന്ന ഒരു പാട്ടു കാണുന്നുണ്ടു്. "ചേരരാജ്യാധിപതിയായ വരപതിആൾക്കൊണ്ടാൻ പ്രസിദ്ധ പണ്ഡിതകവിയായ ചനിയൂർ വില്ലിപുത്തൂരരോടു്, 'അല്ലയോ മഹാകവേ! നമ്മുടെ രണ്ടുപേരുടേയും ജന്മഭൂമിയായ ചനിയൂരിനു ശാശ്വതമായ ഖ്യാതി ലഭിക്കത്തക്കവണ്ണം മഹാഭാരതത്തെ തമിഴിൽ സരസമായി വിവർത്തനംചെയ്താലു'മെന്നു പറഞ്ഞു എന്നാണു് മേല്പറഞ്ഞ പാട്ടിൻെറ അർത്ഥം. രംഗനാഥകവിരായർ എന്ന പണ്ഡിതൻ പറഞ്ഞിരിക്കുന്നതു നോക്കുക:–"വരപതിആൾക്കൊണ്ടാൻ വടമൊഴിയിലുള്ള മഹാഭാരതത്തെ തെന്മൊഴിയിൽ പാടണമെന്നു വില്ലിപുത്തൂരാഴ്വാരോടു് ആജ്ഞാപിച്ചതനുസരിച്ചു് അദ്ദേഹം ശന്തനുവിൻെറ ചരിതംമുതൽ പതിനെട്ടാം ദിവസം യുദ്ധംവരെയുള്ള ഭാരതകഥയെ തമിഴിൽ തർജ്ജമചെയ്തു." വരംതരുവാരും രംഗനാഥകവിരായരും രേഖപ്പെടുത്തിയിട്ടുള്ള മേല്പറഞ്ഞ ഭാഗങ്ങളിൽനിന്നും വില്ലിപുത്തൂരരും അദ്ദേഹത്തിൻെറ സഹോദരനും തമ്മിലുണ്ടായ കുടുംബസംബന്ധമായ കലഹമാണു് ഭാരതരചനയ്ക്കു ഹേതുവായിത്തീർന്നതെന്നുള്ള കഥാഭാഗം വ്യക്തമാകുന്നില്ലെങ്കിലും വരപതിആൾക്കൊണ്ടാൻെറ ആജ്ഞയനുസരിച്ചാണു് വില്ലിപുത്തൂരർ ഭാരതം നിർമ്മിച്ചതെന്നുള്ള കഥാംശം സ്പഷ്ടമാകുന്നുണ്ടു്. അതിനാൽ, രാജാജ്ഞയനുസരിച്ചാണു് നമ്മുടെ മഹാകവി ഭാരതം പാടിയതെന്നു വിചാരിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല. പക്ഷെ അദ്ദേഹം പറയുന്നതു്, രാജാജ്ഞയെ ഭയപ്പെട്ടിട്ടോ, ഭാരതത്തിൻെറ പെരുമയെ വിചാരിച്ചിട്ടോ അല്ല പ്രസ്തുത ഭാരതത്തിൽ ശ്രീകൃഷ്ണ ചരിതംകൂടി അന്തർഭവിച്ചിരിക്കുന്നതിലാണു് ഭാരതരചനക്കായി തുനിഞ്ഞതു് എന്നാണു്.

ഇനിയും ഈ കൃതിയുടെ ഉള്ളിലേക്കു് ഒന്നു കടന്നുനോക്കാം. ആദിപർവ്വത്തിൽ ശന്തനുമഹാരാജാവിൻെറ ചരിത്രംമുതൽ സൌപ്തികപർവ്വത്തിൽ പതിനെട്ടാം ദിനം രാത്രിയിൽ പാണ്ഡവന്മാരുടെ കൈനിലയിൽവെച്ചു നടന്ന യുദ്ധംവരെയുള്ള കഥയെ വിവരിക്കുന്നതാണു് വില്ലിഭാരതം എന്ന പേരിൽ ഇപ്പോൾ അറിയപ്പെട്ടുവരുന്നതു്. സംസ്കൃതഭാരതത്തെപ്പോലെതന്നെ വില്ലിഭാരതത്തേയും പർവ്വങ്ങളായിട്ടും പർവ്വങ്ങളെ സർഗ്ഗങ്ങളായിട്ടും ഭാഗിച്ചിരിക്കുന്നു. പ്രാരംഭത്തിൽ കാപ്പു്, ചിറപ്പുപ്പായിരം, തർചിറപ്പുപ്പായിരം ഇവയെല്ലാംകൂടി 31 പാട്ടുകളും ആദിപർവ്വത്തിൽ കുരുകുലസർഗ്ഗം, സംഭവസർഗ്ഗം, വാരണവാതസർഗ്ഗം, വേത്രശീയസർഗ്ഗം, ദ്രൌപദിമാലയിട്ടസർഗ്ഗം, ഇന്ദ്രപ്രസ്ഥസർഗ്ഗം അർജ്ജുനതീർത്ഥയാത്രാസർഗ്ഗം, ഖാണ്ഡവദാഹസർഗ്ഗം എന്നിങ്ങനെ എട്ടുസർഗ്ഗങ്ങളും ആകെ 789 പാട്ടുകളും, സഭാപർവ്വത്തിൽ രാജസൂയസർഗ്ഗ, ചൂതുപോർ(ദ്യൂതക്രീഡ)സർഗ്ഗം എന്നിങ്ങനെ രണ്ടു സർഗ്ഗങ്ങളും ആകെ 437 പാട്ടുകളും, ആരണ്യപർവ്വത്തിൽ അർജ്ജുനൻതപനിലൈസർഗ്ഗം, നിവാതകവചകാലകേയവധസർഗ്ഗം, പുഷ്പയാത്രാസർഗ്ഗം, ജടാസുരവധസർഗ്ഗം, മണിമാൻവധസർഗ്ഗം, ദുർവ്വാസോമുനിസർഗ്ഗ, പഴംപൊരുന്തുസർഗ്ഗം നച്ചുപ്പൊയ്കൈ(വിഷതടാക) സർഗ്ഗം, എന്നിങ്ങനെ എട്ടുസർഗ്ഗങ്ങളും ആകെ 722 പാട്ടുകളും, വിരാടപർവത്തിൽ നാട്ടുകരന്തുറൈ(അജ്ഞാതവാസ) സർഗ്ഗം, മൽപ്പോർസർഗ്ഗം, കീചകവധസർഗ്ഗം നിരൈമീളൽ(ഗോഗ്രഹണ)സർഗ്ഗം, വെളിപ്പാട്ടുസർഗ്ഗം എന്നിങ്ങനെ അഞ്ചുസർഗ്ഗങ്ങളും ആകെ 326 പാട്ടുകളും, ഉദ്യോഗപർവത്തിൽ ഉലൂകദൂതുസർഗ്ഗം, വാസുദേവനെ പടത്തുണയഴൈത്തൽ(ഭഗവദ്വരണ)സർഗ്ഗം, സഞ്ജയ-ദൂതുസർഗ്ഗം, കൃഷ്ണദൂതുസർഗ്ഗം, പടൈയെഴുച്ചി(സൈന്യസന്നാഹ)

സർഗ്ഗം, മുഹൂർത്തംകേൾവിസർഗ്ഗം, കളബലിചൂട്ടുസർഗ്ഗം, അണിവകുപ്പുസർഗ്ഗം, എന്നിങ്ങനെ എട്ടു സർഗ്ഗങ്ങളും ആകെ 395പാട്ടുകളും, ഭീഷ്മപർവത്തിൽ പ്രഥമദിനയുദ്ധസർഗ്ഗംമുതൽ ദശമദിനയുദ്ധസർഗ്ഗംവരെ ആകെ 377പാട്ടുകളും. ദ്രോണപർവത്തിൽ ഏകാദശദിനയുദ്ധസർഗ്ഗംമുതൽ പഞ്ചദശദിനയുദ്ധസർഗ്ഗം വരെ ആകെ 663 പാട്ടുകളും, കർണ്ണപർവത്തിൽ ഷോഡശദിനയുദ്ധസർഗ്ഗം, സപ്തദശദിനയുദ്ധസർഗ്ഗം എന്നിങ്ങനെ രണ്ടു സർഗ്ഗങ്ങളും ആകെ 360 പാട്ടുകളും, ശല്യപർവത്തിൽ അഷ്ടാദശദിനയുദ്ധസർഗ്ഗവും 204 പാട്ടുകളും, സൌപ്തികപർവത്തിൽ46പാട്ടുകളുമുണ്ടു്. എല്ലാംകൂടി 10 പർവങ്ങളും50 സർഗ്ഗങ്ങളും 4350പാട്ടുകളും വില്ലിഭാരതത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ, ആകെ 6000 പാട്ടുകളായിട്ടാണു് വില്ലിപുത്തൂരർ ഭാരതം എഴുതിത്തീർത്തതെന്നു് ഒരു പഴയ തമിഴപാട്ടിൽനിന്നും മനസ്സിലാകുന്നു. പക്ഷെ, ഇതുവരെ അച്ചടിക്കപ്പെട്ടിട്ടുള്ള വില്ലിഭാരതത്തിൻെറ പ്രതികളിൽ മേൽ രേഖപ്പെടുത്തിയിട്ടുള്ളപ്രകാരം 4350 പാട്ടുകളേ കാണുന്നുള്ളു. ബാക്കിയുള്ള 1650പാട്ടുകൾ ഇതുവരെ അച്ചടിച്ചു കണ്ടിട്ടില്ല. ഇവ അടങ്ങിയ ഓലഗ്രന്ഥം എവിടെയുണ്ടെന്നു് അറിയാനും പാടില്ല. വരപതിആൾക്കൊണ്ടാൻ വില്ലിപുത്തൂരരുടെ സഹോദരനോടും ഭാരതം പാടാൻ ആവശ്യപ്പെട്ടിരുന്നുവെന്നും അദ്ദേഹം പാടുമെന്നു വിചാരിച്ചു വില്ലിപുത്തൂരർ ബാക്കിയുള്ളഭാഗം പാടാതെ വിട്ടുകളഞ്ഞതാണെന്നുമാണു് ചിലരുടെ മതം. ചിലർ, വില്ലിപുത്തൂരരുടെ പുത്രനായ വരംതരുവാരാണു് മേല്പറഞ്ഞ 1650 പാട്ടുകൾ എഴുതീട്ടുള്ളതെന്നും "വരംതരുവാർ ഭാരതം" എന്നു് അതിനു പേർ പറഞ്ഞുവരുന്നുവെന്നും അതു് ഇതഃപര്യന്തം പ്രകാശിതമായിട്ടില്ലെന്നും പറയുന്നു. എന്നാൽ, രംഗനാഥകവിരായർ എന്ന പണ്ഡിതൻ എഴുതിയ, ഭാരതത്തിൻെറ ബാക്കിയുള്ളഭാഗം മുദ്രിതമായിട്ടുള്ളതു നമുക്കു് ആശ്വാസപ്രദംതന്നെ. ഇതിൽ ആകെ 46സർഗ്ഗങ്ങളും 2477പാട്ടുകളും അടങ്ങിയിരിക്കുന്നു. നല്ലാപ്പിള്ളൈ എന്നകവി, വില്ലിപുത്തൂരർ തൻെറ ഭാരതത്തിൽ ചുരുക്കിപ്പറഞ്ഞിട്ടുള്ള കഥകളെ വിസ്തരിച്ചും അദ്ദേഹം പാടാതെ ഉപേക്ഷിച്ചിട്ടുള്ള കഥകളെ ചേർത്തും ഒരു തമിഴഭാരതം എഴുതിയിട്ടുണ്ടു്. ഇതിനു "നല്ലാപ്പിള്ളൈഭാരതം" എന്നു പറഞ്ഞുവരുന്നു. ഈ ഗ്രന്ഥത്തിൽ പതിന്നാലായിരം പാട്ടുകളുണ്ടു്.

വില്ലിപുത്തൂരർ തൻെറ ഭാരതം വ്യാസൻെറ ഭാരതത്തേയും അഗസ്ത്യഭട്ടരുടെ ബാലഭാരതത്തേയും പെരുംതേവനാർ എഴുതിയിട്ടുള്ള തമിഴഭാരതത്തേയും ഉപജീവിച്ചാണു് എഴുതിയിട്ടുള്ളതു്. പക്ഷേ വില്ലിഭാരതത്തിലെ പാട്ടുകൾക്കുള്ള ശബ്ദഭംഗിയും അർത്ഥപുഷ്ടിയും ഒന്നു വേറെതന്നെയാണു്. ഈ കൃതിക്കു് ഒരു പ്രത്യേക "ചന്ത"മുണ്ടു്. ഇതിലെ പാട്ടുകൾ ദ്രാക്ഷാപാകത്തിലുള്ളവയാണു്. വില്ലിപുത്തൂരർക്കുള്ള പദസ്വാധീനത ഈ കൃതിയിലെ ഏതു സർഗ്ഗം നോക്കിയാലും കരതലാമലകം പോലെ കാണാവുന്നതാണു്. ദുശ്ശ്രവത്തിനു ദൃഷ്ടാന്തമായി പുരോഭാഗികൾക്കുപോലും ഈ കൃതിയിൽനിന്നു് ഒരു പാട്ടു് ഉദ്ധരിക്കാൻ കഴികയില്ല. ഇതിലെ ഓരോ പാട്ടും കേൾക്കുമ്പോൾ ചെവിയിൽ സുധാസേകം ചെയ്യുംപോലുള്ള സുഖമാണുള്ളതു്. അനന്വയക്ലിഷ്ടതയില്ലാത്തതിനാലും ഭാഷ സുഗമമായതിനാലും പാട്ടുകളുടെ അർത്ഥം ശ്രവണമാത്രയിൽത്തന്നെ ഗ്രഹിക്കാൻ കഴിയും. ഈ കൃതിയിൽ നവരസങ്ങളിൽ ചിലതിനെ പ്രകടിപ്പിക്കുന്ന ഘട്ടങ്ങൾ വായിക്കുമ്പോൾ തത്തദ്രസാനുഗുണമായി മനസ്സിനുണ്ടാകുന്ന ഭാവഭേദം അവർണ്ണനീയമാകുന്നു.

വില്ലിപുത്തൂരർ ഭാരതം രചിച്ചു തീർന്നശേഷം തൻെറ ഭാഗത്തിലുള്ള വസ്തുക്കൾ കൂടി സഹോദരനു വിട്ടുകൊടുത്തുവെന്നു മുൻപു പറഞ്ഞല്ലൊ. ദേശാടനം ചെയ്തു തമിഴപാട്ടു പാടി കവിയശസ്സു സമ്പാദിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പിന്നത്തെ ആഗ്രഹം. ഈ ആഗ്രഹം സാധിക്കുന്നതിനു വേണ്ടി അദ്ദേഹം തൻെറ സമകാലികന്മാരായ കവിപുങ്ഗവന്മാരുമായി ഒരു സാഹിത്യസമരം നടത്തുന്നതിനും ഈ സമരത്തിൽ പരാജിതന്മാരാകുന്നവരുടെ കർണ്ണം ഛേദിച്ചുകളയുന്നതിനും തീർച്ചപ്പെടുത്തിയിട്ടു് അതിലേക്കു് ചേരരാജാവിനോടു് ഒരു ഖഡ്ഗം ആവശ്യപ്പെട്ടു. രാജാവാകട്ടെ, വില്ലിപുത്തൂരർക്കു തമിഴഭാഷയിലുണ്ടായിരുന്ന അപാരപാണ്ഡിത്യത്തിൻെറയും കവിതാചാതുരിയുടേയും സ്മാരകമായി ഒരു ഖഡ്ഗം സമ്മാനിക്കയും നമ്മുടെ കവിമല്ലൻ ഈ പാരിതോഷികത്തെ സ്വീകരിച്ചിട്ടു തമിഴനാട്ടുകളിലെല്ലാം സഞ്ചരിച്ചു പല പണ്ഡിതന്മാരോടും സാഹിത്യപരമായ വാദപ്രതിവാദങ്ങൾ നടത്തിയതിൽ ജയശ്രീലാളിതനായിത്തീരുകയാൽ മുൻ കരാറനുസരിച്ചു, തോററവരുടെ ചെവി രാജാവു കൊടുത്ത വാൾ കൊണ്ടു ഛേദിച്ചുകളകയും ചെയ്തു. ഈ വസ്തു

ത, അന്ധകവി വീരരാഘവമുതലിയാർ പാടിയിട്ടുള്ള ഒരു പാട്ടിൽ നിന്നും വ്യക്തമാകുന്നുണ്ടു്. "തലയിൽ നല്ല കൊട്ടുകൊട്ടി നാട്ടിൽനിന്നും ആട്ടിപ്പുറത്താക്കുന്നതിനു് പിള്ളപ്പാണ്ഡ്യനോ, ചെവി പററെ അറുത്തുകളയുന്നതിനു വില്ലിപുത്തൂരരോ, തല കൊയ്തെറിയുന്നതിനു് ഒട്ടക്കൂത്തരോ ഇപ്പോൾ ഇല്ലാത്തതിനാൽ വിദ്വന്മന്യന്മാരായ ക്ഷുദ്രകവികൾക്കു പാട്ടും പാടിക്കൊണ്ടു് എവിടേയും നിർഭയം സഞ്ചരിക്കാം" എന്നാണ് മേല്പറഞ്ഞ പാട്ടിൻെറ സാരം.

വില്ലിപുത്തൂരരുമായി മത്സരിച്ചു പാടിയ കവികളിൽ അനന്തൻേറയും അരുണഗിരിനാഥരുടേയും പേരുകൾ പ്രത്യേകം പ്രസ്താവാർഹങ്ങളാകുന്നു. അനന്തകവി വില്ലിപുത്തൂരരുമായി വാദപ്രതിവാദം നടത്തിയതിൽ കൊമ്പുകുത്തുകയാണുണ്ടായതു്. അതിനാൽ വില്ലിപുത്തൂരർ മുൻ പ്രതിജ്ഞയനുസരിച്ചു് അനന്തൻെറ രണ്ടു ചെവിയും ഛേദിച്ചുകളയാൻ ഭാവിച്ചു. അപ്പോൾ അനന്തൻ, "അല്ലയോ കവിസാർവ്വഭൗമ! ഭവാൻ കർണ്ണഛേദം ചെയ്തു് എന്നെ സാക്ഷാൽ അനന്തൻ (ആദിശേഷൻ) ആക്കിത്തീർക്കാൻ പോകുകയാണ്, അല്ലേ? വളരെ സന്തോഷമായി" എന്നു് ചമൽക്കാരപൂർവ്വം പറഞ്ഞു. ആദിശേഷൻ സർപ്പമാണല്ലോ. സർപ്പങ്ങൾക്കു ചെവി പ്രത്യേകമായിട്ടില്ലെന്നു് പ്രസിദ്ധം. അവ കണ്ണിനെയാണ് ചെവിയായിട്ടു കൂടി ഉപയോഗപ്പെടുത്തുന്നതു്. അതുകൊണ്ടത്രേ അവയ്ക്കു ചക്ഷുശ്രവസ്സുകൾ എന്നു പേർ ലഭിച്ചതു്. വില്ലിപുത്തൂരർ അനന്തകവിയുടെ ചെവി അറുത്തുകളയുന്നപക്ഷം അദ്ദേഹവും സാക്ഷാൽ അനന്തനെപ്പോലെ കർണ്ണവിഹീനനായിത്തീരുകയും തന്മൂലം അനന്തൻ എന്ന പേരു തനിക്കു ഏററവും യോജിക്കയും ചെയ്യുമെന്നാണ് അനന്തകവി പറഞ്ഞതിൽ അന്തർഭവിച്ചിരിക്കുന്ന യുക്തി. ഈ യുക്തിവചനം കേട്ടു സന്തോഷിച്ചു വില്ലിപുത്തൂരർ അനന്തകവിയെ ചെവിയറുക്കാതെ വിട്ടുകളഞ്ഞു.

വില്ലിപുത്തൂരർ ഷണ്മുഖഭക്തശിരോമണിയും ഒരു അനുഗൃഹീത മഹാകവിയുമായ അരുണഗിരിനാഥരുമായും ഒരു സാഹിത്യസമരം നടത്തിയെന്നു പ്രസ്താവിച്ചുവല്ലോ. പ്രകൃതകവി അരുണഗിരിനാഥരുടെ പ്രഭാവങ്ങൾ പലരിൽ നിന്നും കേട്ടു് ആ മഹാത്മാവുമായി ഒന്നു സന്ധിക്കുന്നതിനു സ്വയം തിരുവണ്ണാമലയിൽ ചെല്ലുകയാണുണ്ടായതു്. ഇക്കാലത്തു് അരുണാചലത്തെ ഭരിച്ചിരുന്നതു പ്രൌഢദേവൻ എന്ന രാജാവായിരുന്നു. ഇദ്ദേഹം വില്ലിപുത്തൂരരുടെ അദ്വിതീയമായ പാണ്ഡിത്യത്തേയും അന്യാദൃശമായ കവിതാചാതുര്യത്തേയും തന്നിമിത്തം അദ്ദേഹത്തിനു ലഭിച്ചിരുന്ന ബിരുദങ്ങളേയും മററും പററി കേട്ടിരുന്നുവെങ്കിലും അദ്ദേഹം തന്നോടു വാദിച്ചു തോൽക്കുന്നവരുടെ കർണ്ണങ്ങൾ ഛേദിച്ചു വന്നതും മഹാനുഭാവനായ അരുണഗിരിനാഥരുടെ സുബ്രഹ്മണ്യപരങ്ങളായ ദിവ്യസ്തോത്രങ്ങളെപ്പററി ചില ആക്ഷേപങ്ങൾ പുറപ്പെടുവിച്ചതും അറിഞ്ഞു കോപാവിഷ്ടനായിട്ടു് അരുണഗിരിനാഥരെക്കൊണ്ടുതന്നെ ആ കവിമല്ലൻെറ അഖർവ്വമായ ഗർവ്വത്തെ നിർവ്വാപണം ചെയ്യിക്കുന്നതിനു നിശ്ചയിച്ചിരുന്നപ്പോഴാണു് അദ്ദേഹം (വില്ലിപുത്തൂരർ) അരുണാചലത്തിൽ ചെന്നു് അവിടെയുള്ള കവികളെ സാഹിത്യസമരത്തിനായി ക്ഷണിച്ചതു്. പ്രൌഢദേവൻ ഇതുതന്നെ തരമെന്നു കരുതി ഈ രണ്ടു മഹാകവികളും തമ്മിൽ ഒരു സാഹിത്യദ്വന്ദ്വയുദ്ധത്തിനിടയാക്കി. ഓരോരുത്തരും ഓരോ "അന്താദി" പാടണമെന്നും ഒരാൾ പാടിയതിനെ അപരൻ വ്യാഖ്യാനിക്കണമെന്നും വ്യാഖ്യാനിക്കാൻ കഴിയാത്ത ആൾ തോററതായി ഗണിക്കപ്പെടുകയും കർണ്ണച്ഛേദമാകുന്ന ശിക്ഷയ്ക്കു പാത്രീഭവിക്കയും ചെയ്യണമെന്നായിരുന്നു കരാറു്. അതനുസരിച്ചു് ആദ്യം വില്ലിപുത്തൂരർ അഴകരന്താദി എന്ന കൃതി പാടുകയും അരുണഗിരിനാഥർ അതിലെ ഓരോ പാട്ടും നിഷ്പ്രയാസം വ്യാഖ്യാനിക്കയും ചെയ്തു. രണ്ടാമതു് അരുണഗിരിനാഥർ സ്വസ്വാമിയായ സ്കന്ദനെ സ്തുതിച്ചു സ്കന്ദരന്താദി എന്ന കൃതി പാടിത്തുടങ്ങുകയും വില്ലിപുത്തൂരർ ഈ ഉൽകൃഷ്ടകൃതിയിലെ ഓരോ പാട്ടും യാതൊരു ക്ലേശവും കൂടാതെ മുറയ്ക്കു വ്യാഖ്യാനിച്ചു വരികയും ചെയ്തു. എന്നാൽ,

"തിത്തത്തത്തിത്തത്തിതതാതൈതതാതത്തുത്തത്തിത്തത്തിതാ
തിതത്തത്തത്തിതതിതിത്തിത്തതേത്തുത്തുതിത്തിതത്താ
തിത്തത്തത്തത്തിത്തതൈത്തതാതതീതേത്തുതൈതാതത്തു
തിതത്തത്തത്തിത്തിത്തിതീതീതിത്തിത്തുതിതീതാത്തത."

"എന്ന യമകപ്രധാനമായ അൻപത്തിനാലാമത്തെ പാട്ടായപ്പോൾ നമ്മുടെ മഹാകവി അതിന്റെ അർത്ഥം ഗ്രഹിക്കാൻ ശക്തനാകായ്കയാൽ വല്ലാതെ കുഴങ്ങി വശായി.

"ഗ്രന്ഥഗ്രന്ഥിരിഹ ക്വചിത് ക്വചിദപിന്യാസിപ്രയത്നാന്മയാ."

എന്നു ശ്രീഹർഷമഹാകവി പറഞ്ഞിട്ടുള്ളതുപോലെ വാസ്തവത്തിൽ ഈ പാട്ട് അരുണഗിരിനാഥരുടെ ഒരു "ഗ്രന്ഥഗ്രന്ഥി" തന്നെയായിരുന്നു. പഠിച്ച വിദ്യ പതിനെട്ടും നോക്കിയിട്ടും വില്ലിപുത്തൂരർക്ക് ഇതിനെ വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ല. ഉടൻ അരുണഗിരിനാഥർ നിഷ്പ്രയാസം വ്യാഖ്യാനിച്ചു കേൾപ്പിച്ചു. അപ്പോൾ വില്ലിപുത്തൂരർ താൻ പരാജിതനാകയാൽ പൂർവ്വപ്രതിജ്ഞയനുസരിച്ചു തന്റെ രണ്ടു ചെവിയും അറുത്തു കൊള്ളുന്നതിനു സമ്മതിച്ചു, വാദത്തിൽ തന്നോടു തോററവരുടെ കുണ്ണങ്ങൾ ഛേദിക്കുന്നതിനു താൻ ഉപയോഗിച്ചുവന്ന ഖഡ്ഗത്തെ കുണ്ഠിതത്തോടും ലജ്ജയോടുംകൂടി അരുണഗിരിനാഥരുടെ സന്നിധിയിൽവെച്ചു. വില്ലിപുത്തൂരർ വാദത്തിൽ തോററുപോയതിനാൽ മുൻകരാറനുസരിച്ച് അദ്ദേഹത്തിന്റെ കുണ്ണങ്ങൾ രണ്ടും ഛേദിച്ചു കളയേണ്ടതാണെന്ന് അവിടെ കൂടിയിരുന്ന പലരും ശഠിച്ചുവെങ്കിലും അതിനെ ഗണിക്കാതെ കരുണാവാരിധിയായ അരുണഗിരിനാഥർ "അല്ലയോ മഹാകവേ! ഞാൻ ഇപ്പോൾ ഭവാന്റെ കുണ്ണങ്ങളെ ഛേദിക്കണമെന്നു വിചാരിക്കുന്നില്ല. മേലാൽ അങ്ങ് ആരുടേയും കുണ്ണങ്ങൾ ഛേദിക്കയില്ലെന്നു പ്രതിജ്ഞ ചെയ്തിട്ടു പൊയ്ക്കൊൾക" എന്നു വില്ലിപുത്തൂരരോടു പറകയും അദ്ദേഹം തദനുസരണം പ്രവർത്തിക്കയും ചെയ്തു.

വില്ലിപുത്തൂരർ ഒരു വീരവൈഷ്ണവനായിരുന്നതിനാൽ മടങ്ങിപ്പോയപ്പോൾ അരുണഗിരിയിലെ ശിവാലയം ദൃശ്യമാകാതെയിരിക്കുന്നതിനായി തന്റെ പല്ലക്കിൽ മറയിടുകയും തന്റെ അനുചരന്മാരോടു ശിവദർശനം ചെയ്യാൻ പാടില്ലെന്നു പ്രത്യേകം ചട്ടംകെട്ടുകയും ചെയ്തു. ഇതറിഞ്ഞു സുബ്രഹ്മണ്യഭക്തനായ അരുണഗിരിനാഥർ, "അഹോ! കഷ്ടം! ഭക്തദാസനായ അരുണാചലേശനെ ദർശിച്ചു സ്തോത്രം ചെയ്തു തന്റെ നയനരസനകൾക്കു ജന്മസാഫല്യം നൽകാൻ ഇയാൾക്കു തോന്നിയില്ലല്ലോ" എന്ന് അന്തസ്സാപത്തോടുകൂടി പറയുകയുണ്ടായി. ഏതായാലും തൽക്ഷണം തന്നെ വില്ലിപുത്തൂരരുടെ രണ്ടു കണ്ണിനും തീരെ കാഴ്ചയില്ലാതായി. അതിനാൽ അദ്ദേഹം അരുണഗിരിനാഥരുടെ സന്നിധിയിൽ ചെന്ന് "അല്ലയോ പരമകാരുണികപ്രഭോ! പരമശിവനെപ്പററിയുള്ള അവജ്ഞയുടെ ഫലമായി ഇതാ എന്റെ കണ്ണിനു കാഴ്ചയില്ലാതായിത്തീർന്നിരിക്കുന്നു. മുൻപു കുണ്ണദാനം ചെയ്തതുപോലെ ഇപ്പോൾ നയനദാനംകൂടി ചെയ്ത് എന്നെ അനുഗ്രഹിക്കുന്നതിന് അവിടുത്തേക്കു ദയയുണ്ടാകണമേ" എന്നു സഗദ്ഗദം പ്രാർത്ഥിച്ചു. അപ്പോൾ ഭക്തോത്തംസമായ അരുണഗിരിനാഥർ. "അരുണാചലേശനെ സ്തുതിച്ചു പാടുന്ന അവസരത്തിൽ ഭവാന്റെ കണ്ണിനു കാഴ്ചയുണ്ടാകും" എന്നു മറുപടി പറകയാൽ നമ്മുടെ മഹാകവി,

"ഒരേനന്തനൈനൈരഞ്ചടവൊളിത്തരുളമിരുപാതത്തൊരുവനന്തപ്
പ്പോരേനന്തനൈനെഞ്ചേതടിക്കണങ്കളുടൻ പുരപ്പെട്ടാൻ."

എന്നു ശിവസ്തുതിപരമായ ഒരു പാട്ടു പാടുകയും തൽക്ഷണം തന്നേ അദ്ദേഹത്തിന്റെ രണ്ടു കണ്ണുകളും യഥാപൂർവം കാഴ്ചയുള്ളതായിത്തീരുകയും ചെയ്തു.

വില്ലിപുത്തൂരർ ഭാരതവും അഴകരന്താദിയും കൂടാതെ അപ്പോളപ്പോയി അനേകം ഒററപ്പാട്ടുകളും രചിച്ചിട്ടുണ്ട്. പക്ഷേ, ഭാരതം മാത്രമേ മുദ്രിതമായിട്ടുള്ളുയെന്നാണ് തോന്നുന്നത്.

ഈ മഹാകവിയുടെ അവസാനകാലത്തെ സംബന്ധിച്ചു വിശദമായി യാതൊന്നും അറിയാൻ പാടില്ല. എങ്കിലും ഒടുവിൽ ഇദ്ദേഹം വിഷയവിരക്തനായിത്തീരുകയും ശ്രീരംഗത്തിൽ താമസിച്ചു ബാക്കിയുള്ള തന്റെ ആയുഷ്കാലം ഭഗവദ്ധ്യാനാർത്ഥം വിനിയോഗിക്കുകയും ചെയ്തുവെന്നുള്ളതു നിശ്ചയമാണ്.

# സാഹിത്യരത്നമാല.

(മൂന്നക്കരെ കെ. രാമവാരിയർ.)

## രത്നം xiv.

### യജുർവേദം.

ഋഗ്വേദവിമൎശത്തിൽ മററു മൂന്നു വേദങ്ങളേക്കുറിച്ചുള്ള പല സംഗതികളും അതതു സന്ദർഭങ്ങളിൽ പ്രസ്താവിച്ചു കഴിഞ്ഞു. ഇനി അവയിൽ ഉൾപ്പെടാത്ത പ്രത്യേകം ചില സംഗതികളേക്കുറിച്ചു മാത്രം അല്പം പറയാനുണ്ട്. അതുകൾ ആദ്യമായി യഥാക്രമം ഉപന്യസിക്കാം. ഋഗ്വേദത്തിൽനിന്നു യജുർവേദത്തിൽ സ്ഥലഭേദം വന്നിട്ടുള്ളതു കൂടാതെ ആൎയ്യന്മാരുടെ ജീവിതചൎയ്യയിൽ ധൎമ്മപരമായും സമുദായസംബന്ധമായും ചില മാററങ്ങൾകൂടി വന്നു കാണുന്നുണ്ട്. വൈദികപരിഷ്കാരം ഉൽക്കൎഷത്തെ പ്രാപിച്ചിരിക്കുന്ന പ്രദേശം പൂൎവ്വഭാഗത്താണ് എന്നു യജുർവേദത്തിൽനിന്നു നമുക്കു ഗ്രഹിക്കാം. സിന്ധുവിനേയൊ അതിന്റെ പോഷകനദികളേയോ കുറിച്ചു യജുർവേദത്തിൽനിന്നു നാം ഒന്നും അറിയുന്നില്ല. യാഗസംഹിതയ്ക്കു പല പാഠങ്ങൾ ഉണ്ടെങ്കിലും അവയിലെല്ലാം നിർദ്ദേശിച്ചിരിക്കുന്നതു കുരുപാഞ്ചാലവാസഭൂമിയേ ആണ്. അതുകൊണ്ടു യജുർവേദത്തിലെ സ്ഥലം ഏകദേശം വടക്കേ ഇന്ത്യയുടെ മദ്ധ്യപ്രദേശമത്രെ.

കുരുവാസഭൂമിക്കു കുരുക്ഷേത്രം എന്നാണു നാമകരണം ചെയ്തിരിക്കുന്നത്. അതു യജുർവേദശാഖകളുടെയും യജുർവേദബ്രാഹ്മണങ്ങളുടേയും പുണ്യഭൂമി (ധൎമ്മക്ഷേത്രം) ആണ്. കുരുക്ഷേത്രം "സററ്ലജ്ജ് നദി"യുടേയും യമുനയുടേയും മദ്ധ്യപ്രദേശത്തു, ദൃഷദ്വതിയാലും സരസ്വതിയാലും ആവൃതമായ ഭൂമി മുതൽക്കു യമുനയുടെ തെക്കുകിഴക്കുവരെ സ്ഥിതി ചെയ്യുന്നു. ഇപ്രദേശത്തോടു വളരെ ചേൎന്നു നേരെ കിഴക്കു വശത്താണു പാഞ്ചാലരാജ്യം. ഇതു മീററു (Meret district) ഡിസ്ത്രിക്കിൽനിന്ന് അലഹബാദ് (Alahabad) വരെ തെക്കുകിഴക്കായി യമുനയുടേയും ഗംഗയുടേയും നടുക്കുള്ള പ്രദേശത്തോടു തൊട്ടു കിടക്കുന്നു. ഈ കുരുക്ഷേത്രത്തിൽ വച്ചാണു ബ്രാഹ്മണസമുദായധൎമ്മപദ്ധതികൾ അഭിവൃദ്ധിയേ പ്രാപിച്ചതു്. കുരുക്ഷേത്രത്തിനു ചരിത്രപരമായ ഒരു വൈശിഷ്ട്യംകൂടി ഉണ്ട്. പാഞ്ചാലന്മാരും മാത്സ്യന്മാരും ഒരു കക്ഷിയിലും കുരുക്കളും ഭരതന്മാരും മറുകക്ഷിയിലും നിന്നു നടത്തിയ സുപ്രസിദ്ധമായ മഹാഭാരതയുദ്ധം കുരുക്ഷേത്രത്തിൽ വച്ചായിരുന്നല്ലൊ. കുരുരാജ്യം ബ്രാഹ്മണധൎമ്മത്തിന്റെ കേന്ദ്രസ്ഥാനമാണെന്നു മനുസ്മൃതിയിൽ പറയുന്നു. ഇതിനു് ആ ഗ്രന്ഥത്തിൽ നാമകരണം ചെയ്തിരിക്കുന്നതു 'ബ്രഹ്മാവൎത്ത'മെന്നാണ്. പാഞ്ചാലരാജ്യവും യമുനയുടെ തെക്കുവശത്തുള്ള അയൽരാജ്യങ്ങളും, മധുരയോടു ചേൎന്ന മാത്സ്യരാജ്യവും ശൂരസേനവിഷയവും കൂടിച്ചേൎന്നതാണു 'ബ്രഹ്മൎഷിദേശം.' ഈ ബ്രഹ്മൎഷിദേശത്താണു വീരാഗ്രഗണ്യന്മാരായ യോദ്ധാക്കളും അതിവിശിഷ്ടന്മാരായ പുരോഹിതന്മാരും (ഋഷികളും) അധിവസിച്ചിരുന്നത്. ഇവിടത്തെ നടപടിക്രമം തന്നെ മുറയ്ക്കു് ആൎയ്യധൎമ്മത്തിനു പ്രമാണമായിത്തീൎന്നു.

### (2) ശാഖകൾ.

"യജുർവേദം ശതശാഖമാണ്" എന്നു മഹാഭാഷ്യത്തിൽ പറയുന്നു. യജുർവേദത്തിനു് ഇരുപത്തേഴ ശാഖയുണ്ടെന്നു വിഷ്ണുപുരാണത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. കഠം, കാലാപം, വാജസനേയം, തൈത്തിരീയം, കപിസ്ഥലം, മൈത്രായണീയം ഇവ യജുർവേദത്തിന്റെ മുഖ്യശാഖകളാണ്. കഠം, കപിസ്ഥലം, കാലാപകം, മൈത്രായണീയം ഇവ ചരകശാഖയിൽപ്പെട്ടതാണുതാനും. വ്യാസനിൽനിന്നു വൈശമ്പായനനു കിട്ടിയ യജുർവേദത്തെ അദ്ദേഹം സ്വശിഷ്യന്മാരായ ചരകനും, അദ്ധ്വരീയനും, യാജ്ഞവൽക്യനും ഉപദേശിച്ചു. യാജ്ഞവൽക്യനിൽനിന്നു തൈത്തരീയശാഖയും വാജസേണീയശാഖയും ഉണ്ടായി. ഈ വാജസേണീയത്തിൽനിന്നു പതിനഞ്ചു ഭിന്നശാഖകൾ ഉത്ഭവിച്ചു. ഇവയ്ക്കു കണ്വശാഖ, മദ്ധ്യാഹ്ന (മാദ്ധ്യംദിന) ശാഖ ഇത്യാദി നാമങ്ങളും കല്പിച്ചു. ഈ പതിനഞ്ചു ശാഖയിൽ രണ്ടിന്റെ നാമം മാത്രമേ ഭാഗവതത്തിൽ കാണുന്നുള്ളു. യാജ്ഞവൽക്യൻ സബ്രഹ്മചാരി

കളെ നിന്ദിച്ചതുകൊണ്ടു പഠിച്ച വേദത്തെ ഛർദ്ദിക്കാൻ ഗുരു കല്പിച്ചു. അദ്ദേഹം അങ്ങിനെ ചെയ്തു. മുനികൾ തിത്തിരിപ്പക്ഷികളുടെ രൂപം പൂണ്ടു് അതുകൾ ഭക്ഷിച്ചു. ഇങ്ങനെയാണു തൈത്തിരീയശാഖയുണ്ടായതു്. പിന്നെ യാജ്ഞവൽക്യൻ, മിത്രനോ (സൂൎയ്യനേ) തപസ്സു ചെയ്തു. മിത്രൻ വാജിരൂപം ധരിച്ചുവന്നു യാജ്ഞവൽക്യനു യജൂൎവ്വേദമുപദേശിച്ചു. ഈ ശാഖയ്ക്കു് വാജസേനീയം എന്നും മുനിക്കു മൈത്രേയൻ എന്നും നാമങ്ങൾ സിദ്ധിച്ചു. ഇങ്ങനെ ഈ ശാഖകളെക്കുറിച്ചു രണ്ടു കഥ മഹാഭാഗവതത്തിൽ കാണുന്നു.

യജുൎവ്വേദത്തിനു കുരുക്ഷേത്രപ്രദേശങ്ങളിൽ വച്ചു തന്നെയാണു പല ശാഖകൾ ഉണ്ടായതു്. അവ ക്രമേണ ഇൻഡ്യയിൽ മററു സ്ഥലങ്ങളിലും പ്രചരിച്ചു. അവയിൽ ഒന്നു കഠശാഖയാണു്. അതിൻെറ അവാന്തരവിഭാഗത്തിനു കപിസ്ഥലശാഖയെന്നും പറയും. ഗ്രീക്കുകാർ ഇൻഡ്യയിൽ വന്നപ്പോൾ കഠശാഖ പഞ്ചാബിലും കപിസ്ഥലശാഖ കാശ്മീരത്തിൽക്കൂടെയും പ്രചരിച്ചിരുന്നു. എന്നാൽ കഠശാഖ ഇപ്പോൾ കാശ്മീരത്തു മാത്രമേ ഉള്ളു. കപിസ്ഥലശാഖയ്ക്കു് ഇപ്പോൾ പ്രചാരമേ ഇല്ല. ആദ്യം കാലാപശാഖ എന്നു വിളിച്ചുവന്ന മൈത്രായണീയശാഖ സമുദ്രതീരത്തു നിന്നു ഏകദേശം ഇരുനൂറു നാഴിക അകലെ നൎമ്മദാനദിയുടെ ചുററിനും അതായതു് അതിൻെറ പതനസ്ഥലത്തുനിന്നു് നൂറുനാഴിക തെക്കോട്ടു നാസിക്കു് (Nasik) വരെയും, വടക്കോട്ടു ബറോഡാ നഗരി വരെയും, ഉള്ള സ്ഥലങ്ങളിൽ പ്രചരിച്ചിരുന്നു. ഇപ്പോൾ നൎമ്മദയുടെ വടക്കു ഗുജറാത്തിൽ (Gujarat)— വിശിഷ്യ അലഹബാദിലും (Allahabad) മോർവിയിലും (Morvi)—ഈ ശാഖയുടെ ബാക്കി ഇന്നും ഉണ്ടു്. ക്രിസ്തുവൎഷാരംഭത്തിനു മുമ്പു് ഈ രണ്ടു ശാഖയ്ക്കും ഭാരതവൎഷത്തിൽ വളരെ പ്രചാരം ഉണ്ടായിരുന്നിരിയ്ക്കും. എന്തെന്നാൽ യജുൎവ്വേദത്തിലെ കഠകാലാപശാഖകൾ സാധാരണയായി അറിയാമെന്നും അവയിലെ സിദ്ധാന്തങ്ങൾ ഓരോ ഗ്രാമത്തിലും ഘോഷിക്കപ്പെട്ടിരുന്നു എന്നും വ്യാകരണഭാഷ്യകാരനായ പതഞ്ജലി പറയുന്നു. രാമായണകാലത്തു വിശിഷ്യ ഈ രണ്ടു ശാഖകൾ അയോധ്യയിലും (Oudh) ബഹുമാനിക്കപ്പെട്ടിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു്.

യജുൎവ്വേദത്തിലെ വേറെ രണ്ടു ശാഖകൾ ക്രമേണ മുൻപറഞ്ഞ രണ്ടു ശാഖയേയും അതിക്രമിച്ചു. ഈ നവീനശാഖകളിൽ തൈത്തിരീയം നൎമ്മദാനദിയുടെ തെക്കുഭാഗത്തു മാത്രമേ ഇപ്പോൾ പ്രചരിക്കുന്നുള്ളു. അവിടെ അതു് എ. ഡി. നാലാം നൂററാണ്ടുമുതൽക്കുള്ളതായി ലക്ഷ്യം കിട്ടിയിട്ടുണ്ടു്. തൈത്തിരീയശാഖയുടെ ഏററവും പ്രധാന വിഭാഗമായ "അപസ്തംഭന്മാർ" ഗോദാവരീതീരങ്ങളിൽ ഇന്നും കാണുന്നു. "ഹിരണ്യകേശികൾ" എന്ന മറെറാരു വിഭാഗം കുറേക്കൂടെ തെക്കു് ഇപ്പോൾ പ്രചാരത്തിൽ ഇരിക്കുന്നു. വാജസനീയശാഖ തെക്കുകിഴക്കായി ഗംഗാനദീതീരത്തു പ്രചരിച്ചിരുന്നു. ഇക്കാലത്തു് ആ ശാഖ വടക്കുകിഴക്കും മധ്യഭാരതത്തിലും (Central India) കൂടെ കാണുന്നു. യജുൎവ്വേദത്തിൻെറ ഈ നാലു ശാഖയും അല്പം ചില പാഠഭേദങ്ങളോടുകൂടി മിക്കവാറും സൂക്ഷിച്ചിട്ടുണ്ടു്.

## (3) സംഹിത.

മൈത്രായണീയസംഹിതയ്ക്കു നാലു കാണ്ഡവും ഈ കാണ്ഡങ്ങളിൽ ആകെ നാല്പത്തിനാലു് പ്രപാഠകങ്ങളും കാണുന്നു. കഠസംഹിത അഥവാ കഠോപനിഷത്തു കഠശാഖയിൽ പെട്ടതാണു്. ഈ രണ്ടു ശാഖയ്ക്കും തമ്മിൽ വളരെ സാദൃശ്യം കാണുന്നു. കപിസ്ഥലകഠസംഹിതകൾക്കു ശരിയായ ഒരു കൈയെഴുത്തുഗ്രന്ഥം ഇന്നേവരെ കണ്ടുകിട്ടിയിട്ടുള്ളതായി അറിവില്ല. എന്നാൽ അങ്ങുമിങ്ങും ഏതാനും ഭാഗങ്ങൾ കാണുന്നുണ്ടുതാനും. തൈത്തിരീയസംഹിതയ്ക്കു് ഏഴു കാണ്ഡവും ആകക്കൂടി നാല്പത്തുനാലു (പ്രപാഠകങ്ങളും) ഉണ്ടു്. ഇതു മുൻപറഞ്ഞ ശാഖകളെക്കാൾ അവാചീനമാണെന്നു് അനുമാനിച്ചിരിക്കുന്നു. മൈത്രായണീയം കഠശാഖ, തൈത്തിരീയസംഹിത ഇവയിലെ സംഗതി മിക്കവാറും ഒന്നുതന്നെ. പ്രപാഠകങ്ങൾക്കു പരസ്പരസംബന്ധം ഉണ്ടു്. ഇവയിലെ ആ സൂണം വാഗ്രൂപമത്രേ. ഇവയിലെ പദ്യങ്ങളും ഗദ്യസൂത്രങ്ങളും ശ്രവിച്ചു പഠിക്കുന്നതിനു് അനുരൂപമായ വിധത്തിൽ തയാറാക്കിയിരിക്കുന്നു എന്നു സാരം. ഇവയിലെ ആ സൂത്രങ്ങൾക്കു സംഗതയിലും പരസ്പരസാദൃശ്യമുണ്ടു്. എന്നാൽ വാജസനീയസംഹിതയിലെ ക്രമം മററു മൂന്നിൽനിന്നും ഭേദിച്ചിരിക്കുന്നു. മൈത്രായണീയസംഹിത 1881-ലും, തൈത്തിരീയസംഹിത 1871-ലും, കഠസം

ഹിത പിൻകാലത്തും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. കൈയെഴുത്തുപ്രതികളും പണ്ടേ സുലഭമത്രേ.

ശുക്ലയജുൎവ്വേദം—കൃഷ്ണയജുൎവ്വേദം.

വാജസനേയസംഹിതയ്ക്കു് ശുക്ലയജുൎവേദം എന്നു് ഒരു ശാഖയുണ്ടു്. യാഗസന്ദർഭങ്ങളിൽ മന്ത്രപാഠം ചെയ്യാനുള്ള പദ്യങ്ങളും സൂത്രങ്ങളും മാത്രമേ ശുക്ലയജുൎവേദത്തിലുള്ളു. ഇതിലെ കർമ്മപദ്ധതി മുഴുവൻ ഇതിന്റെ ബ്രാഹ്മണത്തിൽ വിവരിക്കുന്നു. അതുകൊണ്ടു മന്ത്രപദ്ധതിക്കു ശുക്ലയജുൎവേദമെന്നും കർമ്മപദ്ധതിക്കു കൃഷ്ണയജുൎവേദമെന്നും നാമകരണം ചെയ്തിരിക്കുന്നു. യജുൎവേദസംഹിതയിൽ ഈ രണ്ടു പദ്ധതിയിലേയും സംഗതികൾ കലർത്തിച്ചേർത്തിരിക്കുന്നു. വാജസനേയസംഹിതയ്ക്കു മാദ്ധ്യംദിനശാഖയെന്നും കണ്വശാഖയെന്നും രണ്ടു പാഠമുണ്ടു്. ഇവ ആനുപൂൎവ്വത്തിലും സംഗതിയിലും മിക്കവാറും യോജിച്ചു കാണുന്നു. പദ്യങ്ങളിൽ യാതൊരു ഭേദഗതിയും ഇല്ലെങ്കിലും ഗദ്യങ്ങളിൽ ഇവയ്ക്കു തമ്മിൽ ചില പാഠഭേദങ്ങൾ ഉണ്ടു്. ദേശഭേദം അനുസരിച്ചും മററും ചില സ്വരഭേദങ്ങളും വൎണ്ണഭേദങ്ങളും കൂടി സംഭവിച്ചിട്ടുണ്ടായിരിക്കാം. ശുക്ലയജുൎവേദം മാദ്ധ്യംദിന കണ്വശാഖകളോടുകൂടി 1849-ൽ അച്ചടിച്ചു പ്രസിദ്ധമാക്കിട്ടുണ്ടു്. ഈ യജുൎവേദത്തിൽ നാല്പതദ്ധ്യായം കാണുന്നു. ഇതിൽ ആദ്യം പതിനെട്ടദ്ധ്യായമേ ഉണ്ടായിരുന്നുള്ളു എന്നു് അഭ്യന്തരവും ബാഹ്യമായും ഉള്ള തെളിവുകൾകൊണ്ടു് സമൎത്ഥിച്ചിരിക്കുന്നു.

ഈ പതിനെട്ടദ്ധ്യായത്തിലുള്ള പദ്യമന്ത്രങ്ങൾക്കും ഗദ്യമന്ത്രങ്ങൾക്കും മാത്രമേ സൂക്തങ്ങൾ അഥവാ മന്ത്രങ്ങൾ എന്ന സംജ്ഞ കല്പിച്ചു കാണുന്നുള്ളു. ഈ മന്ത്രങ്ങളെല്ലാം തൈത്തിരീയശാഖയിൽ ഉള്ളവ മാത്രമാണെന്നാണു്. ഇരുപത്തിരണ്ടുമുതൽ ഇരുപത്തഞ്ചു (22-25) വരെ അദ്ധ്യായങ്ങളിൽ ചില ഭാഗങ്ങളിൽ പറയുന്ന അശ്വമേധപ്രകരണം തൈത്തിരീയത്തിലില്ല. പ്രത്യുത ഇതിൽ ഒടുവിലത്തെ ഇരുപതദ്ധ്യായത്തിലുള്ള സംഗതികൾ തൈത്തിരീയത്തിലെ ബ്രാഹ്മണത്തിലും ആരണ്യകത്തിലും മാത്രമേ കാണുന്നുള്ളു. വിശിഷ്യ അവ വാജസനേയസംഹിതയിലെ ആദ്യത്തെ പതിനെട്ടദ്ധ്യായത്തിലുള്ള മന്ത്രങ്ങൾ മാത്രമാണു്. ഈ സൂക്തങ്ങൾ വാജസനേയബ്രാഹ്മണത്തിൽ ഉദ്ധരിച്ചു് ആദ്യത്തെ ഒൻപതദ്ധ്യായത്തിൽ പദാനുപദമായി വ്യാഖ്യാനിച്ചിട്ടുണ്ടു്. പിന്നീടുള്ള പതിമൂന്നദ്ധ്യായത്തിലെ ഏതാനും മന്ത്രങ്ങളെക്കുറിച്ചു മാത്രമേ ആ ബ്രാഹ്മണത്തിൽ പറയുന്നുള്ളു. കാർത്ത്യായനന്റെ അനുക്രമണികയനുസരിച്ചു ശുക്ലയജുൎവേദത്തിലെ ഇരുപത്താറുമുതൽ പത്തദ്ധ്യായങ്ങൾ ഖിലങ്ങളാണു്.

വാജസനേയസംഹിതയിലെയും സ്ഥിതി ഇങ്ങനെതന്നെയാണെന്നു് അഭ്യന്തരങ്ങളായ തെളിവുകളെ പരിശോധിച്ചാൽ വ്യക്തമാകും. ഇരുപത്താറുമുതൽ ഇരുപത്തൊൻപതുവരെയുള്ള അദ്ധ്യായങ്ങളിലെ മന്ത്രങ്ങൾ പൂൎവ്വാദ്ധ്യായങ്ങളിലെ യാഗകൎമ്മങ്ങളെ സംബന്ധിക്കുന്നതും ആ യാഗങ്ങൾക്കു് ഉപയോഗിക്കുന്നതും ആണെന്നുള്ള വാസ്തവം അവയുടെ ഖില സ്വഭാവത്തിനു ലക്ഷ്യമാണു്. മുപ്പതുമുതൽ മുപ്പത്തൊൻപതുവരെ (30-39) അടുത്ത പത്തദ്ധ്യായം നരമേധം, പിതൃമേധം തുടങ്ങിയ നവീനയാഗങ്ങളെ സംബന്ധിക്കുന്നതാണു്. നാല്പതാം അദ്ധ്യായത്തിനു യാഗവുമായി യാതോരു ബന്ധവും ഇല്ലാത്തതുകൊണ്ടു് അതു പിന്നീടു ചേൎത്തതായിരിക്കും. ഈ അദ്ധ്യായത്തിനു കേവലം ഒരു ഉപനിഷത്തിന്റെ സ്വഭാവമാണുള്ളതു്. സംഹിതയിലെ ഭിന്നഭാഗങ്ങൾ ഭിന്നങ്ങളായ സമുദായധൎമ്മങ്ങളുടെ അഭിവൃദ്ധിയെ വ്യഞ്ജിപ്പിക്കുന്നു. പതിനാറാം അദ്ധ്യായത്തിൽ "ശ്രീരുദ്രനു്" വളരെ അഭിധാനങ്ങളും കാണുന്നുണ്ടു്. രുദ്രനു ശിവസംജ്ഞ സാധാരണമായിരിക്കുന്നു. എന്നാൽ ഈശാനൻ, മഹാദേവൻ എന്ന രണ്ടു പൎയ്യായവും മുപ്പത്തൊൻപതാമത്തെ അദ്ധ്യായത്തിലേ സ്വീകരിച്ചിട്ടുള്ളു. ഇതു രണ്ടു അനന്തരകാലങ്ങളിലെ ശൈവാരാധനയുടെ ഉൽക്കൎഷത്തിനാസ്പദമത്രേ. പതിനാറാം അദ്ധ്യായത്തിൽ ഏതാനും സങ്കരവൎണ്ണത്തെക്കുറിച്ചു് മാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ മുപ്പതാമദ്ധ്യായത്തിൽ ഇൻഡ്യയിലെ മിക്ക സങ്കരവൎണ്ണങ്ങളും ഉൾപ്പെടുന്നു. അതുകൊണ്ടു പതിനാറാം അദ്ധ്യായം ഉണ്ടാക്കിയ കാലത്തെ സങ്കരവൎണ്ണങ്ങളിൽ ചിലതു മുപ്പതാമദ്ധ്യായം നിൎമ്മിച്ച കാലത്തു് ഉണ്ടായിരുന്നില്ല എന്നു് അനുമാനിക്കുന്നതു" മിക്കവാറും ശരിയായിരിക്കും.

ഈ ശുക്ലയജുർവേദത്തെ, കാലാനുസാരിയായ യുക്തിയെ അടിസ്ഥാനമാക്കി മേൽ പ്രസ്താവിച്ച കാരണങ്ങളാൽ നാലായി തരം തിരിക്കാം. പ്രധാന ഭാഗമായ ആദ്യത്തെ പതിനെട്ടദ്ധ്യായത്തോട് അടുത്ത ഏഴദ്ധ്യായം (19-25) ആദ്യം ചേർത്തിരിക്കാം. എന്തെന്നാൽ ഈ രണ്ടു ഭാഗവും സാധാരണ യാഗക്രമങ്ങളെ ആശ്രയിക്കുന്നു. പിന്നത്തെ പതിനാലദ്ധ്യായം (26-39) യാഗകർമ്മങ്ങളുടെ അഭിവൃദ്ധിയെ കാണിക്കുന്നു. ഇരുപത്താറുമുതൽ ഇരുപത്തൊൻപതുവരെ നാലദ്ധ്യായത്തിൽ പൂർവ്വനിർദ്ദിഷ്ടങ്ങളായ യാഗപദ്ധതികളെയും മുപ്പതുമുതൽ മുപ്പത്തൊൻപതുവരെ പത്തദ്ധ്യായത്തിൽ നവീനങ്ങളായ യജ്ഞങ്ങളേയും കുറിച്ചു പറഞ്ഞിരിക്കുന്നു. ഒടുവിലത്തെ അദ്ധ്യായം (40) യാഗക്രമങ്ങൾ സർവ്വഥാ ഉൽകർഷത്തെ പ്രാപിച്ച ശേഷം നിർമ്മിച്ചതാണ്. അതിൽ യജ്ഞമന്ത്രങ്ങൾ ഇല്ല. എന്നാൽ അതു ഭക്തിയോഗത്തിന്റേയും കർമ്മപദ്ധതിയുടേയും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ശുക്ലയജുർവേദത്തിലെ പ്രധാന ഭാഗംപോലും കൃഷ്ണയജുർവേദത്തിന്റെ പാഠങ്ങളേക്കാൾ അർവ്വാചീനമായിട്ടായിരിക്കാം രൂപീകരിക്കപ്പെട്ടതു്. എന്തെന്നാൽ സംഹിതയിൽ മന്ത്രങ്ങൾ എല്ലാം ശരിയായി അനുസൂത്രണം ചെയ്തിരിക്കുമ്പോൾ കൃഷ്ണയജുർവേദത്തിൽ കർമ്മപദ്ധതിയും മന്ത്രപദ്ധതിയും കലർത്തി കുഴപ്പമാക്കിയിരിക്കുന്നു. അതുകൊണ്ടു കൃഷ്ണയജുർവേദത്തിൽനിന്നു മന്ത്രങ്ങൾ എടുത്തു ശുക്ലയജുർവേദത്തിൽ ക്രമപ്പെടുത്തിയെന്നു് അനുമാനിക്കാനാണു് അധികം ന്യായം കാണുന്നതു്.

### (5) പ്രകരണം.

യജുർവേദങ്ങളിലെ അതിപ്രധാനങ്ങളായ രണ്ടു പ്രകരണങ്ങൾ യാഗങ്ങളും അഗ്നിവേദികളുടെ നിർമ്മാണക്രമങ്ങളുമാണ്. യാഗപ്രകരണത്തിൽ ഈ ക്രിയാപദ്ധതിയും മന്ത്രപദ്ധതിയും രണ്ടായി വിഭജിച്ചിരിക്കുന്നതു് അതിന്റെ പ്രധാന ഭാഗങ്ങൾക്കെന്നപോലെയല്ലാതെ വാജസനേയസംഹിതയേയും ശതപഥബ്രാഹ്മണത്തേയുംകാൾ അതിനു കാലാധിക്യമോ പ്രാധാന്യമോ ഉള്ളതുകൊണ്ടല്ല.

യാഗോപയോഗത്തിനു മാത്രമായി നിർമ്മിച്ചതാണ് എന്ന സംഗതിയിൽ യജുർവേദത്തിനും സാമവേദത്തിനും തമ്മിൽ സാമ്യമുണ്ടു്. എന്നാൽ സാമവേദം സോമയജ്ഞത്തെ കുറിച്ചു മാത്രമാണു്. യജുർവേദമാകട്ടെ സകല യാഗകർമ്മങ്ങൾക്കും ഉള്ള മന്ത്രങ്ങളേ സംഗ്രഹിക്കുന്നു. സാമവേദത്തെപ്പോലെ യജുർവേദം ഋഗ്വേദത്തെയും സംബന്ധിച്ചതാണു്. എന്നാൽ സാമവേദത്തിലേ മന്ത്രങ്ങൾ മിക്കവാറും ഋഗ്വേദത്തിൽനിന്നു് ഉദ്ധരിച്ച സൂക്തങ്ങൾ തന്നെ. യജുർവേദത്തിൽ ഋഗ്വേദത്തിൽ നിന്നു പല സൂക്തങ്ങളും ഉദ്ധരിച്ചിട്ടുണ്ടെങ്കിലും ദ്വിതീയവേദം അധികഭാഗവും സ്വതന്ത്രമത്രെ. നാലിൽ ഒന്നിൽ അല്പം കൂടുതൽഭാഗം മാത്രമേ ഋഗ്വേദത്തിൽനിന്നു വാജസനേയസംഹിതയിലേക്കു കടം വാങ്ങീട്ടുള്ളു. ഈ സംഹിതയിലെ പൂർവ്വഭാഗം മിക്കവാറും മന്ത്രങ്ങൾ (ഋക്കുകൾ) ആണു്. ഈ ഋക്കുകൾ പ്രായേണ ഋഗ്വേദത്തിലുള്ളവ തന്നെ. ഉത്തരഭാഗം യജുസ്സുകൾ എന്നു പറയുന്ന ഒരുതരം ഗദ്യസൂക്തങ്ങളാണു്. ഈ ഉത്തരഭാഗത്തിൽ ഋഗ്വേദത്തിൽനിന്നു് എടുക്കാത്ത മന്ത്രങ്ങൾ യജുർവേദനിർമ്മാതാക്കന്മാരായ ഋഷീശ്വരന്മാരുടെ സ്വതന്ത്രസൃഷ്ടികളത്രേ. ഈ അതിശ്ലാഘ്യമായ കല്പനാവൈഭവം സർവ്വഥാ നവീനങ്ങളായ യാഗങ്ങളുടെ വളർച്ചയുടേയും, യാഗവിധാനപദ്ധതിയുടെ അഥവാ കർമ്മകാണ്ഡത്തിന്റെ അതിവിപുലമായ അഭിവൃദ്ധിയുടേയും ഫലമാണു്. നവീനങ്ങളായ യാഗങ്ങൾ അഭിവൃദ്ധമായി വന്നതിനോടുകൂടി അതുകൾക്കു് അനുരൂപങ്ങളായ മന്ത്രങ്ങൾ ഋഗ്വേദസംഹിതയിൽ ഇല്ലാതായപ്പോൾ ആയിരിക്കാം യജുർവേദർഷികൾക്കു പുതിയ മന്ത്രങ്ങൾ നിർമ്മിക്കേണ്ട ആവശ്യം നേരിട്ടതു്.

### (6) ഭാഷ, ധർമ്മം.

യജുർവേദത്തിൽ പുതുതായി നിർമ്മിച്ച മന്ത്രങ്ങളുടെ ഭാഷ അല്പം നവീനമാണെന്നുള്ളതു് നിർവ്വിവാദമാണെങ്കിലും അതുകൾ മിക്കവാറും ഋഗ്വേദസൂക്തങ്ങൾക്കു് അനുഗുണമായിരിക്കുന്നു. ഋഗ്വേദത്തിൽനിന്നു യജുർവേദത്തിലേക്കു നേരേ കടം വാങ്ങിയ മന്ത്രങ്ങൾക്കു കാലാന്തരങ്ങളിൽപോലും യാതൊരു വ്യത്യാസവും വന്നുപോയിട്ടില്ല. ഇതിഹാസദൃഷ്ട്യാ സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ യജുർവേദധർമ്മത്തിനും പ്രധാനമായി വലിയ ഭേദം ഒന്നുമില്ല. എന്തെന്നാൽ വിശ്വേദേവതകളുടെ ഗണം രണ്ടിലും ഒന്നുതന്നെ. എന്നാൽ

ചില പ്രാമാണ്യഭേദം വന്നിട്ടുണ്ടുതാനും. ഋഗ്വേദത്തിൽ ഒടുവിലുണ്ടായ സൂക്തങ്ങളിൽ വലിയ പ്രകാശം ഇല്ലാതെ ഉദിച്ച പ്രജാപതി യജൂർവേദത്തിൽ ദേവന്മാരുടെ പ്രമാണിയായിട്ടു മുന്നണിയിൽ എത്തിയിരിക്കുന്നു. ഋഗ്വേദത്തിലെ രുദ്രനാകുന്ന ശിവൻ പിൽക്കാലത്തു ശങ്കരൻ മഹാദേവൻ ആദിയായ അസംഖ്യം നവീനാഭിധാനങ്ങൾക്കു ആധാരഭൂതനായിത്തീൎന്നു. വിഷ്ണുവിനു ഋഗ്വേദത്തിലേക്കാൾ അധികം പ്രാമാണ്യം യജൂർവേദത്തിൽ സിദ്ധിച്ചിട്ടുണ്ട്. യാഗങ്ങളിൽ വിഷ്ണുവിനു് ഇവിടെ ഒരു പ്രധാന സ്ഥാനം കാണുന്നു. അസുരന്മാർ സംഘം ചേൎന്നു ദേവന്മാരെ ഉപദ്രവിച്ചു തുടങ്ങി. ദേവാസുരസമരം യജൂർവേദത്തിലെ ഇതിഹാസങ്ങളിൽ ഒരു പ്രധാന ഭാഗത്തെ വഹിക്കുന്നു. അപ്സരസ്സുകളും ഒരു ഗണമായിത്തീൎന്നു. അവൎക്കു പ്രത്യേക നാമങ്ങളും യജൂർവേദത്തിൽ കല്പിച്ചിട്ടുണ്ട്. അപ്സരസ്സുകൾ സൎവ്വസൌന്ദൎയ്യസമ്പൂൎണ്ണകളാണത്രേ.

നവ്യയാഗങ്ങൾ അഭിവൃദ്ധമായപ്പോൾ ധൎമ്മവിചാരങ്ങൾക്കും ചില പരിഷ്കാരം സംഭവിച്ചു. ഋഗ്വേദത്തിൽ ബ്രഹ്മശബ്ദത്തിനു നിയമം അഥവാ ധൎമ്മക്രിയ എന്നായിരുന്നു അൎത്ഥം. യജൂർവേദത്തിൽ ബ്രഹ്മശബ്ദത്തിനു "പരിശുദ്ധപ്രാൎത്ഥനാസാരം" എന്നും മറ്റും അൎത്ഥം ഉണ്ടായി. ഇതു് ഇവിടെ ഉപനിഷത്തുകളിലെ ബ്രഹ്മശബ്ദാൎത്ഥത്തോടും വളരെ സമീപിക്കുന്നു. ഋഗ്വേദത്തിൽ സൎപ്പാരാധനയെക്കുറിച്ചു സ്പഷ്ടമായി ഒന്നും പറയുന്നില്ല. എന്നാൽ ഇതിനെക്കുറിച്ചു യജൂർവേദത്തിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാലത്തു ഇൻഡ്യയിൽ സൎപ്പാരാധന പ്രധാനവും അത്രെ. യാഗത്തിൽ ദേവന്മാൎക്കു ഋഗ്വേദത്തിൽ ഉണ്ടായിരുന്ന പ്രാധാന്യം യജൂർവേദത്തിൽ വിപരീതമായിത്തീൎന്നു. ഋഗ്വേദത്തിൽ ധൎമ്മക്രിയാനിയമങ്ങളുടെ ഉദ്ദേശ്യങ്ങൾ എല്ലാം ദേവതാപരങ്ങളായിരുന്നു. എന്തെന്നാൽ മനുഷ്യനു നന്മ വരുത്തുവാനുള്ള ശക്തി ദേവന്മാരുടെ അധീനത്തിൽ മാത്രമേ ഋഗ്വേദകാലത്തുണ്ടായിരുന്നുള്ളു. യജൂർവേദത്തിലാകട്ടെ യാഗങ്ങൾതന്നെ വിചാരധാരയുടേയും അഗ്രത്തിന്റേയും പരമകാഷ്ഠയെ ധരിക്കുന്നു. സൎവ്വപ്രധാനമായിട്ടുള്ളതു് ഇവിടെ യാഗകൎമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുക മാത്രമാണ്. യജൂർവേദത്തിൽ യാഗകൎമ്മങ്ങൾക്കു് അമേയങ്ങളായ ദിവ്യശക്തികൾ ഉണ്ടു്. പുരോഹിതനായ യജ്വാവിന്റെ അഭിപ്രായം എന്തായാലും അതു സാധിപ്പിച്ചു കൊടുക്കുന്നതിനുള്ള പൂൎണ്ണാധികാരവും ശക്തിയും യാഗകൎമ്മത്തിനുണ്ടു്. കൊടുക്കാനുള്ള അധികാരം ദേവന്മാൎക്കു തന്നെ ആണെങ്കിലും കൊടുപ്പിക്കാനുള്ള സൎവ്വാധികാരവും യാഗകൎമ്മത്തിനുതന്നെ. അതുകൊണ്ടു യജൂർവേദത്തിൽ യജ്ഞസ്സിനു (യാഗത്തിനു്) സൎവ്വശ്രേഷ്ഠത്വം സിദ്ധിച്ചിട്ടുണ്ടു്. യാഗാദികൎമ്മങ്ങൾ എല്ലാം പുരോഹിതന്റെ അധീനത്തിലാണല്ലോ. അതുകൊണ്ടു ദേവന്മാരെല്ലാം പുരോഹിതവൎഗ്ഗത്തിന്റെ അധീനത്തിലാണെന്നു പറയപ്പെട്ടിരിക്കുന്നു. യജൂർവേദധൎമ്മം ഇങ്ങനെ കൎമ്മപരമാണ്. ഇതു കൎമ്മകാണ്ഡമാണെന്നും സ്പഷ്ടമാണല്ലോ.

യാഗകൎമ്മങ്ങൾ അനുഷ്ഠിക്കാൻ അനേകം പുരോഹിതന്മാർ ആവശ്യമുണ്ടു്. യജ്വാവു്, ഹോതാവു്, ഉദ്ഗാതാവു്, ഋത്വിക്കുകൾ ഇത്യാദി പല പ്രത്യേക സംജ്ഞകളും അതുകൾക്കു അനുഗുണമായ കൃത്യങ്ങളും ഈ ഋഷികൾക്കുണ്ടു്. യാഗമന്ത്രങ്ങളിൽ പലതും ബീജാക്ഷരബഹുലങ്ങളത്രേ. വാജസനേയസംഹിതയിൽ നിന്നു് ഒരു ഉദാഹരണം മാത്രം ഉദ്ധരിക്കാം:

"(ഓ — ഓം) — നിദ്ധ്യായോ — വാ<br>
നിദ്ധ്യായോ — വാ — ഓം — വാ<br>
ഓം — വാ — ഓം — വാ — ഏ — ഐ<br>
ഓം — സുവൎണ്ണജ്യോതിഃ"

ദേവന്മാരുടെ ഗുണങ്ങളെ മാത്രമായി യജൂർവേദത്തിൽ സ്തുതിക്കുന്നില്ല. ഓരോ മന്ത്രത്തിലും യാഗത്തെക്കുറിച്ചു് എന്തെങ്കിലും കാണാതിരിക്കുന്നതുതന്നെ വളരെ ദുർല്ലഭം. പുനരുക്തികൾ യജൂർവേദമന്ത്രങ്ങളിൽ ധാരാളം ഉണ്ടായിരിക്കുമെന്നു് ഉദാഹരണത്തിൽനിന്നു നമുക്കു ഗ്രഹിക്കാം.

### (7) യജൂർവേദസ്വഭാവം.

ബ്രാഹ്മണവൎണ്ണത്തിൽ പെടാത്തവൎക്കു് ഈ യാഗപ്രയോഗങ്ങൾ നിഗൂഢതരങ്ങളാകയാൽ കേവലം അവ്യക്തമായിട്ടുതന്നെയിരിക്കും. യാഗമന്ത്രങ്ങൾക്കുള്ള ശക്തികളും അവി

ന്ത്യങ്ങളത്രേ. ഇവയ്ക്കു പ്രകൃതിയേ ഭരിക്കുന്നതിനു് ഒരു ദിവ്യവൈഭവം ഉണ്ടു്. വിശേഷിച്ചു് ഈ മന്ത്രങ്ങൾ അലോകസാമാന്യങ്ങളായ മഹിമകളോടുകൂടിയവയുമത്രേ. ചില മന്ത്രങ്ങൾ വിജയത്തെ പ്രദാനം ചെയ്യുന്നു. യജുർവേദമന്ത്രങ്ങളുടെ ദിവ്യമാഹാത്മ്യത്താൽ ഇന്ദ്രൻ അസുരന്മാരേ ജയിക്കുന്നു എന്നു് ഈ വേദത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. പുരോഹിതൻ ചില മന്ത്രങ്ങൾ ജപിച്ചാൽ മഴ പെയ്യു് പുഴയായി ഒഴുകും എന്നു യജുർവേദത്തിൽനിന്നു ഗ്രഹിക്കാം. അതുകൊണ്ടു വിചാരിക്കുന്ന കാര്യങ്ങൾ എല്ലാം സാധിപ്പിക്കുന്നതിനു മന്ത്രങ്ങൾക്കു ശക്തിയുണ്ടെന്നും ദേവന്മാരെ പ്രേരിപ്പിക്കുന്നതിനു് ഇവയ്ക്കു കഴിയും എന്നും യജുർവേദത്തിൽനിന്നും വ്യക്തമാകുന്നു. ഈ അമേയവൈഭവം കാലാന്തരങ്ങളിൽ പലതിലും വ്യാപിച്ചിട്ടുള്ളതായിക്കാണുന്നു. യജുർവേദഗദ്യസൂക്തങ്ങൾ ദേവന്മാരെക്കുറിച്ചുള്ള സ്തോത്രമന്ത്രങ്ങളല്ല. മന്ത്രപുരസ്സരം യാഗകർമ്മങ്ങൾ ചെയ്യുന്നതുകൊണ്ടു് ഉണ്ടാകുന്ന ഫലങ്ങളേ എന്നാൽ ഈ സൂക്തങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഐശ്വര്യം, കീർത്തി, വിജയം, ധാന്യം, പശുക്കൾ ഇത്യാദികൾ ലഭിക്കണമെന്നുള്ള ഉദ്ദേശ്യങ്ങളോടുകൂടി ഓരോ പ്രത്യേക തരം യാഗങ്ങൾ ചെയ്യാൻ ഇവയിൽ വിധിച്ചിരിക്കുന്നു. ഈ യാഗാദികർമ്മങ്ങൾക്കു ക്രിയാകുശലനും ആയ ഒരു പുരോഹിതൻ അത്യാവശ്യമാണു്. പുരോഹിതന്റെ ഉപദേശം കൂടാതെ യാതൊരു കർമ്മവും അനുഷ്ഠിച്ചുകൂടാ. ഓരോ യാഗത്തിനു് ഓരോ ഫലമാണു നിർദ്ദേശിച്ചിട്ടുള്ളതു്. അതിൽ ഏതാണു നമുക്കു ലഭിക്കേണ്ടതെന്നു തീർച്ചപ്പെടുത്തി ആ യാഗം ചെയ്തുകൊൾക. വലിയ വലിയ യാഗങ്ങൾക്കു വളരെ വളരെ ഫലം ഉണ്ടു്. എന്നാൽ പല ചെറിയ യാഗങ്ങളുടേയും ഫലങ്ങൾ കേവലം ബാലിശങ്ങളത്രേ.

### (8) ജാതിവിഭാഗം.

ഇങ്ങനെ യാഗാദികർമ്മങ്ങളുടെ വളർച്ചയോടുകൂടി വർണ്ണവിഭാഗവും അഭിവൃദ്ധമായി. ബ്രാഹ്മണരുടെ സാമുദായികമായും ധർമ്മപരമായും ഉള്ള പ്രാമാണ്യം യജുർവേദകാലങ്ങളിൽ നല്ലവണ്ണം പ്രബലപ്പെട്ടു. ഈ പ്രാമാണ്യം മൂവായിരത്തിലധികം വർഷം മുമ്പുതന്നെ ബ്രാഹ്മണർക്കു് ആ നിലയിൽ എത്തിയതും ആണു്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്ന ചാതുർവർണ്ണ്യം യജുർവേദകാലത്തു് സ്ഥിരീകരിച്ചു. വിശിഷ്യ വാജസനേയസംഹിതയിൽ ഒടുവിൽ ഉള്ള ഒരു ഭാഗത്തു, പിൽക്കാലത്തു് അഭിവൃദ്ധിയേ പ്രാപിച്ച പല സങ്കരവർണ്ണങ്ങളുടേയും നാമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. ഋഗ്വേദനിർമ്മാണകാലങ്ങളിൽ നിന്നു യജുർവേദകാലങ്ങളിൽ ഭാരതവർഷത്തിലെ സാമുദായികവും ധർമ്മപരവും ആയ സ്ഥിതികൾ ഭേദിച്ചിരിക്കുന്നു എന്നു വ്യക്തമായല്ലോ.

## കൊല്ലം വിഷാരിക്കാവു്

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

ഈ ഭദ്രകാളീക്ഷേത്രം ഇപ്പോൾ സ്ഥിതിചെയ്യുന്നതു ബ്രിട്ടീഷ്മലബാറിൽ കുറുമ്പ്രനാടു താലൂക്കിൽചേർന്ന വിയ്യൂരംശം മണ്ണമംഗലം ദേശത്തു, പന്തലായിനി തീവണ്ടിസ്റ്റേഷനു് ഒന്നരനാഴിക വടക്കുപടിഞ്ഞാറാണു്. ഇതു പണ്ടു തിരുവിതാംകൂറിൽ കൊല്ലത്തായിരുന്നു. അവിടെ ഇരുന്ന ഈ ക്ഷേത്രം ഇവിടെയായിത്തീർന്നതെങ്ങിനെയെന്നും മറ്റും താഴെ പറയുന്നു.

പണ്ടു വൈശ്യജാതിക്കാരായ ഏതാനും കുടുംബക്കാർ പരദേശത്തുനിന്നു കൊല്ലത്തു വന്നു താമസിച്ചിരുന്നു. അവരുടെ പ്രധാനതൊഴിലുകൾ പട്ടുനെയ്ത്തും, സ്വർണ്ണക്കച്ചവടവുമായിരുന്നു. ഇതുകൊണ്ടു് അവർ കാലക്രമേണ വലിയ ധനികന്മാരായിത്തീർന്നു.

അങ്ങനെയിരുന്ന കാലത്തു് അവരിൽ ഒരാൾ ശ്രീപോർക്കലയിൽപോയി ഭഗവതിയേ സേവിച്ചുതാമസിച്ചു. അതിനിഷ്ഠയോടുകൂടിയുള്ള സേവകൊണ്ടു ഭഗവതി അയാളേക്കുറിച്ചു ഏറ്റവും സന്തുഷ്ടയായിബ്ഭവിക്കുകയാൽ ഒരുദിവസം രാത്രിയിൽ അയാൾ ഉറങ്ങിക്കിടന്നിരു

ന്ന സമയം ആരോ അയാളുടെ അടുക്കൽച്ചെന്നു്, "നിൻെറ ഭക്തിവിശ്വാസാദികൾ കൊണ്ടു ഞാനേറവും പ്രസാദിച്ചിരിക്കുന്നു. ഇനി ഇപ്രകാരം അതികഠിനമായ തപസ്സുചെയ്തു നീ കഷ്ടപ്പെടണമെന്നില്ല. നിൻെറ തലയ്ക്കലിരിക്കുന്ന നാന്ദകംവാളെടുത്തുകൊണ്ടു നിനക്കു സ്വദേശത്തേയ്ക്കു പോകാം. എൻെറ ഈ ആയുധംവച്ചു പതിവായി എന്നെ പൂജിച്ചുകൊണ്ടിരുന്നാൽ നീ വിചാരിക്കുന്ന കാര്യങ്ങളെല്ലാം ഞാൻ സാധിച്ചുതന്നുകൊള്ളാം. നീ വിചാരിക്കുന്ന സ്ഥലത്തു ഞാനുണ്ടെന്നു ദൃഢമായി വിശ്വസിച്ചുകൊള്ളുക" എന്നു പറഞ്ഞതായി അയാൾക്കു തോന്നി. അയാൾ പെട്ടെന്നു കണ്ണുതുറന്നു നോക്കിയ സമയം ദുർന്നിരീക്ഷമായ ഒരു തേജസ്സു മാത്രം കാൺകയും ഉടനേതന്നെ അതു മറഞ്ഞുപോവുകയും ചെയ്തു. ഇതു ദേവി തൻെറ അടുക്കൽ എഴുന്നള്ളി അരുളിച്ചെയ്തതു തന്നെയാണെന്നു അയാൾ ദൃഢമായി വിശ്വസിക്കുകയും തലയ്ക്കൽ നോക്കിയപ്പോൾ ഒരു നാന്ദകംവാൾ അവിടെ ഇരിക്കുന്നതായി കാണുകയും ചെയ്തു. അയാൾ അടുത്തദിവസം തന്നെ ആ വാൾ എടുത്തുകൊണ്ടു സ്വദേശത്തേക്കു മടങ്ങിപ്പോന്നു.

അയാൾ കൊല്ലത്തു മടങ്ങിയെത്തിയതിൻെറ ശേഷം അവിടെ ഒരു ക്ഷേത്രം പണികഴിപ്പിച്ചു ഭഗവതിയെ പ്രതിഷ്ഠിക്കയും, ശ്രീകോവിലകത്തു ഭഗവതിയുടെ പീഠത്തിന്മേൽ ആ നാന്ദകംവാൾകൂടി വെച്ചു പതിവായി പൂജ കഴിച്ചു ഭഗവതിയെ ഭക്തിപൂർവ്വം സേവിച്ചുകൊണ്ടു താമസിക്കയും ചെയ്തു. ആ വൈശ്യൻ ഒരു വിഷഹാരിയും ആയിരുന്നു. അതിനാൽ അയാളുണ്ടാക്കിയ ക്ഷേത്രത്തിനു "വിഷഹാരിക്കാവു്" എന്നു നാമം സിദ്ധിച്ചു. അതു ലോപിച്ചു ക്രമേണ "വിഷാരിക്കാവു്" എന്നായിത്തീർന്നു. മുൻപേതന്നെ വലിയ സമ്പന്നന്മാരായിരുന്ന വൈശ്യന്മാർക്കു ഭഗവതിയുടെ സാന്നിദ്ധ്യംകൂടി ഉണ്ടായപ്പോൾ ധനം സംഖ്യയില്ലാതെ വർദ്ധിച്ചു. അവർ കപ്പലുകളും പത്തേമാരികളും പണിയിച്ചു് അവരുടെ കച്ചവടം യൂറോപ്പുരാജ്യങ്ങൾവരെ പ്രചരിപ്പിച്ചുതുടങ്ങി. അപ്പോഴേയ്ക്കും വിഷഹാരി (ദേവിയെ സേവിച്ചുകൊണ്ടുവന്ന) വൈശ്യനു ധനം വർദ്ധിക്കുകയാൽ അഹങ്കാരവും നിസ്സീമമായി വർദ്ധിച്ചു. ക്രമേണ അവർ മഹാരാജാവിനെപ്പോലും വകവെക്കാതെയായി. ക്രമപ്രകാരം മഹാരാജാവിനു കൊടുക്കേണ്ടുന്ന നികുതിയുംമററും കൊടുക്കാതെയുമായി. ധൃഷ്ടന്മാരായ വൈശ്യന്മാരുടെ ധിക്കാരം ക്രമേണ മഹാരാജാവു തിരുമനസ്സിലേക്കു ദുസ്സഹമായിത്തീർന്നു. അതിനാൽ കൊല്ലത്തു താമസക്കാരായ സകല വൈശ്യന്മാരും മൂന്നു ദിവസത്തിനകം നാടുവിട്ടു പൊയ്ക്കൊള്ളണമെന്നു ഒരു കല്പന പുറപ്പെട്ടു. അപ്പോൾ വൈശ്യന്മാരാകപ്പാടെ പരിഭ്രാന്തന്മാരും വിഹ്വലന്മാരുമായിത്തീർന്നു. ഭഗവതിയെ പ്രതിഷ്ഠിച്ചു സേവിച്ചുകൊണ്ടിരുന്നവരുൾപ്പടെ എട്ടു കുടുംബക്കാർ കല്പനകേട്ട ക്ഷണത്തിൽ അവരുടെ സകല ജംഗമസ്വത്തുക്കളും പത്തേമാരികളിലാക്കിക്കൊണ്ടു സമുദ്രമാർഗ്ഗേണ വടക്കോട്ടു പുറപ്പെട്ടു. അവർ പോയസമയം ഭഗവതിയെ സേവിച്ചുകൊണ്ടിരുന്ന വൈശ്യൻ ഭഗവതിയെ നാന്ദകംവാളിന്മേൽ ആവാഹിച്ചെടുത്തുകൊണ്ടാണു പോയതു്. ശേഷമുള്ള കുടുംബക്കാർ അവരുടെ പൂർവ്വസ്ഥലമായ പാണ്ഡ്യരാജ്യത്തേയ്ക്കും പോയി.

വടക്കോട്ടുപോയവർ കരയോടടുത്തു പത്തേമാരി ഓടിച്ചുപോയ സമയം, ഒരു സ്ഥലത്തു പശുക്കളും; പുലികളും ഒന്നിച്ചു മേഞ്ഞുകൊണ്ടു നിൽക്കുന്നതായി കണ്ടു് ഈ സ്ഥലം സമാധാനത്തോടുകൂടി താമസിക്കാൻ കൊള്ളാവുന്നതാണെന്നു നിശ്ചയിച്ചു് അവർ പത്തേമാരികൾ അവിടെ അടുപ്പിച്ചു കരയ്ക്കിറങ്ങി. കടലോടടുത്തുള്ള ആ സ്ഥലം അന്നു വലിയ വനപ്രദേശമായിരുന്നു.

അവർ കരക്കിറങ്ങിയതിൻെറ ശേഷം അവിടെയെല്ലാം ചുററിനടന്നു ഭഗവതിക്കു ക്ഷേത്രവും അവർക്കു ഗൃഹങ്ങളും പണിയിക്കുന്നതിനു യോഗ്യങ്ങളായ സ്ഥലങ്ങൾ നോക്കിക്കണ്ടു നിശ്ചയിക്കുകയും, ആ സ്ഥലങ്ങൾ കുറുമ്പ്രനാട്ടുരാജാവിൻെറ വകയായിരുന്നതിനാൽ രാജാവിനു പടിപ്പത്തു വിലകൊടുത്തു് അവ വാങ്ങുകയും, ക്ഷേത്രവും ഗൃഹങ്ങളും പണികഴിപ്പിക്കുകയും ചെയ്തു. അമ്പലം ശ്രീകോവിൽ, നാലമ്പലം മുതലായവയോടുകൂടിയാണു പണിയിച്ചതു്. അവിടെ, കൊടുങ്ങല്ലൂർ, തിരുമാന്ധാംകുന്നു മുതലായ സ്ഥലങ്ങളിലേപ്പോലെ കിഴക്കോട്ടു ദർശനമായി ശിവനേയും, വടക്കോട്ടു ദർശനമായി ഭഗവതിയേയും, മതി
ദേവനായി ശാസ്താവിനേയും പ്രതിഷ്ഠിപ്പിച്ചു. പ്രതിഷ്ഠനടത്തിയതു പ്രസദ്ധ ന്ത്രിയുമായ കാട്ടുമാടസ്സുനമ്പൂരിയാണു്. എങ്കിലും പിന്നീടും ശാന്തി (പൂജ

വന്നതു പൂർവ്വാപരദേശപ്രകാരം വൈശ്യന്മാർതന്നെയായിരുന്നു. വൈശ്യന്മാർ എട്ടു കുടുംബക്കാരും ക്ഷേത്രത്തിനു് അടുത്തുതന്നെ എട്ടു ഗൃഹങ്ങളിലായി താമസമുറപ്പിച്ചു. ഈ ക്ഷേത്രത്തിൽ അവർ ഊരാളന്മാരായും തീർന്നു.

ഈ വൈശ്യന്മാർ അവിടെ വന്നതു് അവർക്കും ആ ദേശത്തിനും മംഗലമായി പരിണമിച്ചു. അതിനാൽ ആ ദേശത്തിനു "വന്നമംഗലം" എന്നു നാമം സിദ്ധിച്ചു. അതു കാലക്രമേണ "മണ്ണമംഗലം" എന്നായിത്തീർന്നു. ക്ഷേത്രത്തിനു പൂർവ്വസ്മരണ വിടാതെ അവർ "കൊല്ലം വിഷാരിക്കാവു്" എന്നുതന്നെ പേരിട്ടു. അതിനു ഇപ്പോളും ഭേദഗതിയൊന്നും വന്നിട്ടില്ല. ഈ ക്ഷേത്രത്തിന്റെ അധികത്താവായ വൈശ്യനു ശ്രീപോർക്കലിയിൽനിന്നു കിട്ടിയതും, കൊല്ലത്തുനിന്നു ഭഗവതിയേ ആവാഹിച്ചുകൊണ്ടു പോന്നതുമായ നാന്ദകം വാൾ ഭഗവതിയുടെ പ്രതിഷ്ഠകഴിഞ്ഞതോടുകൂടി ആ ശ്രീകോവിലകത്തു വെച്ചു. അതു് ഇപ്പോഴും അവിടെത്തന്നെ ഇരിക്കുന്നുണ്ടു് അതിനു ഇതുവരെ യാതൊരു കേടും സംഭവിച്ചിട്ടില്ല.

ക്ഷേത്രത്തിൽ ഊരാളന്മാരായ എട്ടു കുടുംബക്കാരുടെ വീട്ടുപേരുകൾ താഴെപ്പറയുന്നു.

1_കീഴേൽവീട്ട്. 2_വാഴേൽ. 3_എളേടത്തു്. 4_ഈച്ചരാട്ടിൽ. 5_പൊനത്തിൽ. 6_നാർണോത്തു്. 7_എരോത്തു്. 8_ഉമ്മച്ചിവീട്ട്. ക്ഷേത്രത്തിൽ കൈകാര്യകർത്തൃത്വം ഒന്നുമുതൽ നാലുവരെ വീട്ടുകാർക്കാണു്. അവർക്കു കാരണവസ്ഥാനവുമുണ്ടു്. ശേഷമുള്ള നാലുവീട്ടുകാരും ഇവരുടെ അനന്തരവരുടെ നിലയിലാണു കഴിച്ചുപോരുന്നതു്.

ഈ വൈശ്യന്മാർ പത്തേമാരികളിൽ നിന്നു കരയ്ക്കിറങ്ങിയതിന്റെശേഷം. ക്ഷേത്രത്തിനും വീടുകൾക്കും യോഗ്യമായ സ്ഥലം നോക്കി നിശ്ചയിക്കാൻ പോയവർ വെയിൽകൊണ്ടു നടന്നു ക്ഷീണിച്ചപ്പോൾ ഒരു അയിനിമരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു. ആ വൃക്ഷം ശാഖോപശാഖകൾകൊണ്ടു പന്തൽപോലെ പരന്നതായിരുന്നതിനാൽ അവർ അതിനു "പന്തലായിനി" എന്നുപേരിട്ടു അതിനാൽ ആ ദേശത്തിനും ആ പേരുതന്നെ സിദ്ധിച്ചു.

ഈ വൈശ്യന്മാർ എട്ടു കുടുംബക്കാർ മാത്രമായിരുന്നതിനാൽ അവർക്കു യഥാപൂർവ്വം പെൺകിടാങ്ങളേ വിവാഹം കഴിച്ചുകൊടുക്കുന്നതിനും, മക്കത്തായം ആചരിക്കുന്നതിനും നിവൃത്തിയില്ലാതെയായിത്തീർന്നു. അതിനാൽ അവർ ചില നായർവീട്ടുകാരേ ഇണങ്ങാക്കിച്ചേർക്കുകയും, മക്കത്തായം ഉപേക്ഷിച്ചു മരുമക്കത്തായം സ്വീകരിക്കുകയുംചെയ്തു.

വൈശ്യന്മാർ നായന്മാരായിത്തീർന്നതോടുകൂടി ക്ഷേത്രത്തിൽ ശാന്തി അവരായാൽപ്പോരെന്നു തോന്നുകയാൽ ശാന്തിക്കു അവർ "ചാഴോറ" എന്നു് ഇല്ലപ്പേരായ ഒരു നമ്പൂരിയേ നിയമിച്ചു. നമ്പൂരി ശാന്തിയായപ്പോൾ അവിടെ സ്വല്പം ചില ഭേദഗതികൾ വരുത്തേണ്ടതായിവന്നു. ക്ഷേത്രത്തിൽ ഉഷ ഉൾപ്പടെ അഞ്ചു പൂജ പതിവുള്ളതിൽ ഭഗവതിക്കു മാത്രം ഉച്ചപ്പൂജയ്ക്കുള്ള നിവേദ്യം മദ്യവും മാംസവുമായിരുന്നു പതിവു്. നമ്പൂരി ശാന്തിയായപ്പോൾ അതു വേണ്ടെന്നുവെച്ചു. മദ്യമാംസങ്ങൾ നിവേദ്യമില്ലാതെയാവുകയും പൂജ നമ്പൂരിയാവുകയും ചെയ്തപ്പോൾ ഭഗവതിയുടെ ശക്തിയും ചൈതന്യവും വളരെ വർദ്ധിച്ചു. മുൻപേതന്നെ ഉഗ്രമൂർത്തിയായ ഭഗവതി നമ്പൂരിയുടെ പൂജനിമിത്തം അത്യുഗ്രമൂർത്തിയായിത്തീർന്നു. ദേവിക്കു 'ഭയങ്കരി' എന്നുള്ള നാമം അപ്പോഴാണു് യഥാർത്ഥമായിത്തീർന്നതു്. ദർശനത്തിനായിച്ചെല്ലുന്നവർക്കു പകൽസമയത്തുപോലും ഭഗവതിയുടെ നടയിൽപ്പോകാനെന്നല്ല, ക്ഷേത്രത്തിനകത്തു കടക്കാൻതന്നെയും എന്തോ വല്ലാതെ ഒരു ഭയം ഉണ്ടായിത്തീർന്നു. അപ്പോൾ ഈ ഉഗ്രത സ്വല്പം കുറയ്ക്കണമെന്നു നിശ്ചയിച്ചു് ഊരാളന്മാർ നമ്പൂരിയുടെ ശാന്തി വേണ്ടെന്നു വെയ്ക്കുകയും ശാക്തേയന്മാരായ 'വട്ടോളി'മൂസ്സതിന്മാരേക്കൊണ്ടു ശാന്തി തുടങ്ങിക്കുകയും ചെയ്തു. മൂസ്സതിന്മാർ ശാന്തി തുടങ്ങിയതോടുകൂടി മദ്യമാംസങ്ങളും നിവേദിച്ചുതുടങ്ങുകയും. അപ്പോൾ ദേവിയുടെ ഉഗ്രതയ്ക്കു സ്വല്പം ശമനം സംഭവിക്കുകയും ചെയ്തു. ഇപ്പോഴും ഈ ക്ഷേത്രത്തിൽ ശാന്തി നടത്തിവരുന്നതു വട്ടോളിമൂസ്സതിന്മാർ തന്നെയാണു്. എങ്കിലും ഇപ്പോഴും ആണ്ടുതോറും മീനമാസത്തിൽ തന്ത്രിയേ അവിടെ വരുത്തി, ഒരു ശുദ്ധികലശവും ബ്രാഹ്മണരേക്കൊണ്ടു മൂന്നു ദിവസത്തെ പൂജയും നടത്തിച്ചുവരുന്നുണ്ടു്.

ഈ ക്ഷേത്രത്തിൽ ആണ്ടുതോറും മീനമാസത്തിൽ എട്ടംറസ്സായിട്ടു് ഒരുത്സവം നടന്നുവരുന്നുണ്ടു്. അതിനു 'കാളിയാട്ടം' എന്നാണു പേരു പറഞ്ഞുവരുന്നതു്. ഈ ഉത്സവം സാധാ

രണക്ഷേത്രങ്ങളിലേപ്പോലെയല്ല. ഇവിടെ ധ്വജമായി ഉപയോഗിക്കുന്നതു നാല്പത്തഞ്ചുകോൽ നീളമുള്ള ഒരു മുളയാണ്. മുള നാട്ടി അതിന്മേലാണു കൊടിയേററു കഴിക്കുന്നത്. കൊടിയേറിയാൽ എഴുന്നള്ളിക്കുന്നത് ആറുദിവസം ഭഗവതിയുടെ ലോഹനിൎമ്മിതമായ ശീവേലിത്തിടമ്പും ഏഴും എട്ടും ദിവസങ്ങളിൽ നാന്ദകംവാളുമാണ്. നാന്ദകംവാളെഴുന്നള്ളിക്കുന്നതിനുള്ള ആന പിടി തന്നെ ആയിരിക്കണമെന്നു നിർബന്ധമുണ്ട്. ഉത്സവകാലത്തു പ്രതിദിനം മൂന്നു ശിവേലിയും ക്ഷേത്രത്തിൻെറ ഊട്ടുപുരയിൽവെച്ചു ബ്രാഹ്മണൎക്കും സാധുക്കൾക്കും സദ്യയുമുണ്ട്. ഏഴാംദിവസം വലിയവിളക്കിനും പിറേറദിവസം കാളിയാട്ടത്തിനും മാത്രമേ നാന്ദകംവാൾ ആനപ്പുറത്ത് എഴുന്നള്ളിക്കാറുള്ളു. നാന്ദകംവാളെടുത്ത് എഴുന്നള്ളിക്കുന്ന ആളിൽ ഭഗവതിയുടെ ആവാസമുണ്ടാകുമെന്നാണു വിശ്വാസം. ആ ആൾ വാൾ പിടിച്ചുകൊണ്ട് ആനപ്പുറത്തിരുന്നു കലാശലായി വിറയ്ക്കുകയും, എഴുന്നള്ളിപ്പു കഴിഞ്ഞു താഴെയിറങ്ങി വാൾ ശ്രീകോവിലകത്തു കൊണ്ടുചെന്നു വെച്ചാലുടനേ ബോധംകെട്ടുവീഴുകയും ചെയ്യും. പിന്നെ വളരെനേരംകഴിഞ്ഞേ ആ ആൾക്കു ബോധം വീഴുകയുള്ളു.

ഇവിടെ ഉത്സവം മീനമാസത്തിലായിരിക്കണമെന്നല്ലാതെ കൊടിയേററിനു നാളും തീയതിയും മററും തീൎച്ചപ്പെടുത്തീട്ടില്ല. അത് ആണ്ടുതോറും നിശ്ചയിച്ചു നടത്തുകയാണു പതിവ്. അതു നിശ്ചയിക്കാനുള്ള അവകാശവും അധികാരവും 'പൊററമൻനമ്പീശൻ' എന്ന ആൾക്കാണ്. അവരുടെ കുടുംബത്തിൽ അതതുകാലത്തു മൂപ്പായിട്ടുള്ള ആളാണ് അതു നിശ്ചയിക്കുന്നത്. എന്നാൽ അതു നാന്ദകംവാൾ കറക്കൂട്ടിക്കുവാനുള്ള മുഹൂൎത്തമനുസരിച്ചായിരിക്കണം. വാൾ കറക്കൂട്ടുവാനുള്ള മുഹൂൎത്തം ജ്യോത്സ്യനേ വരുത്തി നോക്കിച്ചാണു നിശ്ചയിക്കുന്നത്. ഞായർ, ചൊവ്വാ, വെള്ളി ഈആഴ്ചകളിൽ ഏതെങ്കിലും ഒരു ദിവസമേ വാൾ കറക്കൂട്ടുവാൻ പാടുള്ളു. വാൾ കറക്കൂട്ടുക എന്നുപറഞ്ഞാൽ തേച്ചുമിനുക്കി തുരുമ്പു കളഞ്ഞ് എണ്ണപുരട്ടി വെയ്ക്കുക എന്നാണ് അൎത്ഥം.

കാളിയാട്ടത്തിൻെറ പ്രധാനക്രിയ നാന്ദകംവാൾ ആനപ്പുറത്ത് എഴുന്നള്ളിക്കുകയാണ്. ആ എഴുന്നള്ളത്തു പകൽ ഏകദേശം നാലുമണിക്കാരംഭിക്കും. അതിനു കുട, ആലവട്ടം, വെഞ്ചാമരം, തലയിൽക്കെട്ടു മുതലായ അലങ്കാരങ്ങളോടുകൂടിയ പതിനഞ്ച് ആനകളും പലവിധ വാദ്യങ്ങളോടുകൂടിയ താളമേളങ്ങളുമുണ്ടായിരിക്കും. ആ എഴുന്നള്ളത്തു നടയിൽ സ്വല്പം അകലെയായി നിൽക്കുന്ന പാലച്ചുവട്ടിലെത്തുമ്പോൾ മേളം കലാശിക്കും. പിന്നെ അവിടെ കുറുപ്പിൻെറ നൃത്തമുണ്ട്. അതുകഴിഞ്ഞാൽ അവിടെനിന്ന് ഊരുചുററലായി എഴുന്നള്ളിച്ചുപോകും. ഊരുചുററൽ കഴിഞ്ഞു മടങ്ങിയെത്തിയാൽ ക്ഷേത്രത്തിൻെറ പടിഞ്ഞാറേ നടയ്ക്കൽവെച്ചും തെയ്യമ്പാടിക്കുറുപ്പിൻെറ നൃത്തമുണ്ട്.

ഭഗവതി ഊരുചുററുവാൻ എഴുന്നള്ളുന്ന സമയം ക്ഷേത്രത്തിൻെറ തെക്കുഭാഗത്തു മൂന്നൂററൻ (മുന്നൂററന്മാർ) എന്ന ജാതിക്കാരും കിഴക്കുഭാഗത്തു വ (മ)ണ്ണാന്മാരും അണിനിരന്നു കാവൽനിൽക്കുക പതിവാണ്. നാന്ദകംവാൾ ഇറക്കിയെഴുന്നള്ളിക്കുന്നതുവരെ അവർ കാവൽനിൽക്കും. ഇറക്കിയെഴുന്നള്ളിക്കുന്ന സമയത്തു വെളിച്ചപ്പാടു തുള്ളും. അനന്തരം അനവധി ആടുകളെ വെട്ടി ബലികഴിക്കും. ഇതുകഴിഞ്ഞാൽ "അരിങ്ങാട്ട്" (അരിയും മാംസവും പയറും) പാകംചെയ്തു കൊണ്ടുപോയി വടക്കുവശത്തുള്ള കോട്ടയിൽവെച്ചു ഭൂതങ്ങൾക്കു ബലി കൊടുക്കും. അത് അന്യന്മാൎക്കു കാണാൻ പാടില്ല. കോട്ട എന്നു പറയപ്പെടുന്നത് ഏതാനും ഉന്നതവൃക്ഷങ്ങൾ നിൽക്കുന്ന ഒരു പറമ്പാണ്.

വിഷാരിക്കാവിൽ ഭഗവതിയുടെ അത്ഭുതമാഹാത്മ്യങ്ങൾ പറഞ്ഞവസാനിപ്പിക്കുന്ന കാൎയ്യം അസാദ്ധ്യമാണ്. അതിനാൽ അവയിൽ ചിലതുമാത്രം താഴെപ്പറയുന്നു:

പണ്ടു 'മൈസൂർക്കടുവാ' എന്നു പ്രസിദ്ധനായിരുന്ന ടിപ്പുസുൽത്താൻ മലബാറിനെ ആക്രമിച്ചകാലത്ത് അനേകം ഹിന്ദുക്ഷേത്രങ്ങൾ അഗ്നിക്കിരയാക്കി നശിപ്പിച്ചുവെങ്കിലും വിഷാരിക്കാവിൽഭഗവതിയേക്കുറിച്ച് അയാൾക്കു വളരെ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നു. അതിനാൽ അയാൾ ചില കാലങ്ങളിൽ ദേവീദൎശനാൎത്ഥം അവിടെച്ചെല്ലുകയും ചെയ്തിരുന്നു. ഒരിക്കൽ സുൽത്താൻ ദൎശനത്തിനായിച്ചെന്ന സമയം ശാന്തിക്കാരൻ പ്രസാദം കൊടുക്കാനായി കൊണ്ടുചെല്ലുകയും അപ്പോൾ സുൽത്താൻ 'എനിക്കു ശാന്തിക്കാരൻെറ പ്രസാദം വേണ്ട; ദേവിതന്നെ എനിക്കു പ്രസാദം തരണം' എന്നു പറഞ്ഞു ശാന്തിക്കാരനോടു പ്രസാദം

വാങ്ങാതെ തക്കിച്ചു നിൽക്കുകയും ചെയ്തു. ആ സമയം ഭഗവതിതന്നെ പ്രസാദമെടുത്തുകൊണ്ടു പ്രത്യക്ഷമായി അവിടെയെഴുന്നള്ളി, പ്രസാദം സുൽത്താന്റെ കൈയ്യിൽ ഇട്ടുകൊടുത്തു. പ്രസാദം വാങ്ങിയതോടുകൂടി ടിപ്പു ബോധംകെട്ടു വീഴുകയും ദേവി അന്തർദ്ധാനം ചെയ്യുകയും ചെയ്തു. പിന്നെ മൂന്നേമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ സുൽത്താനു ബോധം വീണു. അപ്പോൾ അയാൾക്കു താൻ വിചാരിക്കുകയും പറയുകയും ചെയ്തതു് അവിവേകമായിപ്പോയി എന്നു തോന്നുകയും, ദേവിയെക്കുറിച്ചുള്ള ഭക്തിവിശ്വാസങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു. അതിനാൽ സുൽത്താൻ പ്രതിവത്സരം 342 രൂപ വീതം "സർവ്വമാന്യ"മായി ദേവസ്വത്തിലേക്കു കൊടുത്തുവന്നിരുന്നു. പിന്നീടു ടിപ്പുവിന്റെ രാജ്യം ബ്രിട്ടീഷുഗവമ്മെണ്ടിന്റെ അധീനതയിലായപ്പോൾ ആ സംഖ്യ ആ ഗവമ്മെന്റും സർവ്വമാന്യമായി ഭൂനികുതിവകയിൽ വിട്ടുകൊടുത്തു. ആ സ്ഥിതിയിൽ ഇന്നും നടന്നുവരുന്നു.

ഒരിക്കൽ ദേവസ്വത്തിൽ പണം ചുരുക്കമായിരുന്നതിനാൽ ചില ക്ഷേത്രകാര്യങ്ങൾ നടത്തേണ്ടതിലേക്കായി ഊരാളന്മാർ "ചിങ്ങപുരത്തു കൃഷ്ണപട്ടർ" എന്നൊരാളോടു് ഏതാനും രൂപ കടംവാങ്ങി. സംഖ്യ അവധിക്കു കൊടുത്തുതീക്കാഞ്ഞതിനാൽ പട്ടർ അന്യായം കൊടുത്തു് ഊരാളന്മാരുടെമേലും ദേവസ്വംവക സ്വത്തുക്കളിന്മേലും സ്ഥാപിച്ചു വിധി സമ്പാദിച്ചു. ഊരാളന്മാരേ വാറണ്ടിൽപ്പിടിക്കാൻ പലപ്രാവശ്യം ശ്രമിച്ചിട്ടും സാധിച്ചില്ല. ഒടുക്കം പട്ടർ കാളിയാട്ടദിവസം നാന്ദകംവാളെഴുന്നള്ളിക്കുന്ന ആനയ്ക്കു കെട്ടിക്കുന്നതും ദേവസ്വംവകയുമായ സ്വർണ്ണത്തലയിൽക്കെട്ടു ജപ്തിചെയ്യിക്കാമെന്നു നിശ്ചയിച്ച് ആമ്യനോടുകൂടി എട്ടാമുത്സവദിവസം ക്ഷേത്രസന്നിധിയിലെത്തി. എഴുന്നള്ളിച്ചു പുറത്തു വന്നപ്പോഴെയ്ക്കും പട്ടർക്ക് അവിടെ നിൽക്കാൻവയ്യാതെയായി. അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ അവിടെനിന്നു് ഓടി ആ സമയം ആരോ പിന്നാലെ ഓടിച്ചെന്നു് ഊക്കോടുകൂടി പുറത്തു് ഒന്നടിച്ചതായി അദ്ദേഹത്തിനു തോന്നി. പിന്നെയും ഓടുകയും പടിഞ്ഞാറുവശത്തുള്ള ചിറയുടെ വക്കത്തു ചെന്നപ്പോൾ ബോധരഹിതനായി അവിടെ വീഴുകയും അവിടെ കിടന്നുതന്നെ ചോര ഛർദ്ദിച്ചു പട്ടർ പെട്ടെന്നു പരലോകപ്രാപ്തനാകുകയും ചെയ്തു.

വിഷാരിക്കാവുക്ഷേത്രത്തിൽ രണ്ടുതവണ കള്ളന്മാർ കയറുകയുണ്ടായി. ഒരിക്കലും അവക്കൊന്നും കൊണ്ടുപോകുവാൻ സാധിച്ചില്ല. ഒരിക്കൽ കള്ളന്മാർ അമ്പലത്തിനകത്തു കടന്നപ്പോൾ അവിടെ അകത്തും പുറത്തും വലിയ പുഴയിലെന്നപോലെ വെള്ളം പെരുകിയിരിക്കുന്നതായി അവക്കു തോന്നി. അതിനാൽ നേരം വെളുക്കുന്നതുവരെ അവർ അവിടെ കിടന്നു കഷ്ടപ്പെട്ടു. നേരംവെളുത്തു നട തുറന്നപ്പോൾ അവിടെയെങ്ങും വെള്ളം കയറിയിരില്ലെന്നുള്ള വാസ്തവം അവക്കു മനസ്സിലാവുകയും അവർ ഇറങ്ങിപ്പോവുകയും ചെയ്തു.

പിന്നെയും ഒരിക്കൽ കള്ളന്മാർ അമ്പലത്തിൽ കടന്നു ചില ഓട്ടുപാത്രങ്ങളും മറ്റും എടുത്തുകൊണ്ടു പുറത്തിറങ്ങി സാമാനങ്ങളെല്ലാം തലയിലേററിക്കൊണ്ടു യാത്രയായപ്പോൾ അവക്ക് എതിലെയാണു പോകേണ്ടതെന്നു നിശ്ചയമില്ലാതെയായി. അവർ ആ പാത്രങ്ങളും മററും തലയിൽവെച്ചുകൊണ്ടു നേരം വെളുക്കുന്നതുവരെ ക്ഷേത്രത്തിനു പ്രദക്ഷിണംവെച്ചു. നേരം വെളുത്തപ്പോൾ ഊരാളന്മാരിൽ ചിലർ അവിടെ എത്തി കള്ളന്മാരെ പിടികൂടുകയും പോലീസിൽ ഏല്പിക്കാനായി പുറപ്പെടുകയും ചെയ്തു. ആ സമയം വെളിച്ചപ്പാടു തുള്ളിവരികയും "നമ്മുടെ മുതൽ മോഷ്ടിച്ചുകൊണ്ടുപോയാൽ അതുകൊണ്ടുണ്ടാവുന്ന നഷ്ടം നമുക്കാണ്. അതിനാൽ അതിനെക്കുറിച്ചു നാംതന്നെ ചോദിച്ചുകൊള്ളാം. അതിനു കുമ്പഞ്ഞിയെ=കമ്പനിയേ (അന്നു് ഇൻഡ്യാ ഭരിച്ചിരുന്നതു് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരായിരുന്നു) ഏല്പിക്കണമെന്നില്ല." എന്നു പറയുകയും കള്ളന്മാരേക്കൊണ്ടു പ്രായശ്ചിത്തവും മേലാലവിടെ കയറി മോഷ്ടിക്കയില്ലെന്നു സത്യവും ചെയ്യിച്ച് അവരേ വിട്ടയക്കുകയും ചെയ്തു. അതിൽപിന്നെ ഒരിക്കലും ആ ക്ഷേത്രത്തിൽ കള്ളന്മാർ കയറിയിട്ടില്ല.

മുൻപൊരുകാലത്തു് ഇവിടെ ദേവസ്വംവകയായി ഒരു പിടിയാനയുണ്ടായിരുന്നു. ആ ആനയെ ഒരിക്കൽ ഏറനാട്ടുതാലൂക്കിൽ മമ്പാട്ടുദേശക്കാരനായ ഒരു മഹമ്മദീയനു പാട്ടത്തിനു കൊടുത്തിരുന്നു. ഉത്സവത്തിനു് എഴുന്നള്ളിക്കാൻ ആനയെ മുൻകൂട്ടി മടക്കിയയച്ചുകൊള്ളാമെന്നുള്ള കരാറോടുകൂടിയാണു മഹമ്മദീയൻ ആനയെ കൊണ്ടുപോയതു്. എങ്കിലും ഉത്സവമടുത്തപ്പോൾ ഊരാളന്മാർ മഹമ്മദീയന്റെ പക്കൽ ഒരെഴുത്തുകൊടുത്തു് ആളെ അയച്ചു

ആ എഴുന്നള്ളത്തിനു മഹമ്മദീയന്റെ മറുപടി "ഇപ്പോൾ പണിത്തിരക്കു വളരെ അധികം ആകയാൽ ഉത്സവത്തിനു തൽക്കാലം ആനയെ മടക്കിയയക്കാൻ നിവൃത്തിയില്ല" എന്നായിരുന്നു. വേറെ ആനയെ അന്വേഷിച്ചിട്ടു കിട്ടിയുമില്ല. ഊരാളന്മാർ ആകപ്പാടെ വിഷണ്ണന്മാരായിത്തീർന്നു. എങ്കിലും ഉത്സവാരംഭദിവസം രാത്രിയിൽ എഴുന്നെള്ളിക്കാനുള്ള സമയമായപ്പോൾ പടിഞ്ഞാറേച്ചിറയിൽ ഒരാനയുടെ ശബ്ദംകേട്ട് ഊരാളന്മാരുംമറ്റും ഓടിച്ചെന്നു നോക്കിയപ്പോൾ അതു ദേവസ്വംവക പിടിയാനതന്നെ ആയിരുന്നു. അന്നു പകൽ മുഴുവനും ആ ആന മഹമ്മദീയന്റെ പണിസ്ഥലത്തുണ്ടായിരുന്നു. മമ്പാട്ടുനിന്നു ഈ ക്ഷേത്രത്തിലേക്കു എൺപതുനാഴിക ദൂരമുണ്ട്. ഇത്രയും ദൂരം പത്തുനാഴികകൊണ്ട് ഈ ആനയെത്തിയതെങ്ങിനെയെന്നു ഭഗവതിക്കു മാത്രമറിയാം. ആനയുടെമേൽ ചങ്ങലയുണ്ടായിരുന്നില്ല. ആനക്കാരനും വന്നിട്ടുണ്ടായിരുന്നില്ല. ആന സ്വയമേവ ചിറയിൽ കുളിച്ചു ക്ഷേത്രനടയിൽ ഹാജരായി. തലയിൽക്കെട്ടു എടുത്തുകൊണ്ടു ചെന്നപ്പോൾ ആരും പറയാതെതന്നെ ആന മടക്കി. ഒരാൾ കയറി തലയിൽക്കെട്ടു കെട്ടിച്ചു. ശാന്തിക്കാരൻ പതിവുപോലെ എഴുന്നെള്ളിക്കുകയും ചെയ്തു. അങ്ങനെ രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും ആനയെ അന്വേഷിച്ചു മഹമ്മദീയനും ആനക്കാരനും ഇവിടെ വന്നുചേർന്നു. ഉത്സവത്തിനെഴുന്നെള്ളിക്കാൻ ആനയെ അയയ്ക്കാതെയിരുന്നതിനു മഹമ്മദീയൻ പ്രായശ്ചിത്തം ചെയ്യുകയും ദേവിയുടെ കോപം ഉണ്ടാകാതെയിരിക്കേണ്ടതിലേക്കായി അനേകം വഴിപാടുകൾ നടത്തുകയും ചെയ്തു.

ഈ ക്ഷേത്രത്തിലെ കോമരം (വെളിച്ചപ്പാടു) പട്ടമുണ്ടയ്ക്കൽ തെയ്യമ്പാടികുറുപ്പിന്റെ കുടുംബത്തിൽ അന്നന്നു മൂത്ത ആളായിരിക്കയാണു പതിവ്. ഒരുകാലത്തു അവിടെ പ്രായം തികഞ്ഞ പുരുഷന്മാരാരും ഇല്ലാതായിത്തീരുകയാൽ കാരോറപ്പണിക്കന്മാരുടെ കുടുംബത്തിൽ നിന്നു ഒരാളെ കോമരമാക്കിയെടുക്കുന്നതിനു ഊരാളന്മാരുംമറ്റും തീർച്ചപ്പെടുത്തി. ആ സമയം തെയ്യമ്പാടികുറുപ്പിന്റെ ഗൃഹത്തിൽനിന്നു പതിനൊന്നുവയസ്സുമാത്രം പ്രായമായ ഒരാൺകുട്ടി വെളിച്ചപ്പെട്ടുകൊണ്ട് ഈ ക്ഷേത്രത്തിലെത്തി. കുറുപ്പിന്റെ ഗൃഹത്തിൽനിന്നു ക്ഷേത്രത്തിലേക്കു ഇരുപത്തഞ്ചുനാഴിക ദൂരമുണ്ട്. ചെറുപ്രായത്തിലുള്ള ഈ ബാലൻ ഇത്രയുംദൂരം പരസഹായം കൂടാതെ വഴിയറിഞ്ഞ് ഇവിടെ വന്നെത്തിയതിനേക്കുറിച്ചുതന്നെ എല്ലാവരും ഏറ്റവും അത്ഭുതപ്പെട്ടു. പിന്നീടുണ്ടായ അന്വേഷണത്തിൽ അയാൾ ഗൃഹത്തിൽനിന്നു ഏകദേശം പതിനഞ്ചുനാഴികകൊണ്ടാണു ഇവിടെ വന്നെത്തിയതെന്നറികയും ചെയ്തു. അയാളുടെ പ്രവൃത്തികളും വാക്കുകളുമെല്ലാം അത്ഭുതപ്പെടുവാൻ തക്കവയായിരുന്നതിനാൽ വിശ്വാസപൂർവ്വം അയാളെത്തന്നെ അവിടെ കോമരമായി സ്വീകരിച്ചു. ഏകദേശം എഴുപതു വയസ്സു പ്രായമായ ആ മനുഷ്യൻ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്.

ഏകദേശം പത്തുകൊല്ലം മുൻപ് ഊരാളന്മാരുടെ ബന്ധുവർഗ്ഗത്തിൽപ്പെട്ട ഒരാൾ ഈ ഭഗവതിയുടെ നടയിൽ നിന്നു കള്ളസത്യം ചെയ്തു. അയാൾ ക്ഷേത്രത്തിൽനിന്നു പുറത്തിറങ്ങിയ ക്ഷണത്തിൽ ബോധംകെട്ടു മറിഞ്ഞുവീണു മരിച്ചു. അതിൽപ്പിന്നെ അവിടെ സത്യം ചെയ്യാനായി ആരും വരാറില്ല.

കൊല്ലം 1098-ൽ കടത്തനാട്ടു തെക്കിക്കണ്ണമ്പത്തു നമ്പ്യാരുടെ വീട്ടിൽ ഒരു വലിയ കവർച്ചയുണ്ടായി. പല ജാതിക്കാരായ ഇരുപത്തൊന്നു മഹാതസ്കരന്മാർ കൂടിയാണു കളവു നടത്തിയതു്. പണമായിട്ടും പണ്ടങ്ങളായിട്ടും അനേകായിരം രൂപായുടെ വക അവർ തട്ടിക്കൊണ്ടുപോയി. പോലീസുകാർ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ച് അന്വേഷണം നടത്തിയിട്ടും യാതൊരു തുമ്പുമുണ്ടായില്ല. അതിനാൽ നമ്പ്യാർ ഈ ഭഗവതിക്കു ചില വഴിപാടുകൾ നേർന്നു. അതിന്റെശേഷം അധികം താമസിയാതെതന്നെ ആ കള്ളന്മാർ മോഷ്ടിച്ച മുതലുകളെല്ലാം തലയിൽവെച്ചു തുള്ളിക്കൊണ്ടു ഭഗവതിയുടെ നടയ്ക്കൽ കൊണ്ടുചെന്നുവെച്ചു ക്ഷമായാചനംചെയ്തു മടങ്ങിപ്പോയി. ഊരാളന്മാർ നമ്പ്യാരെ വരുത്തി ആ മുതലുകളെല്ലാം ഏല്പിച്ചുകൊടുത്തു. നമ്പ്യാർ മുൻപു നിശ്ചയിച്ചതിലധികം വഴിപാടുകൾ കഴിച്ചു ഭഗവതിയെ വന്ദിച്ചു പോവുകയും ചെയ്തു.

പണ്ടൊരിക്കൽ ഗർഭിണിയായ ഒരു സ്ത്രീ ഉച്ചപ്പൂജ കഴിഞ്ഞസമയം ഈ ക്ഷേത്രത്തിൽചെന്നു ദർശനംകഴിച്ചു പോയി. അന്ന് അസ്തമിക്കുന്നതിനു മുൻപ് ആ സ്ത്രീ മരിച്ചു. ഇതിന്റെ കാരണമറിയുന്നതിനായി ആ സ്ത്രീയുടെ വീട്ടുകാർ ഒരു പ്രശ്നക്കാരനെ വരു

ത്തി പ്രശ്നം വെപ്പിച്ചുനോക്കിച്ചു. സ്ത്രീയുടെ മരണത്തിനുള്ള കാരണം ഭഗവതിയുടെ കോപമാണെന്നു പ്രശ്നക്കാരൻ വിധിച്ചു. ഭഗവതിക്കു ഉച്ചപ്പൂജക്കുള്ള നിവേദ്യം മദ്യവും മാംസവുമാണെല്ലോ പതിവു്. മദ്യം സേവിച്ചു മദിച്ചിരിക്കുന്ന സമയത്തു് ആരായാലും അന്യന്മാർ ചെന്നു കാണുന്നതു സന്തോഷാവഹമായിരിക്കയില്ലല്ലോ. വിശേഷിച്ചു് ഒരു സ്ത്രീയായ ഭഗവതി മദ്യപാനം ചെയ്തു് ആഹ്ലാദിച്ചിരിക്കുന്ന സമയത്തു മറ്റൊരു സ്ത്രീ ചെന്നു കണ്ടാൽ കോപമുണ്ടാകാതിരിക്കുമോ? ഇതാണു പ്രശ്നക്കാരന്റെ യുക്തി. ഏതായാലും ഇപ്പോഴും അവിടെ ഉച്ചപ്പൂജക്കുശേഷം സ്ത്രീകൾ അകത്തു കടന്നു തൊഴുക പതിവില്ല.

ഇങ്ങനെ വിഷാരിക്കാവിൽ ബ്ഭഗവതിയുടെ അത്ഭുതമാഹാത്മ്യങ്ങൾ പറയുകയാണെങ്കിൽ ഇനിയും വളരെയുണ്ടു്. അവിടെ പാരമ്പര്യപ്രകാരം ഉപദേശം സിദ്ധിച്ച വൈശ്യന്മാരുടെ പൂജയും മറ്റുമില്ലാതെയായിട്ടു വളരെക്കാലമായിയെങ്കിലും ഭഗവതിയുടെ ശക്തി ഒട്ടും കുറഞ്ഞിട്ടില്ല. അതു് ഇപ്പോഴും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

## "ഒരു വീണ പൂവ്."

(ഗാനം)

(പത്മനാഭദാസ്)

കോമളിമാവെഴും സൂനമേ! സൌന്ദര്യ-ധാമമേ! പാവനത്തൂമണമേ!
കാമന്റെ കയ്യിൽക്കളിക്കും കളവറ്റൊ-രോമനപ്പൂവേ! മനോഹരാംഗീ!
കണ്മണിയാകും ചകോരങ്ങൾക്കുണ്ണുവാൻ-വെണ്ണിലാവായി ലസിച്ച ചെമ്മേ
പെണ്മണിയാൾ തൻ മുടിത്തുമ്പിൽ വാണ നീ-വെണ്മണൽപ്പൂമെത്ത പൂകിയല്ലോ!
വാസന്തി തന്റെയാസവമാസ്വാദി-ച്ചാസകലം സുഖസൌരഭ്യത്തിൽ
ത്രാസം പെടാതേറ്റം മുങ്ങിക്കുളിച്ചനു-വാസരം വാണൊരു ഭൃംഗമങ്ങോ?
കാമിനിയാളെട്ടത്തോമനിച്ചുള്ള നിൻ-കോമളഗാത്രവും വാടിയല്ലോ
പ്രേമപ്പാലാഴിയിൽ മാനസത്തിക്കപ്പ-ലാമയംകൂടാതെയോടിക്കും നീ
കാലക്കേടാകിയ കാറ്റടിയിൽപ്പെട്ടു-ചാല്യം പിഴച്ചയ്യോ കേണിടുന്നു!
ചേലഞ്ചുംമാതിരി വാണിരുന്നല്ലൊരു-കാലത്തിലെത്രപേരാഗ്രഹിച്ചു?
ആടിക്കൊണ്ടാൽ ദൈവം കൂടിക്കൊള്ളുമെന്നു-പാടിവരുന്നതു കേട്ടു നീയും
മോടിയ്ക്കു നല്ലാർതൻ വാർകുന്തൽത്തുമ്പിലാ-ണ്ടാടിക്കളിച്ച നീ താഴെ വീണു!!
ഉന്നതിയാക്കും സ്ഥിരമല്ല സൌഖ്യവു-മെന്നുള്ള തത്വം വെളിപ്പെടുത്താൻ
സന്നദ്ധയായോരു പൂവേ! നീ യോഗിനി-യെന്നപോലല്ലെങ്കിലും സങ്കടം താൻ!
നിത്യമല്ലിക്കണ്ടതൊന്നും നിനക്കുകിൽ-സത്യസ്വരൂപനേ ബാക്കിയുള്ളൂ!
ചത്തും പിറന്നും കഴിയുന്ന ലോകരീ-ത്തത്വം ഗ്രഹിക്കാഞ്ഞോ ദുഃഖിക്കുന്നു
നല്ലകാലത്തിങ്കലെല്ലാവരും നന്നാ-യെല്ലായ്പ്പോഴുമിഷ്ടം നോക്കാനുണ്ടാം
വല്ലാത്തകാലക്കേടുതി പിണയുമ്പോ-ളില്ലാനമുക്കാരും ബന്ധുക്കളായ്
കാര്യംകണ്ടീടാൻ തലയിലെടുക്കയും-കാര്യംകഴിയുമ്പോൾ കാണാതെയും
ആര്യാമണികളും മറ്റുള്ളകൂട്ടരും-ധൈര്യത്തെക്കാട്ടിവരുന്നു കഷ്ടം!
ചെന്താരണിമൃദുപാണികളാൽക്കുളുർ-പ്പൂന്തേൻനിറഞ്ഞുള്ള പൂവേ! നീയും
ചെന്താർമകന്റെ വിധിമതമാകുന്ന-സന്താപത്തീയിൽ ദഹിച്ചിടുന്നു!!
മന്ദാനിലൻവന്നു വീശുന്നകാറ്റേറ്റു-സുന്ദരഭൃംഗത്തിൻ പാട്ടുകേട്ടും
ഖിന്നതവിട്ടു തളിർമെത്തപൂകേണ്ടും-നിന്നെച്ചവിട്ടുന്നു ലോകരിപ്പോൾ!!
അയ്യോ കഠിനം കഠിനമിക്കാഴ്ചകൾ-ദുസ്സഹമാണതിനില്ലതർക്കം
പൊയ്യല്ലാനിന്റെയനുഭവം മിക്കതു-മീയുള്ളലോകർക്കും പാഠംതന്നെ!
വെങ്കളിമണ്ണിനാൽ നിർമ്മിച്ചു ചെപ്പുപോൽ-ചായംപുരട്ടി മിനുക്കിനന്നായ്
പങ്കജസംഭവൻ കാട്ടിത്തരും നല്ല-ചെപ്പടിവിദ്യയാണോർക്കിലെല്ലാം!

മണ്ണിനാലുണ്ടാക്കിട്ടുള്ളവയൊക്കെയും—മണ്ണിൽ താൻ ചേരുമവസാനത്തിൽ
എണ്ണിക്കൂടാത്തഗുണങ്ങളിണങ്ങിയി—പ്പുണ്ണമായ് കാണുമ്പോളാണു ദുഃഖം!!
പൂച്ചെ! നിൻ പാവനദേഹംനശിക്കിലും—ഭവ്യം നിനക്കുണ്ടാനാശംസിപ്പൂ!
പത്മനാഭന്റെ പദാംബുജത്തോടു ചേ—ർന്നുല്ലസിച്ചീടട്ടേ നിന്റെ ജീവൻ!!

# വിക്രമശില. (തുടർച്ച)

(അങ്കമാലി എം. കേശവൻഇളയതു്)

'ബോർഗാൺ' എന്ന സ്ഥലത്തിനടുത്തുള്ള 'സിലാവോ' എന്ന പ്രദേശമാണെന്നു കന്നിംഗ്ഹാം അഭിപ്രായപ്പെടുന്നു. (14) ഗംഗാനദി, ഇവിടേനിന്നു വളരെ അകലത്തിൽ കിടക്കുന്നതുകൊണ്ടു് ഈ അഭിപ്രായത്തിന്റെ യഥാർത്ഥ്യം ചിന്തനീയമായിട്ടാണിരിക്കുന്നതു്. പണ്ഡിതസതീശചന്ദ്രവിദ്യാഭൂഷണന്റെ അഭിപ്രായത്തിൽ വിക്രമശില ഭഗൽപുരത്തിലുള്ള 'സുൽത്താൻഗഞ്ച്' എന്ന സ്ഥലത്താണു്. അത്യുന്നതങ്ങളായ ആറു ഗോപുരങ്ങളോടും, 8000 ആളുകൾക്കിരിപ്പാൻ തക്ക സ്ഥലസൗകര്യമുള്ള കെട്ടിടങ്ങളോടും കൂടിയ ദേവാലയത്തിന് അവിടെയുള്ള ഒരു ചെറിയ കുന്നിൽ സ്ഥിതിചെയ്യാൻ ഒരിക്കലും സാധിക്കുന്നതല്ല. പോരാത്തതിനു വിദ്യാപീഠങ്ങൾ, ദേവാലയങ്ങൾ മുതലായവ ഒട്ടുവളരെ വേറേയുള്ളതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു ഈ അഭിപ്രായവും സ്വീകാര്യമായിരിക്കുന്നില്ല. തിബത്ത്യൻ ചരിത്രങ്ങൾ, പ്രസ്തുതദേവാലയം ഗംഗയുടെ വലത്തേക്കരയിലുള്ള കുത്തുക്കായ ഒരു മലമുകളിലാണെന്നു വ്യക്തമായി പ്രസ്താവിക്കുന്നു. മിസ്റ്റർ നന്ദലാൽദേയുടെ അഭിപ്രായമാണു് ഉത്തമമായി തോന്നുന്നതു്. അദ്ദേഹം "പതർഘട" എന്നൊരു സ്ഥലത്താണു വിക്രമശില സ്ഥിതിചെയ്യുന്നതെന്നു സൂക്ഷ്മമായി നിർണ്ണയിക്കുന്നു. അദ്ദേഹം അതിന്റെ സ്ഥാനത്തേയും വർണ്ണിക്കുന്നുണ്ടു്.

"സുൽത്താൻഗഞ്ചി"ൽ നിന്ന് ഒരുദിവസത്തെ വഴിയിപ്പുറം, 'പതർഘട' എന്നൊരു കുത്തുക്കായ മല സ്ഥിതിചെയ്യുന്നുണ്ടു്. ചമ്പകനഗര (പൌരാണിക കാലത്തെ 'അംഗ'രാജ്യത്തിന്റെ തലസ്ഥാനമായ 'ചമ്പ')ത്തിൽനിന്നു 24 മയിൽ കിഴക്കായി കാണുന്ന "കോൽഗോങ്ങ്" * എന്ന ഗ്രാമത്തിന്റെ ഉന്തിനിൽക്കുന്ന ഒരു ഭാഗമാണു് ഇതു്. പതർഘടയിലും കോൽഗോങ്ങിലും ഉള്ള ഏതാനും ഉന്തിനിൽക്കുന്ന പാറക്കൂട്ടങ്ങൾ, ഗംഗയുടെ വലത്തേക്കരയിലുള്ള ഒരു വളവിൽ വൃത്താകാരമായ ഒരു പ്രദേശത്തെ സൃഷ്ടിച്ചിരിക്കുന്നു. ഇതു് ആ പ്രദേശത്തിന്റെ വൈചിത്ര്യത്തെ വർദ്ധിപ്പിക്കുകയും അത്യധികം രമണീയമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. ഗംഗാനദി പ്രകൃത്യാ ഭഗൽപുരത്തുനിന്നും സമുദ്രത്തിലേക്കൊഴുകുന്നതു മിക്കവാറും കിഴക്കുനോക്കിയാണു്. എന്നാൽ കോൽഗോങ്ങിൽ നിന്നും പതർഘടയിലേക്കുള്ള പ്രവാഹം വടക്കൻവഴിക്കു തിരിക്കുകയും പതർഘാട്ടു കുന്നുകളെ വലംവെക്കുകയും ചെയ്യുന്നു. പ്രസ്തുതകുന്നിൽ നിന്നു ദ്വീപിന്റെ ആകൃതിയിൽ നദിയിലേക്കു ഏതാനും പാറകൾ തള്ളി നിൽക്കുന്നുമുണ്ടു്. ഈ ഭാഗങ്ങളും, മലയുടെ ഏതാനും പാർശ്വഭാഗങ്ങളും കൂടിയ പ്രദേശത്തെ 'പതർഘട്' എന്നാണു വിളിച്ചുവരുന്നതു്." (15)

മിസ്റ്റർ ദേയുടെ ഈ അഭിപ്രായം വളരെ ശരിയായി തോന്നുന്നുണ്ടു്. തിബത്ത്യൻ ചരിത്രങ്ങളിൽ പറയുന്നതെല്ലാം ഇതുമായി യോജിക്കുന്നു. വിക്രമശില, മറ്റൊരു മഹാവിദ്യാലയമായിരുന്ന ഓദന്തപുരിയേപ്പോലെ മഹമ്മദിയാക്രമണത്തിനിരയായിത്തീരുകയും തന്മൂലം നാമാവിശേഷമായി ഭവിക്കുകയും ചെയ്തുവെന്നാണു വിശ്വസിച്ചു വരുന്നതു്.

---

(14) A. S. R., 1.

* ഇതിനു 'കലഹഗ്രാമം' എന്നായിരുന്നുപേർ എന്നും ദുർവ്വാസാവു മഹർഷിയുടെ ആശ്രമമായിരുന്ന ഒരു ക്ഷേത്രമാണു ഇന്നവിടെ കാണുന്നതെന്നും ചിലർ പറഞ്ഞുവരുന്നു.

(15) J. A. S. B., vol. 5., No. 1, P. 7.

ഓദന്തപുരിയെപ്പററി പ്രാചീന രേഖകൾ മൂലം സാമാന്യമായ ഒരറിവു നമുക്കു ലഭിക്കുന്നില്ല. പാലവംശരാജാവായ ശൂരപാലദേവൻെറ ഭരണദശയിൽ ഓദന്തപുരി വിദ്യാലയം ഉജ്വലമായ ഒരു പദവിയിലെത്തിയിരുന്നുവെന്ന് ഒരു ശിലാരേഖയിൽകാണുന്നുണ്ട്.

മഹമ്മദീയചരിത്രകാരനായ മിൻഹാസിൻെറ അഭിപ്രായപ്രകാരം ബക്തിയാർഖിൽജിയുടെ പുത്രൻ മഹമ്മദ് മഗധാ ആക്രമിച്ചതു, ലക്ഷ്മണസേനൻെറ രാജ്യഭാരാനന്തരം 80 വഷം കഴിഞ്ഞിട്ടാണ്. ലക്ഷ്മണാബ്ദം 1119 മുതൽ ആരംഭിക്കുന്നതിനാൽ, പ്രധാനപ്പെട്ട ബുദ്ധമതവിദ്യാപീഠങ്ങളെല്ലാം—നാളന്ദ, ഓദന്തപുരി, വിക്രമശില മുതലായവ—തീരെ നശിച്ചതു 1199ലായിരിക്കണമെന്നു തോന്നുന്നുണ്ട്. ഇന്ത്യയിലെ ബുദ്ധമതത്തിനു അന്നു തട്ടിയ ഇടിച്ചിൽ, പിന്നീടൊരിക്കലും അതിനു പൂർവ്വസ്ഥിതിയെ പ്രാപിപ്പാൻ നിവൃത്തിയില്ലാത്തവിധം അത്ര ശക്തിമത്തായിരുന്നു. ബുദ്ധമതാനുയായികളിൽ ഒരു വലിയസംഘം രാജ്യത്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടുകയും മററുള്ളവർ ഗത്യന്തരമില്ലെന്നു കണ്ടു് ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു.

ദേവാലയങ്ങളേയും സന്യാസിമാരേയും നശിപ്പിക്കുകയാൽ ഇസ്ലാംമതത്തെ ഉപദ്രവിക്കുവാനും അപമാനിക്കുവാനും പല ശ്രമങ്ങളും നടന്നിരുന്നുവെന്നും കാണുന്നുണ്ട്. എന്നാൽ ഇതിൽ രണ്ടെണ്ണം ശ്രദ്ധാർഹമാണ്. ഓദന്തപുരിയിലും വിക്രമശിലയിലും മഗധാരാജാവു കോട്ടകൾ ഉറപ്പിച്ചുവെന്നും സൈന്യങ്ങളെ നിർത്തി എന്നും അവരോട്ടുകൂടി ചേർന്നു സന്യാസിമാരും മററും ഉപരോധകന്നോടെതൃത്തു എന്നും താരനാഥൻ പ്രസ്താവിക്കുന്നു. ദേവാലയങ്ങൾ അന്യായത്തിൻെറയും അസത്യത്തിൻെറയും ഇരിപ്പിടമായിരുന്നു എന്നും ആതുകൊണ്ടു വിജിഗീഷുക്കളായ മഹമ്മദീയർക്കു അതിനുള്ളിലുള്ള എതിരാളികളെ വാളിനിരയാക്കുന്ന കാര്യത്തിൽ തീരെ മനശ്ശല്യമുണ്ടായിരുന്നില്ലെന്നും സർ പി. സി. റായി എഴുതിയിരിക്കുന്നു. (16)

ഇമ്മാതിരി മൃഗീയവും നാശകരവുമായ ആക്രമണം ഇന്ത്യായിൽ മാത്രമായി ഉണ്ടാവുകയോ, ഇസ്ലാംമതത്തിന്നു അതിൻെറ ബാധയിൽനിന്നു ഒഴിഞ്ഞു നിൽക്കാൻ സാധിക്കുകയോ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസകേന്ദ്രവും സംസ്കാര (Culture) ത്തിൻെറ അസ്ഥാനവും മഹമ്മദീയലോകത്തിൻെറ കണ്ണും ആയ ബാഗ്ദാദ് എപ്രകാരം എന്നെന്നേക്കുമായി നശിപ്പിക്കപ്പെട്ടുവോ അതുപോലെ വിക്രമശില ഓദന്തപുരി തുടങ്ങിയ ബുദ്ധമതവിദ്യാപീഠങ്ങളും നാശദേവതയുടെ കരാള ദംഷ്ട്രങ്ങൾക്കിരയായി.

അക്കാലത്തു് ഇന്ത്യയിലെ ബുദ്ധമതം, അശോകൻെറ കാലത്തേതുമായി തെല്ലുപോലും ബന്ധിക്കപ്പെട്ടിരുന്നില്ല. വെറും താന്ത്രികമതമായിരുന്നു അതു്. ആഭിചാരം മന്ത്രവാദം തുടങ്ങിയവയ്ക്കു് ബുദ്ധമതത്തിൽ സർവ്വസ്വാതന്ത്ര്യവും ലഭിച്ചിരുന്നു. ആത്മീയചിന്തയ്ക്കു അതിൽ സ്ഥാനമേ ഉണ്ടായിരുന്നില്ല. മതാസക്തനായിരുന്ന നാഗാർജ്ജുനൻെറ കാലത്തുതന്നെ ബുദ്ധമതത്തിനു സാരതരങ്ങളായ മാററങ്ങൾ സംഭവിച്ചുതുടങ്ങി. ഹിന്ദുമതം മെല്ലെ പൊങ്ങുവാനും ആരംഭിച്ചു.

പാലരാജാക്കന്മാർ ബുദ്ധമതാനുയായികളായിരുന്നു എന്ന സംഗതിയിൽ പക്ഷാന്തരമില്ല. അതീശൻ മുതലായ ബുദ്ധമതപണ്ഡിതന്മാരും അവരുടെ ഭരണദശയിൽ മതപ്രചരണാർത്ഥം പരിശ്രമിച്ചിരുന്നു. എന്നാലും ബുദ്ധമതത്തിൻെറ കീഴ്പോട്ടുള്ള ഗതിയെ തടഞ്ഞുനിർത്തുക അവരാൽ അശക്യംതന്നെ ആയിരുന്നു.

പലരാജാക്കന്മാർ ബുദ്ധമതാനുയായികളായിരുന്നുവെങ്കിലും, മതോദ്ധാരണവിഷയത്തിൽ എന്തെങ്കിലും ചെയ്വാൻ അവർക്കു ശക്തിയോ സാമർത്ഥ്യമോ ഉണ്ടായിരുന്നില്ല. ധർമ്മപാലൻെറ ഭരണദശയിൽ ശുഭസ്ഥലിയിൽ ഒരു വലിയ വിഷ്ണുക്ഷേത്രം പണിതീർക്കുകയും ബുദ്ധഗയയിൽ തന്നെ ശിവലിംഗം പ്രതിഷ്ഠിക്കുകയും ഉണ്ടായി. മഹമ്മദാക്രമണത്തിൽ ബുദ്ധഗയയിലെ പ്രധാനപ്പെട്ട ക്ഷേത്രം 'സ്നാതക'ന്മാരുടെ കൈവശമാവുകയും സർവ്വസ്വവും നശിക്കുകയും ചെയ്തു.

(16) The History of Hindu chemistry, Vol. 1.

നാളന്ദ, വിക്രമശില, ഓദന്തപുരി ഈ മൂന്നു വിശ്വവിദ്യാലയങ്ങളും രാജധാനിയിൽ നിന്നു—അല്ലെങ്കിൽ രാജധാനികളിൽ നിന്നു—വളരെ അകലെയാണു സ്ഥാപിച്ചിരുന്നതെന്ന സംഗതി വിശേഷാൽ പ്രസ്താവിക്കേണ്ടതുണ്ടു. ഇതിനു ഹേതുവെന്തെന്നുള്ള ചോദ്യത്തിനു മഹാകവി രവീന്ദ്രനാഥൻ, തന്റെ "തപോവന"മെന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുള്ളതു ഒന്നാന്തരം സമാധാനമാണ്.

ഇന്ത്യയിൽ അത്യത്ഭുതകരമായ ഒരു സംഗതി നാം കാണുന്നതു്, ഇവിടത്തെ നാഗരികത്വത്തിനു മൂലകാരണം പട്ടണങ്ങളല്ല, നേരേമറിച്ചു കാടുകളാണ് എന്നുള്ള വസ്തുതയത്രേ.

വനങ്ങളിൽ മനുഷ്യവാസമുണ്ടെങ്കിലും വിശാലങ്ങളായ തുറന്ന സ്ഥലങ്ങൾ, അകന്നകന്നു ധാരാളം കിടക്കുന്നുണ്ടു്. അവിടെ യാതൊരു തിരക്കിനും അവകാശമില്ല. ഇന്ത്യാക്കാരുടെ മനസ്സിൽ പട്ടണത്തിൽനിന്നും വിട്ടുള്ള ഈ വാസം ഈ അകൽച്ച മാന്ദ്യത്തെയല്ല ഉണ്ടാക്കുന്നതു്; ഉണർവിനേയും ഉത്സാഹത്തെയും പ്രദാനം ചെയ്യുന്നു. വൃക്ഷങ്ങൾക്കും ചെടികൾക്കും നദികൾക്കും തടാകങ്ങൾക്കും എല്ലാം മനുഷ്യമനസ്സുമായി അത്യന്തം അടുത്തുപെരുമാറുവാൻ കഴിവുണ്ടാകുന്നു. ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ടു കാലങ്ങൾക്കു വൈദിക കാലത്തിനും ബുദ്ധമതകാലത്തിനും—പോഷണം നൽകിയിട്ടുള്ളതും വനംതന്നെയാണ്.

വേദജ്ഞന്മാരായ ഋഷികൾ ചെയ്തതുപോലെ ബുദ്ധദേവനും ഇന്ത്യയിലെ അനവധി വനങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശാമൃതത്തെ വർഷിച്ചിട്ടുണ്ടു്. രാജകീയക്കൊട്ടാരത്തിൽ അദ്ദേഹത്തിനു സ്ഥലമില്ല. പ്രകൃതിദേവി—വനം—അദ്ദേഹത്തെ തന്റെ മടിയിൽ വച്ചു താലോലിച്ചു. വനങ്ങളിൽ നിന്നു പുറപ്പെട്ട നാഗരികത്വത്തിന്റെ പ്രവാഹം ഭാരതത്തെ ഒട്ടാകെ മുക്കിയിരിക്കുന്നു!"

# കാളിദാസനും ഭവഭൂതിയും

(മഹോപാദ്ധ്യായ കെ. എസ്. നീലകണ്ഠനുണ്ണി.)

അകൃത്രിമമായ വർണ്ണനാചാതുര്യംമൂലം ലോകോത്തരഗുണോത്തരങ്ങളായ ഗ്രന്ഥങ്ങളെ നിർമ്മിച്ചു സഹൃദയാനന്ദം വരുത്തിയിട്ടുള്ള ആര്യാവർത്തത്തിലെ ഉത്തമകവിശ്രേഷ്ഠന്മാരാണു കാളിദാസനും ഭവഭൂതിയും. ലോകമനോഭാവങ്ങളെ വ്യഞ്ജിപ്പിക്കുക, പ്രാണിജീവിതത്തെ വിവരിക്കുക, പ്രകൃതിയെ ചിത്രീകരിക്കുക മുതലായ വിഷയങ്ങളിൽ ഈ കവികുലകൂടസ്ഥന്മാർക്കുണ്ടായിരുന്ന പാടവം അന്യാദൃശവും, ബുദ്ധി നിരങ്കുശവുമായിരുന്നു. യഥാർത്ഥകവികൾ ലോകസ്വഭാവത്തേയും, പരിതസ്ഥിതികളേയും കാവ്യരൂപേണ ലോകർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു എന്നുള്ള തത്വം കാളിദാസഭവഭൂതിപ്രഭൃതികളുടെ ഗ്രന്ഥങ്ങളിലാണു നാം സുവ്യക്തമായി നിഴലിച്ചുകാണുന്നതു്. മനോഭാവങ്ങളെ രേഖപ്പെടുത്തുക എന്നതാണല്ലോ ഒരു കവിയുടെ പ്രധാനകൃത്യം. ഉള്ളിൽ തോന്നുന്ന ആശയങ്ങളെ സുഗ്രാഹ്യമായ രീതിയിൽ സുഗമവും, സുഖാവഹവുമായ ഭാഷ ഉപയോഗിച്ച് എഴുതിയാൽ അതു കാവ്യപാരായണപരായണന്മാരായ സഹൃദയന്മാരുടെ ഹൃദയത്തിൽ ആനന്ദാതിശയത്തെ ഉളവാക്കും. ഉള്ളിലുള്ള ആശയങ്ങളെ അങ്ങനെ വാഗ്രൂപേണ പുറത്തു പ്രകാശിപ്പിക്കുക എന്നുള്ളതു് ആരാലും സാധ്യമായ കാര്യമല്ല. സാധാരണജനങ്ങളെ സംബന്ധിച്ചടത്തോളം ഈ ഒരു സംഗതി അശക്യംതന്നെ. സ്വാഭിപ്രായപ്രകടനത്തിൽ സങ്കോചമില്ലായ്മയും, സാധാരണജനങ്ങളെക്കാൾ ആശയവിശദീകരണത്തിൽ സ്വാതന്ത്ര്യവും, സന്ദർഭാനുസാരിണിയായ ഭാഷയും ഉള്ള ഒരാൾ തന്നെയാണു യഥാർത്ഥ വിദ്വാൻ. ഇതോടുകൂടി പരോഗിതജ്ഞാനശക്തിയും, വശ്യവാക്ത്വവും, വർണ്ണനാചാതുര്യവും ഉണ്ടായാൽ അങ്ങനെയുള്ളവനെ യഥാർത്ഥകവി എന്നു പറയുന്നതിൽ അതിശയിപ്പാനെന്തുള്ളൂ? ആശയവിശദീകരണം സുസാധമെങ്കിലും ഭാഷാസ്വാധീനമില്ലാത്ത ഒരാൾക്കു കവിയായിത്തീരുവാൻ സാധിക്കുന്നതല്ല. പരമമനോഭാവങ്ങളെ വിശദീകരിച്ചു് അന്യന്മാരെ രസിപ്പിക്കുന്നതിൽ സന്ദർഭാ

നുസാരിണിയായ ഭാഷ വശംഗതയായിരിക്കണം. അല്ലാത്തപക്ഷം ഉദ്ദിഷ്ടകാര്യം സാദ്ധ്യമാകുകയില്ലെന്നുതന്നെയല്ല, പരന്മാരുടെ അവജ്ഞയ്ക്ക് അവൻ പാത്രവാനായിത്തീരുകയും ചെയ്യും. എന്നാൽ മേൽ പറയപ്പെട്ട ഉഭയ കവിരാജന്മാർ വശ്യവാക്കത്വം, വർണ്ണനാചാതുര്യം, ആശയവിശദീകരണപാടവം, സന്ദർഭാനുസരണം വേണ്ടത്തക്ക ഭാഷ ഉപയോഗിച്ചു സഹൃദയന്മാരെ സന്തോഷിപ്പിക്കുന്നതിനുള്ള സ്വാശ്രയശക്തി ഇത്യാദി വിഷയങ്ങളിൽ അദ്വിതീയന്മാരും അനപലപനീയ ചരിതന്മാരുമായിരുന്നു എന്നുള്ളതിന് ഇവരുടെ കവിതകൾ ഉത്തമദൃഷ്ടാന്തങ്ങളാണ്.

പ്രതിഭാവിലാസശക്തിയാൽ വസ്തുസ്വഭാവങ്ങളെ വിശദീകരിച്ചു വായനക്കാരുടെ ഹൃദയത്തിൽ ആനന്ദാതിശയത്തെ ഉളവാക്കുന്ന വിഷയത്തിൽ മേൽ പറയപ്പെട്ട കവിരാജന്മാർ തുല്യന്മാർതന്നെ. എന്നാൽ പരസ്പരവിഭിന്നങ്ങളായ ഉപാധികൾ നിമിത്തമായുണ്ടാകുന്ന രീതിവ്യത്യാസം ഇവരെ അന്യോന്യം ഭേദിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാളിദാസൻ സുഗമവും, സുഖദവും, കർണ്ണാനന്ദകരവുമായ മൃദുലപദങ്ങളെക്കൊണ്ടു കവിതാദേവിയെ അലങ്കരിക്കുമ്പോൾ, ഭവഭൂതിയാകട്ടെ കഠിനവും, ആർഭാടവും, ഉദ്വേഗജനകവുമായ വിഷമപദങ്ങളെക്കൊണ്ടു കവിതാദേവിയെ പിടിച്ചുകെട്ടി വശത്താക്കുന്നു. പ്രകൃതിവർണ്ണനയിലുള്ള പാടവം രണ്ടുപേർക്കും ഒരുപോലെതന്നെയാണെങ്കിലും, ഏതദ്വിഷയകമായ കാളിദാസന്റെ മൃദുലമനോഗതിയും, ഭവഭൂതിയുടെ കഠിനമനോവൃത്തിയും പരസ്പരവിഭിന്നങ്ങളാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ശൃംഗാരരസപ്രധാനങ്ങളായ വിഷയങ്ങളെ സരസങ്ങളും സാരഗർഭങ്ങളുമായ മധുരപദങ്ങളെക്കൊണ്ടു വർണ്ണിച്ചുകാണിക്കുന്നതിനുള്ള ഒരു ശക്തിയാണു കാളിദാസമഹാകവിക്കുള്ളതു്. ഹൃദയവികാരങ്ങളെ അണുമാത്രം വിടാതെ പ്രകടമായി വർണ്ണിച്ചു വായനക്കാരെ തലതല്ലിക്കാനുള്ള ഒരു പ്രത്യേകവാസന ഭവഭൂതിക്കു ജന്മസിദ്ധമായിട്ടുതന്നെ ഉണ്ടുതാനും. വ്യസനാധിക്യംനിമിത്തം ഭവഭൂതിയുടെ കവിതാപാത്രങ്ങൾ ഹൃദയം പൊടിഞ്ഞു കണ്ണുനീരിൽ മുങ്ങി വിലപിച്ചു മൂർച്ഛിക്കുമ്പോൾ ഈ അവസ്ഥയിൽതന്നെ സ്ഥിതി ചെയ്യുന്ന കാളിദാസന്റെ കവിതാപാത്രങ്ങൾ രണ്ടോ മൂന്നോ കണ്ണുനീർത്തുള്ളി മാത്രം പൊഴിക്കുന്നതേയുള്ളൂ. വ്യസനാദിവികാരങ്ങളെ ഹൃദയം വെട്ടിപ്പൊളിച്ചു കാണിച്ചുകൊടുക്കുകയാണു ഭവഭൂതിയുടെ കൃത്യം. മൃദുലപദങ്ങളെക്കൊണ്ടു സുഗമമായ രീതിയിൽ കവിത എഴുതുന്നതിനു ഭവഭൂതിക്കൊരുകാലത്തും സാധിച്ചിരുന്നില്ല. അതുപോലെതന്നെ വീരരസപ്രധാനങ്ങളായ വർണ്ണനകളെ തദനുസരണമായ രീതിയിൽ സുദീർഘസമാസങ്ങൾ ചെയ്തു ആർഭാടമാക്കി എഴുതുന്നതിനു കാളിദാസനെക്കൊണ്ടും ഒരുകാലത്തും സാധിച്ചിരുന്നില്ല.

കിമപി കിമപി മന്ദം മന്ദമാസക്തിയോഗാ
ദവിരളിതകപോലംജല്പതോരക്രമേണ
അശിഥിലപരിരംഭവ്യാപൃതൈകൈകദോഷ്ണോ
രവിദിതഗതയാമാരാത്രിരേവവ്യരംസീൽ

ശൃംഗാരരസത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായിത്തീർന്നിരിക്കുന്ന ഉത്തരരാമചരിതത്തിലെ മേലെഴുതിയ ശ്ലോകം ദീർഘസമാസങ്ങളെക്കൊണ്ടും, വികടാക്ഷരബന്ധംമൂലവും എത്രമാത്രം ആർഭാടമായിരിക്കുന്നു എന്നു നോക്കുക. ഭവഭൂതിയുടെ ഈ രീതി അദ്ദേഹത്തിന്റെ കൃതികളിൽ സർവ്വത്ര പ്രകാശിച്ചുകാണാം.

"തീവ്രാഘാതപ്രതിഹതതരുസ്കന്ധലഗ്നൈകദന്തഃ
ക്രോധാകൃഷ്ടപ്രതതിവലയാസക്തസഞ്ജാതപാശഃ
മൂർത്തോവിഘ്നസ്തപസഇവനോഭിന്നസാരംഗയൂഥോ
ധർമ്മാരണ്യം വ്രജതിസഗജഃ സ്യന്ദനാലോകഭീതഃ"

വീരരസപ്രധാനമായ കാളിദാസന്റെ ഈ ശ്ലോകം ശിഥിലബന്ധമായിപ്പോയതു് ഏതദ്വിഷയകമായ അശക്തിയെ തന്നെ അല്ലേ ദ്യോതിപ്പിക്കുന്നതു്. ആരംഭത്തിലുള്ള ആർഭാടങ്ങൾ ഒടുവിൽ വന്നപ്പോഴേക്കും അസ്തമിക്കുകയും ന്യൂനതയുള്ള തന്റെ പാടവം പ്രകടമായിത്തീരുകയുമാണിവിടെ ഉണ്ടായിട്ടുള്ളതു്.

പരസ്പരബഹുമാനവും ആദരവും ഇവർക്കു ധാരാളമായിട്ടുണ്ടായിരുന്നു എന്നുള്ളതിനു്, "ഉത്തരേ രാമചരിതേ ഭവഭൂതിർവിശിഷ്യതേ" എന്നിത്യാദികളായ വചനങ്ങൾ ദൃഷ്ടാന്തങ്ങളാ

ണ്. ഗിരി നദി നിജ്ജ്ഝരങ്ങളെയും, പച്ച്വതപംക്തികളെയും, കാനനതലങ്ങളെയും തന്മയത്വത്തോടുകൂടി വണ്ണിക്കുന്നതിനുള്ള ഭവഭൂതിയുടെ സാമത്ഥ്യത്തിൽ കാളിദാസമഹാകവിക്കു ഭാവമുണ്ടായിരുന്നു എന്നുള്ളതാണു മേൽ പറയപ്പെട്ട വചനങ്ങളിൽനിന്നു തെളിയുന്നത്. ഇതുപോലെതന്നെ കാളിദാസാനുകരണങ്ങളായ ചില ശ്ലോകങ്ങൾ ഭവഭൂതിയുടെ കൃതികളിൽ കാണുന്നതുകൊണ്ടു കാളിദാസനെ ഭവഭൂതിക്കും ബഹുമാനമായിരുന്നു എന്നു വേണ്ടേ ഊഹിപ്പാൻ.—

"അലക്ഷ്യദന്തമുകുളാനനിമിത്തഹാസൈ
രവ്യക്തവണ്ണരമണീയവചഃ പ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻവഹന്തോ
ധന്യാസ്തദംഗരജസാമലിനീഭവന്തി"

എന്ന കാളിദാസശ്ലോകത്തെ അനുകരിച്ചു ഭവഭൂതി—

"യേനോൽഗച്ഛൽബിസകിസലയസ്നിഗ്ദ്ധദന്താങ്കുരേണ
വ്യാകൃഷ്ടസ്തേ സുതനു! ലവലീപല്ലവഃ കണ്ണമൂലാൽ
സോയംപുത്രസ്തവമദമുചാംവാരണാനാംവിജേതാ
യൽക്കല്യാണം വയസിതരുണേഭാജനം തസ്യജാതഃ"

എന്നു പ്രയോഗിച്ചുകാണുന്നു. ഇത്രയും കാൎയ്യങ്ങളിൽനിന്നു ഇവക്കുണ്ടായിരുന്ന അന്യോന്യബഹുമാനം എത്രമാത്രം മഹത്തരമായിരുന്നു എന്നു നമുക്കൂഹിക്കാം.

കവികുലഗുരുവാണെങ്കിലും മഹാകവി കാളിദാസൻെറ കൃതികളിൽനിന്ന് അഹംഭാവസ്മാരകമായ ഒരു വാക്കുപോലും ഉദ്ധരിപ്പാൻ ആരേക്കൊണ്ടും സാധിക്കുകയില്ല. എന്നു മാത്രമല്ല ജഗത്തിൽ തന്നെപ്പോലെ അല്പബുദ്ധിയായ ഒരാൾ ഉണ്ടായിരിക്കയില്ല എന്നുകൂടി അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നു എന്നുള്ളതിനു രഘുവംശമഹാകാവ്യത്തിലെ താഴെപ്പറയുന്ന ശ്ലോകം തക്ക തെളിവാണ്.

"മന്ദഃകവിയശഃപ്രാത്ഥീഗമിഷ്യാമ്യുപഹാസ്യതാം
പ്രാംശുലഭ്യേഫലെലോഭാദുൽബാഹുരിവവാമനഃ"

ഈ ശ്ലോകം വായിക്കുമ്പോൾ മററുള്ളവൻ ഇനി എന്താണു ചെയ്യേണ്ടത് എന്നു തോന്നിപ്പോകുന്നു. അഹംഭാവാഭാവദ്യോതകമായ "മന്ദഃ" എന്നുള്ള പദം കവിമ്മജ്ഞനും ലോകഗുരുവുമായ ഒരാൾ സ്വീകരിച്ചു കഴിഞ്ഞാൽ മററുള്ളവൻ അഹംഭാവാഭാവത്തെ ദ്യോതിപ്പിക്കുന്നതിന്നായി ഏതുപദത്തെയാണു സ്വീകരിക്കേണ്ടതെന്നു മനസ്സിലാകുന്നില്ല.

പ്രത്യുത ഭവഭൂതിയാകട്ടെ അഹംബുദ്ധിയുടെ തുഞ്ചത്തുതന്നെയാണെപ്പോഴും സ്ഥിതിചെയ്യുന്നത്. പക്ഷെ ഇതൊരു ദോഷമായി കരുതേണ്ട ആവശ്യം വശ്യവാക്കായ ഭവഭൂതിയേ സംബന്ധിച്ചടത്തോളം ഇല്ലെന്നുതന്നെ പറയാം.

"യെനാമകേചിദിഹനഃപ്രഥയന്ത്യവജ്ഞാം
ജാനന്തിതെകിമപിതാൻപ്രതിനൈഷയത്നഃ
ഉൽപത്സ്യതെസ്തി മമകോപിസമാനധമ്മാ
കാലോഹ്യയം നിരവധിവ്വിപുലാചപൃഥ്വീ"

ആത്മീയ കവിതകളെപ്പററി ഭവഭൂതി മാലതീമാധവത്തിൽ ഈവിധമാണു വിളംബരം ചെയ്യുന്നത്. എൻെറ കവിതകൾ മനസ്സിലാകാതെ വല്ലവരും നിന്ദാസൂചകമായ മനസ്ഥിതിയോടുകൂടി ഇരിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവക്കുവേണ്ടിയല്ല എൻെറ ഈ ശ്രമം. പ്രത്യുത എന്നെപ്പോലെ ബുദ്ധിമാനായ ഒരാൾ ഈ ഭൂലോകത്തിൽ എവിടെയെങ്കിലും, ഒരു കാലത്തുണ്ടാവാം. അങ്ങനെയുള്ളവനു് ഈ എൻെറ ശ്രമം തൃപ്തികരമായിരിക്കും തീച്ച തന്നെ. കാളിദാസൻെറയും ഭവഭൂതിയുടേയും മനോഗതിയുടെ വ്യത്യാസം എത്രമാത്രം മഹത്തരമായിരിക്കുന്നു എന്നു നോക്കുക.

ഉത്തരരാമചരിതത്തിൽ അദ്ദേഹം ഇങ്ങനെ ആത്മപ്രശംസ ചെയ്യുന്നു.

"അസ്തിഖല്വത്രഭവാൻ കാശ്യപഃ ശ്രീകണ്ഠപദലാഞ്ഛനഃ പ
ദവാക്യപ്രമാണജ്ഞോ ഭവഭൂതിർനാമജതുകർണ്ണീപുത്രഃ"

കാളിദാസനാകട്ടെ ശാകുന്തളത്തിൽ

"അദ്യഖല്വകാളിദാസ ഗ്രഥിതവസ്തുനാന വേനനാടകേനോപസ്ഥാതവ്യമസ്മാഭി:"

ഇങ്ങനെയാണു പറഞ്ഞുകാണുന്നതു്. ഇതിൽനിന്നും ഈ രണ്ടു മഹാകവികളുടേയും മനസ്ഥിതിയുടെ വ്യത്യാസം നല്ലപോലെ മനസ്സിലാകുന്നുണ്ടല്ലോ.

വിഭിന്നോപാധികങ്ങളെങ്കിലും ഒരുതരത്തിൽ വിചാരിച്ചാൽ ഈ രണ്ടു മഹാകവികളുടേയും കവിതാവിഷയകമായ പരിശ്രമം ഒരുന്നതസ്ഥാനത്തിൽ എത്തിച്ചേർന്നിട്ടുണ്ടെന്നുള്ള സംഗതി നിർമ്മത്സരബുദ്ധിയായ ഏതു സഹൃദയനും സമ്മതിക്കാതിരിക്കയില്ല. സഹൃദയഹൃദയാഹ്ലാദകമായ രീതിയിൽ വർണ്ണിക്കുന്നതിനു കാളിദാസനുള്ള പാടവം ഒന്നു വേറെതന്നെയാണ്. അതുപോലെ കരുണവീര രസങ്ങളേ ഉദ്വേഗജനകമായ വിധത്തിൽ പ്രതിപാദിക്കുന്നതിനു ഭവഭൂതിയെപ്പോലെ അത്രസമർത്ഥനായ ഒരു കവി ഇതേവരെ ഉണ്ടായിട്ടില്ല. തത്തദ്വിഷയങ്ങളിൽ ജന്മനാ സിദ്ധിച്ചിട്ടുള്ള ഇവരുടെ പദപ്രയോഗചാതുര്യ്യവും, ആശയാവിഷ്കരണശക്തിയും, ഔചിത്യവിചാരവും അനിതരസാധാരണങ്ങൾതന്നെ ആണ്. ശാകുന്തളത്തിലേ ഒരു ശ്ലോകം ഇവിടെ ഉദ്ധരിക്കാം.

"മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമം
മുഖമംസവിവർത്തിപക്ഷ്മളാക്ഷ്യാഃ
കഥമപ്യുന്നമിതം നചുംബിതംതൽ"

അനുരാഗാധിക്യത്താൽ ഉന്മത്തബുദ്ധിയായ ദുഷ്ഷന്തന്റെ മനോഗതങ്ങൾ ഏതേതു വഴികളിൽക്കൂടിയാണു സഞ്ചരിക്കുന്നതു് എന്നും ഇച്ഛാഭംഗംമൂലമുണ്ടാകുന്ന ഉദ്വേഗം മനുഷ്യമനോമുകുരത്തെ എത്രമാത്രം മ്ലാനമാക്കിത്തീർക്കുന്നുണ്ടെന്നും നിസ്സാരകാര്യത്തിൽപോലും ശക്തിമത്തായ മനസ്സാന്നിദ്ധ്യം മൂലം ആസക്തി എത്രമാത്രം വർദ്ധിക്കുന്നുണ്ടെന്നും മററുമുള്ള കാര്യങ്ങൾ എത്രമാത്രം ഹൃദയംഗമമായി വർണ്ണിച്ചിരിക്കുന്നു എന്നു നോക്കുക. നവോഢയായ നായിക നായകന്റെ പ്രഥമസമാഗമത്തിൽ സാധാരണ ചെയ്യാറുള്ള ശാരീരികചേഷ്ടകളേ ഇത്രമാത്രം ഹൃദ്യമായ രീതിയിൽ വർണ്ണിക്കുന്നതിനു കാളിദാസനേക്കൊണ്ടല്ലാതെ മററാരേക്കൊണ്ടാണു സാധിക്കുന്നതു്. "കഥമപ്യുന്നമിതം" "നചുംബിതം തൽ" എന്നുള്ള ഭാഗങ്ങൾ വ്യംഗ്യാർത്ഥപ്രധാനങ്ങളും തന്മൂലം സഹൃദയൈകവേദ്യങ്ങളുമാണെന്നുള്ള കാര്യം പണ്ഡിതൈകവേദ്യമാണ്. ലളിതപദങ്ങളേക്കൊണ്ടു ആശയപൌഷ്കല്യപൂർവ്വകം ഈ ദൃശ്യപദ്യങ്ങളേ നിർമ്മിക്കുന്നതിനുള്ള പാടവം കാളിദാസമഹാകവിക്കു മാത്രമേ ഉള്ളു.

അപരിക്ഷതകോമളസ്യയാവൽ
കുസുമസ്യേവ നവസ്യ ഷൾപദേന
അധരസ്യപിപാസയാമയാതേ
സദയംസുന്ദരി! ഗൃഹ്യതെരസോസ്യ

ഈ ഒരു ശ്ലോകം ഏതൊരു സഹൃദയന്റെ ഹൃദയത്തെ ആണു് ആനന്ദിപ്പിക്കാത്തതു്? അഭിപ്രായ ഗർഭങ്ങളായ വിശേഷണങ്ങളും, സന്ദർഭാനുസാരിണിയായ ഉപമയും, ഔൽസുക്യലോഭാദികളെ വ്യഞ്ജിപ്പിക്കുന്നതിനു പര്യാപ്തങ്ങളായ പദങ്ങളും അടക്കപ്പാടെ ചേർന്നുണ്ടായിട്ടുള്ള ഒരു ഭംഗി എത്രമാത്രം മനോരമ്യവും പ്രശംസാവഹവുമായിരിക്കുന്നു.

"നിഷ്കൂജസ്തിമിതാ: ക്വചിൽക്വചിദപിപ്രോച്ചണ്ഡസത്വസ്വനാഃ
സ്വേച്ഛാസുപ്തഗഭീരഭോഗഭുജഗ ശ്വാസപ്രദീപ്താഗ്നയ:
സീമാന: പ്രദരോദരേഷു വിരളസ്വല്പാംഭസോയാസ്വയം
തൃഷ്യദ്ഭി: പ്രതിസൂര്യ്യകൈരജഗരസ്വേദദ്രവ: പീയതേ"

ഭവഭൂതിയുടെ ഒരു സ്ഥാനവർണ്ണന ഭയങ്കരമായിരിക്കുന്നു. പദ്യപാരായണത്തിൽ നിന്നുതന്നെ ജനസ്ഥാനവാസസുഖം കൂടി നാം അനുഭവിക്കുന്നതുപോലെ ഒരു മനോവികാരം നമുക്കു

ണ്ടായിപ്പോകുന്നു. ഇതാണു സന്ദർഭാനുസാരിണിയായ ഭാഷ ഉപയോഗിച്ചു കവിതയെഴുതിയാൽ ഉണ്ടാകുന്ന ഗുണം. ഭയങ്കരങ്ങളായ ജനസ്ഥാന ഭൂവിഭാഗങ്ങളേ ഇത്രമാത്രം തന്മയത്വത്തോടുകൂടി വർണ്ണിച്ചിരിക്കുന്നതോർക്കുമ്പോൾ ഭവഭൂതിയുടെ അഹംഭാവപ്രദർശനം കേവലം വസ്തുമാത്രപരമെന്നു നമുക്കു താനേതന്നെ തോന്നിപ്പോകുന്നില്ലയോ.

"കണ്ഡൂലദ്വിപഗണ്ഡപിണ്ഡകഷണ കമ്പേനസമ്പാതിഭി
ർഘർമസ്രംസിത ബന്ധനൈശ്വ കുസുമൈരർച്ചന്തി ഗോദാവരീം
ഛായാപസ്കിരമാണ വിഷ്കിരമുഖവ്യാകൃഷ്ടകീടത്വചഃ
കൂജൽക്ലാന്തകപോതകുക്കുടകുലാഃ കൂലേകുലായദ്രുമാഃ"

ആതപാധിക്യത്താൽ ഞെട്ടറുനിൽക്കുന്ന പുഷ്പങ്ങളോടുകൂടിയ വൃക്ഷങ്ങളിൽ മത്തദ്വിപങ്ങൾ ചൊറിച്ചിൽ പോക്കുന്നതിനായി കവിൾത്തടങ്ങളെ സംഘർഷണം ചെയ്യുമ്പോൾ ഗോദാവരിയിൽ പൂക്കൾ പൊഴിയുന്നതിനെ കവി എത്രയൊ ഹൃദയംഗമമായി വർണ്ണിച്ചിരിക്കുന്നു. വേനലിന്റെ ആധിക്യത്താൽ നിഴൽ പിടിച്ചിരിക്കുന്ന പക്ഷികൾ പുഴുക്കളെ ചികഞ്ഞു പിടിക്കുന്നതും മററും തന്മയത്വത്തോടെ വിവരിച്ച് മദ്ധ്യാഹ്നവേളയിലെ കഠോരൗഷ്ണ്യത്തെ വായനക്കാർക്കുവെളിപ്പെടുത്തിക്കൊടുക്കുന്ന ഈ കവിതന്നെ അല്ലേ സാക്ഷാൽ മഹാകവി

വിഭിന്നകാലസ്ഥിതന്മാരായ കാളിദാസഭവഭൂതികൾക്കു പരസ്പരാനുഭാവം എങ്ങനെയുണ്ടാവാം? മേൽപറയപ്പെട്ട സംഗതികൾ എങ്ങിനെ ഉപപന്നമാകും.? എന്നുള്ള ചോദ്യത്തിനു ശരിയായ സമാധാനം പറയുന്ന കാര്യം അസാദ്ധ്യംതന്നെ. "ഉത്തരെരാമചരിതേ ഭവഭൂതിർവ്വിശിഷ്യതേ" എന്നും മററുമുള്ള വചനങ്ങൾ സാക്ഷാൽ കാളിദാസന്റേതായിരിക്കാൻ ഇടയില്ല. ഉത്തരരാമചരിതത്തിന്റെഗുണാതിശയത്താൽ ആകൃഷ്ടനായ ഏതൊ ഒരു വിദ്വാനാൽ വിനിർമ്മിതമാണിതെന്നേ വിചാരിപ്പാനുള്ളു. കാളിദാസഭവഭൂതികളുടെ പരസ്പരസന്ദർശനവും ഉത്തരരാമചരിതപാരായണവും മററും ഐതിഹ്യകോടിയിൽ ഉൾപ്പെടുത്തേണ്ടുന്നവയാണെന്നുതന്നെപറയാം. ഇതിനേപ്പററി കൂടുതൽ ഇനി ഒരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

വിഭിന്നോപാധികളാൽ ലോകമഹാപൂജ്യന്മാരായിത്തീർന്നിട്ടുള്ള രണ്ടു കവിശ്രേഷ്ഠന്മാരാണ് കാളിദാസഭവഭൂതികളെന്നും ഭാരതീയസാഹിത്യലോകത്തിൽ അവർക്കുള്ളസ്ഥാനം മററാർക്കും ഇതേവരെ കൈവശപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ലെന്നും മററുമുള്ള സംഗതികൾ അതിപ്രധാനങ്ങളും അനപലപനീയങ്ങളുമാണ്.

സംസ്കൃതസാഹിത്യത്തെ ഉൽകൃഷ്ടപദവിയിലേക്കു നയിക്കുകയും, വേണ്ട പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുള്ള കാളിദാസഭവഭൂതികളുടെ യശസ്സ് ലോകാവസാനംവരെ നിലനിൽക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു വഴിയില്ല.

## ഒരനുമയം

(കൃഷ്ണഗാഥാരീതി)

(മംഗലത്തു കെ. ലക്ഷ്മിക്കുട്ടിഅമ്മ)

ഇപ്പോൾ ഗമിച്ചീടുമെന്നുടെ വല്ലഭ–നെന്നുനിനച്ചുള്ളൊരാധിയാലേ
ആമോദനന്മധുവാൻവിലസീട്ടു–മാനനംവാടുന്ന പത്മിനിയെ
സപ്രേമം വീക്ഷിച്ചു മെല്ലെക്കരങ്ങളാ–ലുൽപ്രീതിപൂർവ്വകം താലോലിച്ച്
"പെട്ടെന്നുനേരിട്ട വേർപാടുകൊണ്ടെനി–ക്കൊട്ടല്ലാ ഖേദമെന്നംബുജമേ!
മൽപ്രാണനാഥയാം നിന്നെപ്പിരിഞ്ഞിട്ടു–മുപ്പതുനാഴിക വാണീടുവാൻ
ശക്തനല്ലെങ്കിലും കൃത്യാന്തരത്തിൽ നി–യുക്തൻ ഞാനെന്നു ധരിച്ചീടേണം
സർവ്വചരാചരവർഗ്ഗങ്ങളൊക്കെയു–മുർവ്വിയിലിന്നു സംപുഷ്ടമായി
തേജസ്സുമോജസ്സുമൊത്തുവിളങ്ങുന്ന–തെൻജഗൽപാലനംകൊണ്ടല്ലയോ
മായാവിമോഹിതമായിട്ടു മാനസം–ജായാസുഖത്തിൽ ലയിച്ചുപോയാൽ

പൊയ്യല്ലേ ധർമ്മവിലോപംനിമിത്തമ-ങ്ങയ്യോ ഭവിക്കുമധഃപതനം
മാലോകർമാനസേ മാന്യയായ് വാഴംനീ-സാരജ്ഞയല്ലോ എൻ സാരസമേ!
കേവലംമൂഢയാം നാരിയെപ്പോലെ നീ-യാവിലംതേടൊല്ലേ തെല്ലുപോലും
ദൈവവിലാസവിശേഷങ്ങൾ ചിന്തിച്ചു-കൈവരും മംഗളമെന്നുറച്ചു
പ്രാർത്ഥിച്ചുകൊണ്ടുനീയല്പംക്ഷമിക്കുക-കാലം വൈകാതെ ഞാൻ വന്നുചേരാം
പ്രേമപീയൂഷം പൊഴിയുന്ന പുഞ്ചിരി-പൂണ്ടുമാം യാത്രയയച്ചിടേണം”
ഈവണ്ണമാശ്വാസവാക്ക് മധു തൂകീട്ടു-വേവുന്നഹൃത്തോടു ലോകബന്ധു
ധൈര്യംനടിച്ചിട്ടുമുള്ളിലെ സങ്കടം-അറാതെ മേൽക്കുമേലേറുകയാൽ
ആ രക്തവക്ത്റനായാദിത്യൻ പോയല്ലോ!-ദൂരവേ! കാന്തയെ വിട്ടുകഷ്ടം!
ഹാഹാ! വിചിത്രമപ്പത്മിനി തന്നുടെ-ജീവനും നാഥനോടൊത്തുപോയോ?
പ്രേമസർവ്വസ്വം വിളയാട്ടുമുന്നിമിഷൽ-കോമളശ്രീയെഴമമ്മുഖം താൻ
ക്ഷീണിച്ചു വൈവർണ്ണ്യമാർന്നതാകാണുന്നു-കാണികൾമാനസം മാൽകുംവണ്ണം
എന്തിനുസന്ദേഹം സാധ്വീതൻജീവിതം-കാന്തനെക്കൂടാതെ സാദ്ധ്യമല്ലാ
എത്രയുമാശ്വാസവാക്കുകൾകേട്ടാലും-ഭർത്തൃവിയോഗമാം വഹ്നിതന്നിൽ
ചാരിത്രമേറുന്ന നാരിമാർമാനസം-പാരമുരുകുന്നു വെണ്ണപോലെ
സ്വല്പമേ സംസർഗ്ഗമുണ്ടായുള്ളെങ്കിലു-മിപ്പാരിൽകാണുമചരങ്ങളും
ബന്ധുവിയോഗത്തിലാർത്തിഭവിക്കയാൽ-ഹന്ത നെടുതായ് ശ്വസിച്ചീടുന്നു
ആശാതതികൾക്കു ശോഭകുറയുന്നു-ദൈവമേ നീ തുണയെങ്ങൾക്കെന്നും!

# ഞാനോ നീയോ?

(കെ. പി. മാധവൻഉണ്ണി)

1

ശ്രീദേവി:—അമ്മുക്കുട്ടീ! ഇതു വളരെ നീചമായിപ്പോയി. അനാഥശിശുവായി വഴിയരികിൽ നിലവിളിച്ചുകൊണ്ടു കിടന്ന നിന്നെ ഞാനാണ് എടുത്തുകൊണ്ടുവന്ന് എന്റെ പുത്രിയെപ്പോലെ വളർത്തി പ്രായമാക്കിയതു്. ഇപ്പോൾ അതിന്റെ നന്ദി നീ കാണിക്കുന്നു. ഈ കാലത്തു നീ എന്തു സമുദായത്തിൽ പെട്ടതാണെന്നുപോലും നോക്കിയില്ല. നീ എന്തിനാണു കരയുന്നതു്? കാര്യം പറയുമ്പോൾ—

അമ്മുക്കുട്ടി:—(പൊട്ടിക്കരഞ്ഞു) അമ്മേ! ഞാൻ അതിൽ നിരപരാധിയാണ്. ഞാൻ അദ്ദേഹത്തോടൊന്നും സമ്മതിച്ചിട്ടില്ല. അദ്ദേഹം എന്തോ തെററിധരിച്ച് എനിക്ക് ഇങ്ങനെ എഴുതി എന്നേയുള്ളു. എനിക്ക് ഇതിൽ വളരെ വ്യസനമുണ്ട്.

ശ്രീദേവി:—കുഞ്ഞേ! ഞാൻ നിന്നെ കുററപ്പെടുത്തുകയല്ല. എന്റെ മകൾ ശ്രീകുമാരിയുടെ മനഃസ്ഥിതി നീ അറിഞ്ഞിരിക്കയല്ലേ? അവൾക്കു ശ്രീധരൻ ജീവനുമാണ്. അതു് അറിഞ്ഞുകൊണ്ടു നീ ശ്രീധരനുമായി ഈ വിധം കത്തെടപാടു തുടങ്ങിയതു ശരിയാണോ? നിനക്കു വേണമെങ്കിൽ വേറെനല്ലനിലയിൽ ഉള്ള ഭർത്താവിനെ ഞാൻ അന്വേഷിച്ചു തരുമല്ലോ. ആ സാധു ശ്രീകുമാരിയേ നീ എന്തിനു ദ്രോഹിക്കുന്നു?

അമ്മുക്കുട്ടി:—അമ്മാ! എനിക്കു ശ്രീകുമാരിയോടു വളരെ പ്രിയമാണു. അവളുടെ അഭ്യുദയത്തിൽ ഒരിക്കലും ഞാൻ പ്രതിബന്ധമാകയില്ല. ഇതു് എന്തോ അദ്ദേഹം തെററിധരിച്ചു എഴുതിയിരിക്കയാണ്.

ശ്രീദേവി:—ഒരിക്കലുമല്ല. നിന്റെ സൌന്ദര്യശക്തി ശ്രീധരനേ വശീകരിക്കുന്നു.

അമ്മുക്കുട്ടി—എന്റെ ശരീരം സൌന്ദര്യസമ്പൂർണ്ണമാണെങ്കിൽ ഞാൻ അതിനെ ശ്രീകുമാരിക്കുവേണ്ടീട്ടു നിമിഷംകൊണ്ടു നശിപ്പിക്കാം. അമ്മേ! എന്റെ സിരാസഞ്ചയങ്ങളിൽ കൂടെ ദ്രുതഗതിയിൽ ഓടിക്കൊണ്ടിരിക്കുന്ന രക്തം ഈ നിലയിൽ എത്തിയിട്ടുള്ളതു നിങ്ങളുടെ ചോര

കൊണ്ടാണെന്നു ഞാൻ വിസ്മരിക്കയില്ല. നന്ദിയില്ലാത്തവൾ എന്നു് അമ്മ പറഞ്ഞ മുഹൂർത്തത്തിൽതന്നെ ഞാൻ മരിച്ചു.

ശ്രീദേവി:—കുഞ്ഞേ! നീ അവിവേകി ആകരുതു്.

അമ്മുക്കുട്ടി:—അതിനല്ലല്ലോ നിങ്ങൾ ദയാമൂലം എന്നെ വിദ്യാഭ്യാസം ചെയ്യിച്ചിട്ടുള്ളതു്. പക്ഷേ ഈ സംഗതിയിൽ ——

ഈ വാചകം പൂർത്തിയാകുന്നതിനു മുൻപു ശ്രീകുമാരി അവിടെ കടന്നുവന്നു. അമ്മുക്കുട്ടിയുടെ അശ്രുപരിപൂർണ്ണമായ മുഖപത്മം അവൾ കണ്ടു.

"ആഹാ അമ്മേ! എന്തിനാണു ചേച്ചിയെ ഇങ്ങനെ കരയിപ്പിക്കുന്നതു്!"

എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് അവൾ അമ്മുക്കുട്ടിയെ ഗാഢാശ്ലേഷം ചെയ്തു. അമ്മുക്കുട്ടി വിങ്ങിവിങ്ങി കരഞ്ഞു.

ശ്രീകുമാരി:—ചേച്ചി കരയാതിരിക്കു. അമ്മേ! തീർച്ചയായും ഇതിനു നല്ല കാരണമുണ്ടു്. എന്താണു സംഗതി? ചേച്ചിയെ ഈ വിധം വ്യസനിപ്പിക്കുന്നതു കഷ്ടമാണു്.

ശ്രീദേവി:—ശ്രീകുമാരി! നീ ഈ സംഗതിയിൽനിന്നും പിൻമാറുകയാണു നന്നു്. ഞങ്ങളുടെ ഇപ്പോഴത്തെ ഈ രംഗം നിനക്കു പ്രവേശനാർഹമല്ല.

ശ്രീകുമാരി:—അമ്മയ്ക്കു തെററിപ്പോയി. ഞങ്ങൾ പരസ്പരം——

ശ്രീദേവി:—അതെനിക്കറിയാം. നിങ്ങൾ പരസ്പരം അതിരററു സ്നേഹിക്കുന്ന സഹോദരികൾ തന്നെ.

ശ്രീകുമാരി:—അപ്പോൾ ചേച്ചിയുടെ വ്യസനം എന്റെയും വ്യസനം അല്ലേ?

ശ്രീദേവി:—അതെ. അതാണു നീ ഇതിൽ ഉൾപ്പെടേണ്ടാ എന്നു ഞാൻ പറഞ്ഞതു്.

ശ്രീകുമാരി:—അതു സാദ്ധ്യമല്ല. ഞങ്ങൾ സഹൃദയത്വമുള്ള സഹോദരികളാണു്. അതുകൊണ്ടു് അമ്മ കാര്യം പറയൂ. ഇല്ലെങ്കിൽ ഈ രംഗം ഇങ്ങനെ അവസാനിക്കട്ടെ. ഞാൻ സാവധാനത്തിൽ ചേച്ചിയിൽനിന്നു ഗ്രഹിച്ചുകൊള്ളാം.

ശ്രീദേവി:—നീ വെറുതേ എന്തിനു സംശയിക്കുന്നു?

ശ്രീകുമാരി:—ഞാൻ വെറുതെ സംശയിക്കയല്ല. അമ്മ വെറുതെ ചേച്ചിയെ കുററപ്പെടുത്തി കരയിക്കുന്നു എന്നാണു് എന്റെ ബോധം.

ശ്രീദേവി:—ഞാൻ വെറുതെ കുററപ്പെടുത്തുകയോ?

ശ്രീകുമാരി:—അതെ തീർച്ചയായും വെറുതേ കുററപ്പെടുത്തുന്നു.

ശ്രീദേവി:—ദൈവമേ!

ശ്രീകുമാരി:—ആരെ വിളിച്ചാലും വേണ്ടില്ല. അമ്മ അനീതിയായ നിലയിൽ ചേച്ചിയേ കുററപ്പെടുത്തുന്നു എന്നുതന്നെ ഞാൻ പറയും. അല്ലെങ്കിൽ കാര്യം പറയണം.

ശ്രീദേവി:—ഇതേ ഈ എഴുത്തു വായിച്ചു നോക്കു. പക്ഷേ നീ വ്യസനിക്കരുതു്. അമ്മുക്കുട്ടി ഇതിൽ ഉൾപ്പെട്ടിട്ടില്ല. വെറുതേ ശ്രീധരന്റെ ഒരു വ്യാമോഹമാണു്. അതു നമുക്കു ശരിപ്പെടുത്താം.

ശ്രീകുമാരി എഴുത്തുവാങ്ങി വായിച്ചുനോക്കി. അതിൽ ഇത്രയുമേ എഴുതിയിരുന്നുള്ളു.

"പ്രിയപ്പെട്ട അമ്മു!

എനിക്കു നിന്നെ വിസ്മരിക്കാൻ കഴിയുന്നില്ല. നിന്റെ ഉപദേശം അനുസരിച്ചു ഞാൻ ശ്രമിച്ചുനോക്കി. പക്ഷെ നീ എന്റെ ഹൃദയത്തിൽ നിന്നും വിട്ടുപോകുന്നില്ല. പോകുകയുമില്ല. നീ പറയുന്നതുപോലെ ശ്രീകുമാരി സൌന്ദര്യസൌശീല്യാദി സൽഗുണങ്ങളാൽ സുശോഭിനിയായ ഒരു വധൂരത്നമാണെന്നു ഞാൻ സശിരഃകമ്പം സമ്മതിക്കുന്നു. അവൾ എന്നെ അതിരററു സ്നേഹിക്കുന്നുമുണ്ടു്. എന്നാൽ എനിക്കു അവളോടു അതിരററ ഒരു സഹോദരീവാത്സല്യമാണു തോന്നാറുള്ളതു്. പ്രിയേ! അമ്മു! ഇനിയും നീ എന്നെ ഉപേക്ഷിക്കയാണോ? എന്നാൽ എന്റെ അവസ്ഥ ഏററവും പരിതാപകരം തന്നെ. അമ്മാവൻ ശപിക്കും. അമ്മാവി കോപിക്കും. ശ്രീകുമാരിയോ അവൾ വ്യസനിക്കും. ഞാൻ എന്താണു ചെയ്യുക. അമ്മു! എന്തുതന്നെ ആയാലും എനിക്കുനിന്നെ മറക്കാൻ കഴിയുകയില്ല. ശ്രീകുമാരി ഒരു പരിശുദ്ധഹൃദയയാണെന്നു എനിക്കു നല്ലവണ്ണം അറിയാം. നമ്മുടെ പരമാർത്ഥസ്ഥിതി അവൾ അറി

ഞാൽ നമ്മെ അവൾ അനുമോദിക്കുമെന്നാണ് എൻെറ വിശ്വാസം. എൻെറ പ്രിയപ്പെട്ട അമ്മു! നീ എന്നെ നിരാശപ്പെടുത്തരുതേ. ദൈവം നിന്നെ അനുഗ്രഹിക്കും.

സ്വന്തം

ശ്രീധരൻ (ഒപ്പ്)"

എഴുത്തു വായിച്ചുകൊണ്ടു നിന്ന ശ്രീകുമാരിയുടെ മുഖത്തു ചില സ്വേദബിന്ദുക്കൾ പൊടിച്ചുപൊങ്ങിവരുന്നതു് അമ്മുക്കുട്ടി കണ്ടു. അവളുടെ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും ഉൽഭൂതമായ ഒരു ദീർഘനിശ്വാസപരമ്പര ആ മുറിയിലുള്ള വായുവിനെ അത്യുഷ്ണമാക്കുന്നുണ്ടെന്നും അമ്മുക്കുട്ടിക്കു തോന്നി. അമ്മുക്കുട്ടിയുടെ ഹൃദയം ശക്തിമത്തായി അടിച്ചു. അവൾ തന്നത്താൻ കൈകൊണ്ടു അമർത്തി പിടിച്ചു. അവൾ ഒരു ഭിത്തിയിലേക്കു ചാരിനിന്നു. ലോകം മുഴുവൻ കറങ്ങുന്നതായി അവൾക്കു തോന്നി. എഴുത്തുവായിച്ചുതീർന്നപ്പോൾ ശ്രീകുമാരി പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു.

ശ്രീകുമാരി:—കൊള്ളാം! ഇതിനാണോ അമ്മ ലഹളക്കൂട്ടിയതു്? ശ്രീധരൻചേട്ടനെ ഞാൻ ഉപേക്ഷിച്ച കഥ അമ്മയ്ക്കു് അറിഞ്ഞുകൂടയോ? അദ്ദേഹം ഇക്കുറി ബി. എല്ലിനു ചേരാൻ മദ്രാസിലേക്കു പോയപ്പോൾ ഞാൻ എൻെറ അഭിപ്രായം അദ്ദേഹത്തിനോടു നേരിട്ടു പറഞ്ഞു. എനിക്കു് അദ്ദേഹത്തിനെ ഒരു ഭർത്താവിൻെറ നിലയിൽ സ്നേഹിക്കാൻ കഴിയുന്നില്ല. ഇതു് അമ്മയോടു ഞാൻ ഇതിനു മുൻപു പറഞ്ഞില്ല, ഇല്ലേ? അദ്ദേഹം എന്നോടു പലതും പറഞ്ഞു. ഞാൻ ഉപേക്ഷിക്കയാണു ചെയ്തതു്. അതുകൊണ്ടു അദ്ദേഹത്തിനു ഒരു ഭാര്യ അവശ്യമല്ലേ? അതിനു ചേച്ചി കൊള്ളാം.

എന്തോ അസ്ഫുടമായ ദീനപ്രലാപത്തോടുകൂടി അമ്മുക്കുട്ടി നിലംപതിച്ചു. ശ്രീകുമാരി "ചേച്ചി!" എന്നു നിലവിളിച്ചുകൊണ്ടു അവളെ താങ്ങി മടിയിൽ കിടത്തി. അമ്മുക്കുട്ടിക്കു ബോധമില്ലായിരുന്നു.

ii

മണിക്കൂർ പലതു കഴിഞ്ഞു. അമ്മുക്കുട്ടിയുടെ മുറിയിൽ അവളും ശ്രീകുമാരിയും മാത്രം ശേഷിച്ചു. അമ്മുക്കുട്ടി സാവധാനത്തിൽ പറഞ്ഞു:

അമ്മുക്കുട്ടി—അനിയത്തീ! ഒരു സൽഗുണപരീക്ഷയിൽ "ഞാനോ നീയോ" മുൻപു് എന്നു് അനിയത്തി മനനം ചെയ്യുകയാണു് ഇല്ലേ?

ശ്രീകുമാരി—(അമ്മുക്കുട്ടിയേ തലോടിക്കൊണ്ടു) ഇതാരു പറഞ്ഞു? ചേച്ചി സ്വസ്ഥമായിട്ടു കിടക്കു. സദാ ആനന്ദം നൃത്തം ചെയ്തുകൊണ്ടിരുന്ന ചേച്ചിയുടെ മുഖം ഇങ്ങനെ വിളറിക്കാണുന്നതു എനിക്കു സങ്കടമാണു്.

അമ്മുക്കുട്ടി—(ശ്രീകുമാരിയെ മാറോടണച്ചുകൊണ്ടു്) അനിയത്തിയുടെ മുഖവും വിളറിയാണു ഞാൻ കാണുന്നതു്.

ശ്രീകുമാരി—ചേച്ചിയുടെ സങ്കടാവസ്ഥ എന്നെ വിഷണ്ണയാക്കി.

അമ്മുക്കുട്ടി—എനിക്കു എന്താണു സങ്കടാവസ്ഥ! പക്ഷേ ശ്രീധരൻചേട്ടൻ എന്നെ തെററിധരിച്ചിരിക്കയാണു്. അതുനിമിത്തം ഞാൻ നന്ദിയില്ലാത്തവൾ എന്നു് അമ്മ അനുമാനിച്ചു. അനിയത്തീ! ഞാൻ വെറും അനാഥയല്ലേ! ഞാൻ ഈ ഉന്നതപദവി എല്ലാം അനുഭവിക്കുന്നതു അമ്മയുടെയും മററും കരുണകൊണ്ടാണെന്നു് ആർക്കുതന്നെ അറിഞ്ഞുകൂടാ! ഈ നിലയിൽ ശ്രീധരൻചേട്ടനെ ഞാൻ സ്നേഹിക്കുമോ?

ശ്രീകുമാരി—(അമ്മുക്കുട്ടിയെ മുറുകെ ആലിംഗനം ചെയ്തുകൊണ്ടു്) സ്നേഹിക്കണം. അതിനുവേണ്ട സകല സൗഭാഗ്യവും ചേച്ചിയ്ക്കുണ്ടു്.

അമ്മുക്കുട്ടി—അയ്യോ! പാടില്ല. അനിയത്തീ! ശ്രീധരൻചേട്ടനെ ഉപേക്ഷിക്കരുതേ.

ശ്രീകുമാരി—ഞാൻ അദ്ദേഹത്തെ സ്വീകരിച്ചിട്ടുവേണ്ടേ ഉപേക്ഷിക്കാൻ. ചേച്ചീ! പരമാർത്ഥമായി ഞാൻ അദ്ദേഹത്തെ അനുരാഗപൂർവ്വം സ്നേഹിക്കുന്നില്ല.

അമ്മുക്കുട്ടി—അയ്യോ! ഒരിക്കലും അങ്ങനെ പറയരുതെ. അനിയത്തിയുടെ ഈ പരിശുദ്ധഹൃദയം മുഴുവൻ ശ്രീധരൻചേട്ടനോടുള്ള പ്രേമംകൊണ്ടു നിറഞ്ഞിരിക്കയാണെന്നു ഞാൻ കാണുന്നുണ്ടു്. പക്ഷേ ഇപ്പോൾ എൻെറയോ ശ്രീധരൻചേട്ടൻെറയോ അല്ലെങ്കിൽ ഞങ്ങ

ൾ രണ്ടുപേരുടെയുമോ സൌഖ്യത്തിനുവേണ്ടി അനിയത്തി ത്യാഗിയാകുന്നു. അതു പാടില്ല. ഞാൻ ശ്രീധരൻചേട്ടനെ സ്നേഹിക്കുന്നില്ല.

ശ്രീകുമാരി അമ്മുക്കുട്ടിയെ ചുംബനംചെയ്തു. അവളുടെ പവിഴാധരം കനൽക്കട്ടപോലെ പൊള്ളുന്നതാണെന്ന് അമ്മുക്കുട്ടിക്കു തോന്നി. തേജോമയമായ അവളുടെ കണ്ണുകളിൽനിന്നും രണ്ടുമൂന്നു കണ്ണുനീർതുള്ളികൾ അമ്മുക്കുട്ടിയുടെ മുഖത്തു പതിച്ചതു കത്തിജ്വലിക്കുന്ന തീവെട്ടികളിൽനിന്നു ഇററിററു വീഴുന്ന എണ്ണത്തുള്ളികളെപ്പോലെ അത്യുഷ്ണമുള്ളതായിരുന്നു. എങ്കിലും ശ്രീകുമാരി പുഞ്ചിരി തൂകിക്കൊണ്ടു ഇങ്ങനെ പറഞ്ഞു:

ശ്രീകുമാരി—ചേച്ചി! ഈ ജന്മം ഞാൻ ശ്രീധരൻചേട്ടനെ ഭർത്താവായി സ്വീകരിക്കയില്ല; എന്നാൽ നിങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുന്നതുപോലെതന്നെ അദ്ദേഹത്തെ ഭർത്താവായി സ്വീകരിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

അമ്മുക്കുട്ടി—അനിയത്തി! ഇതിൽ ഭേദം ഒരു പേനാക്കത്തികൊണ്ടു എന്നെ കുത്തിക്കൊല്ലു. അഹാ! ഞാൻ മരിച്ചെങ്കിൽ എത്ര നന്നായിരുന്നു.

ശ്രീകുമാരി—ആ വഴി എനിക്കു അടച്ചിട്ടുള്ളതാണോ? ചേച്ചി! വെറുതെ കാടുപടലുകൾ നിറഞ്ഞ ഈ വിചാരങ്ങളെല്ലാം കളഞ്ഞിട്ടു ഈ സംഗതിയിൽ ഞാൻ പറയുന്നതു കേൾക്കണം.

അമ്മുക്കുട്ടി—ഞാൻ പറയുന്നതാണ് അനിയത്തി കേൾക്കേണ്ടതു്.

ശ്രീകുമാരി—അതു ഞാൻ സമ്മതിക്കുന്നു. പക്ഷെ അതു ഈ സംഗതിയിലല്ല.

അമ്മുക്കുട്ടി—ഞാൻ മരിക്കും.

ശ്രീകുമാരി—ശ്രീധരൻചേട്ടന്റെ ഹൃദയം തപിച്ചു് അദ്ദേഹം ഭ്രാന്തനാകും. നിങ്ങൾ മൂലം മറെറാരു ജീവിയെക്കൂടി നഷ്ടപ്പെടുത്തുകയോ? ഇഹത്തിലും പരത്തിലും ഗതിയില്ലാത്ത വഴികൾ ആലോചിക്കരുതു്.

അമ്മുക്കുട്ടി—ശ്രീധരൻചേട്ടനെ അനിയത്തി കൈക്കൊള്ളണം. അതാണു ന്യായം.

ശ്രീകുമാരി—അതു കേവലം സ്വപ്നസങ്കല്പമാണ്. എന്നെക്കൊണ്ടതു സാധിക്കയില്ല.

അമ്മുക്കുട്ടി—എന്റെ ജനനം അനിയത്തിയുടെ സുഖത്തെ ഹനിക്കുന്നതിനാണോ?

ശ്രീകുമാരി—അതുതന്നെയാണു ഞാനും പറയുന്നതു്. എന്റെ ജനനം തീർച്ചയായും ചേച്ചിയെ സങ്കടാവസ്ഥയിൽ ആക്കുന്നതിനുള്ള ഒന്നല്ല.

അമ്മുക്കുട്ടി—വിവേകം മനുഷ്യർക്ക് അത്യന്താപേക്ഷിതമായ ഒന്നാണെങ്കിലും ചിലപ്പോൾ അതു അനാവശ്യമാണെന്നു തോന്നിപ്പോകുന്നു.

ശ്രീകുമാരി വാസ്തവം. അതാണല്ലോ സരസനായ ഒരു കവി ഇങ്ങനെ പാടിയിരിക്കുന്നതു്.

"സൽകീർത്തിക്കായ് വലഞ്ഞും പലപല വല്യതാം ജോലിയാന്നും മഹാന്മാർ
വാഴ്ത്തും ലോകാപവാദാൽ ഭയമൊടുമനിശം പാർത്തിടുന്നാർത്തിയോടേ
സൽകർമ്മം ദുഷ്ടകർമ്മം ദ്വയമതിലിളകിടാതേയും ബോധമെന്യേ
യുക്തായുക്തങ്ങളോർക്കാതെയുമമരുമൊരപ്രാകൃതൻതന്നെ ധന്യൻ"

അമ്മുക്കുട്ടി നിശ്ശബ്ദമായി അശ്രുവർഷം ചെയ്തുകൊണ്ടു കിടന്നു. ശ്രീകുമാരി ഗീതാദ്ധ്യയനത്തിൽ ഏർപ്പെട്ടു.

## iii

അടുത്ത അരുണോദയം തീരെ ഉന്മേഷകരമായിരുന്നില്ല. കാർമേഘാവരണം പൊതിച്ചുകൊണ്ടു ചിലപ്പോൾ ഭാസ്കരദേവൻ അരംഗത്തേയ്ക്കു് അല്പാല്പമായി പ്രവേശിക്കാറുണ്ടായിരുന്നെങ്കിലും അടുത്ത നിമിഷത്തിൽ കാർകൊണ്ടു കറുത്തിരുണ്ട കനത്ത പട്ടുതാസ്സുകളിൽ മറയേണ്ടതായും വന്നു. ഞാനോ നീയോ എന്നുള്ള മത്സരപരീക്ഷ സൂര്യനും കാർമേഘവുമായി പലകുറി നടന്നു എങ്കിലും ഒടുവിൽ അടിക്കടി വന്നണഞ്ഞ കൊഴുത്തുതടിച്ച കാളിമയാർന്ന മേഘപടലം വിജയപതാക നാട്ടി ഗർജ്ജനം തുടങ്ങി. "ഒന്നുകിൽ അതിവർഷം തുടങ്ങട്ടെ അല്ലെങ്കിൽ മഴ ഇല്ലാതിരിക്കട്ടെ. നാശംപിടിച്ച ഈ "ചിനിചിനിത്ത"മഴ രാവി

ലെ ഒന്നിനും സമ്മതിക്കുന്നില്ലല്ലോ" എന്നു സകല ജീവജാലങ്ങളും ഒരുപോലെ പരാതിപറഞ്ഞു. ചില "കുംഭകർണ്ണ"സേവാസക്തന്മാർമാത്രം കിട്ടിയതരം കളയണ്ട എന്നു വിചാരിച്ചു പുതപ്പു് ഒന്നുകൂടി വലിച്ചുമൂടി വീണ്ടും ഒരു സുഖശയനത്തിനു വട്ടംകൂട്ടി.

ആ പ്രഭാതത്തിനുണ്ടായ ഈ വക ന്യൂനതകളൊന്നും ശ്രീദേവി വകവെയ്ക്കാതെ അവൾ പതിവുപോലെ ഉറക്കമുണർന്ന് അവളുടെ ഭർത്താവായ ശ്രീഹർഷൻറെ ഉറക്കറയിലേക്കു കടന്നുചെന്നു. അവൾ "അയ്യോ!" എന്നു നിലവിളിച്ചു ബോധംകെട്ടു നിലംപതിച്ചു. നിലവിളികേട്ടു് ഓടിയെത്തിയ ശ്രീകുമാരിയും വാവിട്ടു കരയുകതന്നെ ചെയ്തു. നിമിഷംകൊണ്ടു പാഞ്ഞുവന്ന വാല്യക്കാരെല്ലാം ഏകസ്വരത്തിൽ മുറവിളികൂട്ടി. എന്തു കാര്യമാണു് ഇവരെയെല്ലാം ഒരുപോലെ സന്തപ്തഹൃദയരാക്കിതീർത്തിരിക്കുന്നതു്? അഹോ! ഭയങ്കരം!! ഭയങ്കരം!!! നല്ലൊരു വ്യവസായപ്രിയനും കാര്യസ്ഥനും നാട്ടുകാർക്കു് എല്ലാം വലിയ ഉപകാരിയുമായിരുന്ന ആ ശ്രീഹർഷൻ അതാ വെടി ഏററു രക്താഭിഷിക്തനായി മരിച്ചുകിടക്കുന്നു. ദൈവമേ! ആരാണു് ഈ കടുംകൈ ചെയ്തതു്? അഹാ! അതാ സമീപത്തുതന്നെ ഒരു കൈത്തോക്കും കിടക്കുന്നല്ലോ. അയ്യോ! ഇതു ആത്മഹത്യയോ? ഈശ്വരാ! ഇഹത്തിലും പരത്തിലും ഗതിയില്ലാത്ത ഈ പാതകം ചെയ്യത്തക്ക ആളല്ലല്ലോ ശ്രീഹർഷൻ. അയാൾക്കു് ആത്മഹത്യക്കു് എന്തു് ആവശ്യമാണു നേരിട്ടതു്? അവിചാരിതസംഭവങ്ങൾ മനുഷ്യഹൃദയത്തെ ചിലപ്പോൾ അത്യുഗ്രമായി ചലിപ്പിക്കുക സഹജമാണു്. പക്ഷെ ശ്രീഹർഷൻ ആ വിധമൊന്നും ഇളകുക സാധാരണയല്ല. അസാധാരണമായ വല്ല അവിചാരിതസംഭവങ്ങളും ശ്രീഹർഷനെ ഈ ദുഷ്കൃത്യത്തിലേക്കു പ്രേരിപ്പിച്ചു എന്നു വരാമോ? ആവോ! ആർക്കറിയാം? ഏതായാലും കാര്യം ഏററവും ഭയങ്കരംതന്നെ.

ഘോരാരവത്തോടുകൂടി അതിവർഷം തുടങ്ങി. അതിനേയും ഭേദിച്ചുകൊണ്ടു് ഈ ഭയങ്കരവാർത്ത ആ നാടെല്ലാം പരന്നു. നാട്ടുകാരെല്ലാം കൂട്ടമായി ഓടിയെത്തി. വന്നവരെല്ലാം ഈ മാതിരിയുള്ള വിവിധചിന്തകളിൽ മുഴുകി വ്യസനാക്രാന്തരാകുകതന്നെ ചെയ്തു.

ഈ ബഹളമൊക്കെയായിട്ടും അമ്മുക്കുട്ടി അവളുടെ ഉറക്കമുറിയിൽനിന്നും വെളിയിൽ വരാത്തതു് എന്താണെന്നുവിചാരിച്ചു് ഒരു വാല്യക്കാരി ആ മുറിയിൽ കയറിനോക്കി. അമ്മുക്കുട്ടിയെ അവിടെ കണ്ടില്ല പലടത്തും. അന്വേഷിച്ചു. എങ്ങും അവളെ കാണ്മാൻകഴിഞ്ഞില്ല. വിവരം എല്ലാവരും അറിഞ്ഞു. അവൾ എവിടെ പോയിരിക്കും? എന്നു ഓരോരുത്തരും ചിന്തതുടങ്ങി. ശ്രീഹർഷൻറെ ആത്മഹത്യ, അമ്മുക്കുട്ടിയുടെ വേർപാടു്, എന്താണു് ഇതിൻറെ അർത്ഥം? എല്ലാവരും അത്ഭുതപരതന്ത്രരായിത്തീർന്നു.

സന്താപസമുദ്രത്തിലെ ഊക്കൻതിരമാലകളുടെ അത്യുഗ്രമായ അടി ഏററു കേവലം ജീവച്ഛവമായിത്തീർന്നിരിക്കുന്ന ശ്രീകുമാരി, അമ്മുക്കുട്ടിയുടെ വേർപാടു കേട്ടനിമിഷത്തിൽ അത്യധികം പരിഭ്രമത്തോടുകൂടി അമ്മുക്കുട്ടിയുടെ മുറിയിലേക്കു പാഞ്ഞുപോയി. അവൾ ആ മുറി മുഴുവൻ പരിശോധിച്ചു. ഒരു മേശപ്പുറത്തു "ശ്രീമതി ശ്രീകുമാരിഅമ്മ അവർകൾക്കു" എന്ന മേൽവിലാസത്തിൽ ഒരു എഴുത്തു കിടന്നിരുന്നതു അവളുടെ ദൃഷ്ടിയിൽപതിഞ്ഞു. "അഹാ! ഈശ്വരാ! ഇങ്ങനെയുമോ? സാധു ശ്രീധരൻചേട്ടൻറെ അവസ്ഥ ഇനി എന്താണു്?" എന്നവൾ വിലപിച്ചുകൊണ്ടു് എഴുത്തുപൊട്ടിച്ചു് ഇങ്ങനെ വായിച്ചു:

"പ്രിയപ്പെട്ട സോദരി!

ഞാൻ നിന്നോടു വളരെ കിഴിഞ്ഞു് അപേക്ഷിക്കയാണു ചെയ്യുന്നതു്. നീ ശ്രീധരൻചേട്ടനെ ഉപേക്ഷിക്കരുതേ. നിങ്ങൾ ദമ്പതികളായിത്തീർന്നാൽ ഞാൻ സസന്തോഷം നിങ്ങളെ അനുമോദിക്കാൻ ഇവിടെ വന്നുചേരാം, അതുവരെ എനിക്കു് ഇവിടെ താമസിക്കാൻ കഴികയില്ല. അതെ, നിൻറെ പരിശുദ്ധഹൃദയം ശ്രീധരൻചേട്ടനോടുള്ള പ്രണയസുധകൊണ്ടു നിറഞ്ഞുകവിഞ്ഞു ഒഴുകുന്നതാണെന്നു് അറിഞ്ഞിട്ടുള്ള ഞാൻ എൻറെയോ ശ്രീധരൻചേട്ടൻറെയോ അഥവാ ഞങ്ങളുടെ രണ്ടുപേരുടെയുമോ സുഖസ്ഥിതിക്കുവേണ്ടി നീ ത്യാഗിയാകുന്നതു കണ്ടുകൊണ്ടു് എങ്ങനെയാണു ജീവിക്കുക? പ്രിയപ്പെട്ട സോദരീ അതു പാടില്ല. ഞാൻ ഇല്ലെങ്കിൽ ശ്രീധരൻചേട്ടനു നിന്നെ സ്നേഹിക്കാൻ കഴിയും. നിങ്ങൾ ദമ്പതികളുടെ സ്വൈരജീവിതമാണു് എനിക്കു് ആനന്ദകരം. അടുത്ത

പോലെ ആ വിധമൊരു മംഗളകരമായ ഭാവിജീവിതം നിങ്ങൾക്കു ഭവിക്കാൻ ഞാൻ പ്രതിനിമിഷം ആ കരുണയേറിയ ദൈവത്തോടു പ്രാൎത്ഥിക്കുന്നു. പ്രിയപ്പെട്ട സോദരി! ആ ഭാഗ്യപരിപൂൎണ്ണാവസ്ഥയിൽ ഞാൻ നിങ്ങളെ എല്ലാം വന്നുകണ്ടുകൊള്ളാം. നിങ്ങളുടെയെല്ലാം വിലയേറിയ കരുണകൊണ്ടുമാത്രം ജീവിച്ചിട്ടുള്ള ഞാൻ ഒരിക്കലും നിങ്ങൾക്കു ആക്കം സങ്കടം ഉള്ള വാക്കത്തക്കനിലയിൽ ജീവിക്കയില്ലെന്ന് അമ്മയോടും അഛനോടും പറയണേ. നന്ദി ഇല്ലാത്തവൾ എന്ന് അമ്മ വിധിഎഴുതി. അനിയത്തീ! നീ എങ്കിലും എന്നെപ്പററി ആ വിധം വിചാരിക്കരുതേ. എൻെറ ഈ വേർപാടിനു അനിയത്തി എനിക്കു മാപ്പു തരികയും അഛനോടും അമ്മയോടും പ്രത്യേകം ശുപാൎശചെയ്തു അവരുടെ മാപ്പുകൂടി വാങ്ങിത്തരികയും ചെയ്യണമെന്നു ഞാൻ സവിനയം അപേക്ഷിക്കുന്നു.

അമ്മുക്കുട്ടി (ഒപ്പു)"

ശ്രീകുമാരി എഴുത്തു വായിച്ചുതീൎന്നതും പോലീസ്സ് അധികാരികൾ വന്നുചേൎന്നതും ഒന്നിച്ചായിരുന്നു. അവർ മുറപ്രകാരമുള്ള വിചാരണകൾ എല്ലാം തുടങ്ങി. ശ്രീദേവി, ശ്രീകുമാരി, വാല്യക്കാർ, ഇവരോടെല്ലാം അവർ തിരിച്ചും മറിച്ചും പലമാതിരി ചോദ്യങ്ങൾ ചോദിച്ചു. അമ്മുക്കുട്ടിയുടെ വേർപാടിനെപ്പററി അവൎക്കു പല സംശയങ്ങളും ഉൽഭൂതമായി. ശ്രീഹൎഷൻെറ മൃതശരീരത്തിൽ വെടിയേററ ഭാഗത്തുള്ള മുറിവുകളെ പരിശോധിച്ചതിൻെറശേഷം "ഇതു തീച്ചയായും തന്നത്താൻ പ്രയോഗിച്ച വെടിയുടെ പാടല്ല. ആരോ മനഃപൂൎവ്വമായി വെടിവെച്ചതാണ്. ആ ആൾ ആത്മഹത്യയാണെന്നു ശേഷംപേർ അനുമാനിച്ചുകൊള്ളുവാൻ വേണ്ടി തോക്കുകൂടി സമീപത്തു നിക്ഷേപിച്ചു." എന്ന് ഒരു "വെടിവിദഗ്ദ്ധൻ" അഭിപ്രായപ്പെട്ടു. "അതെ വാസ്തവംതന്നെ. ആ അമ്മുക്കുട്ടിയമ്മയെ പിടികൂടേണ്ടിയിരിക്കുന്നു. ശ്രീഹൎഷൻെറ മരണത്തിനും അമ്മുക്കുട്ടിയുടെ ഈ തിരോധാനത്തിനും തമ്മിൽ ചില സംബന്ധങ്ങളെല്ലാം ഉണ്ട്." എന്നിങ്ങനെ പോലീസ്സ് ഇൻസ്പെക്ടർ സ്വാഭിപ്രായം പ്രസിദ്ധീകരിച്ചു. ഇതു കേട്ടു ശ്രീകുമാരി മുന്നോട്ടു വന്ന് ഇങ്ങനെ പറഞ്ഞു.

ശ്രീകുമാരി:—നിങ്ങൾക്കു തെററിപ്പോയി. അമ്മുക്കുട്ടിയമ്മ ഒരിക്കലും ഒരു നീചയല്ല. അഛൻെറ മരണത്തിനും അമ്മുക്കുട്ടിയമ്മയുടെ വിയോഗത്തിനും പരസ്പര സംബന്ധമില്ലെന്നുള്ളതാണു പരമാൎത്ഥം.

ഇൻസ്പെ:—നിങ്ങൾ സ്ത്രീലോകത്തെപ്പററി എന്തറിയുന്നു? നിങ്ങൾക്ക് ഇതു തെളിയിക്കാൻ കഴിയുമോ?

ശ്രീകുമാരി:— ഞാൻ പരമാൎത്ഥമാണു പറഞ്ഞതു്.

ഇൻസ്പെ:—കേവലം പറച്ചിലുകൊണ്ടു വിശേഷമൊന്നുമില്ല. അമ്മുക്കുട്ടിയമ്മ എന്തിനാണ് ഈ വിധം അപ്രത്യക്ഷയായതു്? അതു തെളിയുമ്പോൾ ഈ കൊലപാതകവും തെളിവിൽ വരും. ആരവിടെ? മൂന്നുനാലുപേർ പോയി അമ്മുക്കുട്ടിയമ്മയെ എവിടെ നിന്നെങ്കിലും ഉടൻ പിടിച്ചുകൊണ്ടു വരണം. ഇതു കൊലക്കേസാണ്. കാൎയ്യങ്ങൾ ഊൎജ്ജിതമായിരിക്കട്ടെ.

മൂന്നുനാലു വീരന്മാരായ ശിപായിമാർ നാലുവഴിക്കും പാഞ്ഞുപോയി. ശ്രീകുമാരി അശ്രുവൎഷത്തോടുകൂടി പറഞ്ഞു. "ചേച്ചി ഇതിൽ നിരപരാധിയാണ്. കൊലപാതകമാണെന്നു സംശയമുണ്ടെങ്കിൽ നിങ്ങൾ വേറെവിധം അന്വേഷിക്കണം. ചേച്ചി അതിക്രൂരവും നീചവുമായ ഈമാതിരി കൃത്യങ്ങളിൽ ഉൾപ്പെടുകയില്ല.

ഇൻസ്പെ:—വെറുതെ നിങ്ങൾ സംസാരിക്കണ്ട. അവരുടെ അപ്രത്യക്ഷതയെപ്പററി നിങ്ങൾക്കു വല്ല തെളിവും തരാൻ കഴിയുമോ? അവർ എന്തിനാണു കഴിഞ്ഞ രാത്രി ഇവിടം വിട്ടതു്?

(തുടരും)